# സമാധാന പോരാട്ടത്തിൽ സോവിയററ് യൂണിയൻ

947.083

# സമാധാന
# പോരാട്ടത്തിൽ
# സോവിയററ് യൂണിയൻ

PC Library & Research Center

(Malayalam)
SAMADHANAPPORATTATHIL
SOVIET UNION
First Published September 1982
Printed at Janatha Press, Madras—600 014
Price Rs. 4,00
Rights Reserved
Publishers:
Prabhatham Printing & Publishing Co. (P) Ltd.
Trivandrum-695 024, Kerala, India
Sales Department:
PRABHATH BOOK HOUSE
Trivandrum—Quilon—Alleppey—Ernakulam
Eloor—Trichur—Palghat—Calicut—Cannanore

# സമാധാന
# പോരാട്ടത്തിൽ
# സോവിയററ് യൂണിയൻ

3781
PC Library & Research Center

പ്രസാധകർ :
പ്രഭാതം പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി
പ്രൈവററ് ലിമിററഡ്

---

പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം

വില : 4.00

947.083

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | ... | 5 |
| നിരായുധീകരണത്തെ അധികരിച്ചുള്ള, ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ പ്രത്യേക സമ്മേളനത്തിന് ബ്രെഷ്നേവിൻെറ സന്ദേശം | ... | 9 |
| എ. എ. ഗ്രോമിക്കോവിൻെറ പ്രസംഗം ഐക്യരാഷ്ട്ര നിരായുധീകരണ സമ്മേളനത്തിൽ | ... | 17 |
| യുവ കമ്മ്യൂണിസ്റ്റ് ലീഗിൻെറ 19-ാം കോൺഗ്രസ്സിൽ ലിയനിദ് ബ്രെഷ്നേവ് ചെയ്ത പ്രസംഗം | ... | 31 |
| അദ്ധ്വാനിക്കുന്ന ജനങ്ങളെക്കുറിച്ചും ഉൽപാദനത്തെക്കുറിച്ചുമുള്ള വ്യഗ്രത, ട്രേഡ്‌യൂണിയനുകളുടെ മുഖ്യ ധർമ്മം — 17-ാം ട്രേഡ്‌യൂണിയൻ കോൺഗ്രസ്സിൽ ലിയനിദ് ബ്രെഷ്നേവിൻെറ പ്രസംഗം | ... | 43 |
| ''നൂക്ലിയർ യുദ്ധഭീഷണി നീക്കം ചെയ്യുക'' — ദിമിത്രി ഉസ്തിനോവ് | ... | 74 |
| ''പ്രാവ്ദ''യുടെ ചോദ്യങ്ങൾക്ക് ലിയനിദ് ബ്രെഷ്നേവിൻെറ മറുപടി | ... | 85 |
| ആയുധപ്പന്തയം അവസാനിപ്പിക്കുക | ... | 90 |
| നൂക്ലിയർ രഹിത യൂറോപ്പിന്ന് വേണ്ടി | ... | 93 |

# ആമുഖം

ഈ ലഘുപുസ്തകത്തിൻെറ പ്രസിദ്ധീകരണം വളരെ സമയോചിതമായിരിക്കുന്നു. സോവിയററ് പ്രസിഡണ്ട് എൽ. ഐ. ബ്രെഷ്നേവ് ഐക്യരാഷ്ട്രസഭയുടെ രണ്ടാം പ്രത്യേക നിരായുധീകരണ സമ്മേളനത്തിന്നയച്ച സന്ദേശവും വിനാശകരമായ നൂക്ലിയർ യുദ്ധത്തിൻെറ ഭീഷണിയെപ്പററി സോവിയററ് പ്രതിരോധമന്ത്രി ദ്മിത്രി ഉസ്തിനോവ് എഴുതിയ ലേഖനവും മററു ചില പ്രസക്ത ലേഖനങ്ങളുമാണ് ഇതിലുള്ളത്.

അമേരിക്കൻ പ്രസിഡണ്ട് റീഗൻ നൂക്ലിയറായുധപ്പന്തയത്തിൽ വ്യാപൃതനായിരിക്കുകയാണ്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ സൈനികസംഘട്ടനങ്ങൾ ഇളക്കിവിടുന്നു അദ്ദേഹം. തൻെറ പിന്തിരിപ്പൻ ആഗോള യുദ്ധതന്ത്രത്തിലേക്ക് സ്വതന്ത്രരാജ്യങ്ങളെ ഭയപ്പെടുത്തി വശീകരിക്കുവാൻ ശ്രമിക്കുന്നു അദ്ദേഹം. നൂക്ലിയറായുധപ്പന്തയത്തിന്നറുതി വരുത്തുവാനും മനുഷ്യസമുദായത്തിൻെറ ഭാവിയെതന്നെ അപകടത്തിലാക്കുംവിധമുള്ള ഒരു തെർമോ നൂക്ലിയർ യുദ്ധത്തിൽനിന്നു ലോകത്തെ രക്ഷിക്കുവാനും സോവിയററ് നേതൃത്വം മുൻവെച്ച പല നിർദ്ദേശങ്ങളേയും ചെവിക്കൊള്ളുവാൻ അദ്ദേഹം കൂട്ടാക്കുന്നില്ല. ഒന്നാമതായി നൂക്ലിയറായുധാക്രമണം നടത്തുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുവാൻ പ്രസിഡണ്ട് ബ്രെഷ്നേവ് വെച്ച നിർദ്ദേശംപോലും അദ്ദേഹം തള്ളിക്കളഞ്ഞു. മറുവശത്ത്, സോവിയററ് യൂണിയൻേറയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയുംമേൽ പെട്ടെന്ന് നൂക്ലിയറായുധാക്രമണം നടത്തുവാൻ തയ്യാറെടു

ത്തുവരികയാണ്ണ് അമേരിക്കൻ സൈനിക നേതൃത്വമായ പെൻറഗൺ ചെയ്യുന്നത്. അവർ തങ്ങളുടെ പൈശാചിക പദ്ധതികൾക്ക് കൂട്ടുനിൽക്കുവാൻ കൂട്ടാക്കാത്ത രാജ്യങ്ങളിലെ മുഴുവൻ ജനങ്ങളേയും ഉൻമൂലനാശം ചെയ്യുന്നതിന്ന് വിഷാണു-രാസായുധങ്ങൾ നിർമ്മിച്ചുകൊണ്ട് തങ്ങൾകൂടി ഒപ്പുവെച്ച ഐക്യരാഷ്ട്ര ഉടമ്പടിയെ ലംഘിക്കുകയും ചെയ്യുന്നു.

എന്നുവെച്ച്, എല്ലാ അവസരവും നഷ്ടപ്പെട്ടുവെന്നോ യുദ്ധക്കൊതിയൻമാർക്ക് തങ്ങളുടെ ഭ്രാന്തൻ പദ്ധതികളുമായി നിർബ്ബാധം മുന്നോട്ടു പോകാൻ കഴിയുമെന്നോ ഇതിന്നർത്ഥമില്ല. ഇന്ന് ലോകസമാധാനശക്തികൾ ഐക്യപ്പെട്ടു നിന്നാൽ അവർ ഈ യുദ്ധഭ്രാന്തൻമാരെ കടിഞ്ഞാണിട്ടു നിർത്തുവാൻ മാത്രം ശക്തരാണെന്ന് നമുക്ക് പറയുവാൻ കഴിയും. പ്രതാപശാലിയായ സോവിയററു യൂണിയൻെറ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റു രാഷ്ട്ര സമുച്ചയമുണ്ട്; ഇന്ത്യയെപോലുള്ള സമാധാനകാംക്ഷികളായ ഒട്ടനേകം രാജ്യങ്ങളുണ്ട്. പള്ളി ഭാരവാഹികൾപോലും ഉൾക്കൊള്ളുന്ന സുവിശാലമായ ഒരു സമാധാനപ്രസ്ഥാനമുണ്ട്. പാശ്ചാത്യരാജ്യങ്ങളിലെ ഭരണവൃത്തങ്ങളിൽതന്നെ നൂക്ലിയർ യുദ്ധത്തെ ഭയപ്പെടുന്ന വിഭാഗങ്ങളുണ്ട്. രചനാത്മകങ്ങളായ സോവിയററു സമാധാന നിർദ്ദേശങ്ങൾ ലോകമെമ്പാടും സ്വാഗതംചെയ്യപ്പെടുന്നു. സോവിയററ് പ്രതിരോധ മന്ത്രി ഉസ്തിനോവ് ലോകസമാധാനശക്തികൾക്ക് വിശ്വാസം നൽകുമാററ് ഈ കാര്യങ്ങളെല്ലാം പ്രസ്താവിക്കവേ, ഇനി റീഗൻ സർക്കാറിൻെറ നൂക്ലിയർ യുദ്ധംകൊണ്ടു ചൂതാടാൻ തന്നെയാണ്ണ് ഭാവമെങ്കിൽ അവർ അതിന്നുള്ള ശിക്ഷയനുഭവിക്കേണ്ടിവരുമെന്ന് ദൃഢസ്വരത്തിൽ പ്രസ്താവിച്ചു. നൂക്ലിയർ ആക്രമണത്തെ അതേ നാണയത്തിൽ തിരിച്ചുകൊടുക്കുവാനുള്ള കരുക്കൾ സോവിയററു യൂണിയൻെറ വശമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

നമ്മുടെ രാജ്യം എന്നും ലോകസമാധാനത്തെ സുദൃഢം പിന്താങ്ങുകയും മൂന്നാം ലോകത്തിലെ സാമ്രാജ്യത്വാധിപത്യത്തെ എതിർക്കുകയും ചെയ്തിട്ടുണ്ടെന്നത് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ അത് അമേരിക്കൻ സാമ്രാജ്യവാദികളുടെ നോട്ടപ്പുള്ളിയുമാണ്. റീഗൻ സർക്കാർ ഇന്ന് സിയാവുൽ ഹക്കിൻെറ പട്ടാളഭരണത്തെ നഖശിഖാന്തം ആയുധമണിയിച്ചുകൊണ്ടിരിക്കുന്നു. അതോടൊന്നിച്ചു ചൈനീസ് നേതൃത്വവും നമ്മുടെ രാജ്യത്തിൻെറ സുരക്ഷിതത്വത്തേയും അഖണ്ഡതയേയും അപകടപ്പെടുത്തുന്നു. അമേരിക്ക ദീർഘദൂരസൈനികത്താവളത്തെ ആധുനികീകരിച്ചിരിക്കുന്നു. അവർ നമ്മുടെ മേഖലയെ അപകടപ്പെടുത്തുംവിധം ഹിന്ദുമഹാസമുദ്രത്തിൽ നൂക്ലിയറായുധങ്ങളോടുകൂടി ശക്തിമത്തായ ഒരു നാവികപ്പടയെ നിർത്തിയിരിക്കുന്നു. അതിനാൽ, നമ്മുടെ രാജ്യം റീഗൻ സർക്കാറിൻെറ ഈ നികൃഷ്ട പദ്ധതികളെ പൊളിക്കുന്നതിന്ന് സോവിയററ് യൂണിയൻേറയും മററു സോഷ്യലിസ്റ്റു രാജ്യങ്ങളുടേയും കൂടെ കൂടുതൽ അടിയുറച്ചു നിൽക്കേണ്ടത് പൂർവ്വാധികം ആവശ്യമാണ് ഇന്ന്. സോവിയററു യൂണിയനുമായി കൂടുതൽ അടുത്തു നിൽക്കുന്നതുകൊണ്ടാണ് നമുക്ക് ഇന്നുള്ള ബുദ്ധിമുട്ടുകളൊക്കെ എന്ന് പറഞ്ഞ് സാമ്രാജ്യത്വാനുകൂലശക്തികൾ ജനങ്ങളെ വഴിപിഴപ്പിക്കുവാൻ വളരെ സമർത്ഥമായി ശ്രമിക്കുന്നുണ്ടെന്ന് ഇരത്തരുണത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. സോവിയററു യൂണിയനിൽനിന്നകന്നുനിന്നാൽ, അമേരിക്കയ്ക്കും ചൈനീസ് നേതൃത്വത്തിന്നും ഇന്ത്യയോടുള്ള ശത്രുത കുറയുമെന്നും നമുക്ക് സമാധാനത്തിൽ ജീവിക്കുവാൻ കഴിയുമെന്നും അവർ പറയുന്നു. ഇത് വെറുമൊരു വ്യാമോഹമാണ്. പ്രസിഡണ്ട് റീഗനും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും നടത്തിയ സംഭാഷണത്തിൻെറ ഫലം തെളിയിക്കുന്നതാണ്.

നമ്മുടെ രാജ്യത്തെ പിപ്പിടികാട്ടി വശീകരിക്കുകയാണ് അമേരിക്കൻ സാമ്രാജ്യവാദികളുടെ ലക്ഷ്യം. എന്നിട്ടു ലോകയുദ്ധത്തിന്നുള്ള തങ്ങളുടെ പദ്ധതികളിൽ ഇന്ത്യയെ പങ്കാളിയാക്കുക. അതിനാൽ നൂക്ലിയർ യുദ്ധത്തിൻെറ ഭീഷണിയെപ്പററിയും നമ്മുടെ രാജ്യത്തിൻെറ സുരക്ഷിതത്വത്തെപ്പററിയും ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയും രാജ്യത്തിൻെറ രക്ഷയ്ക്കായി അവരെ അണിനിരത്തുകയും ചെയ്യേണ്ടതാവശ്യമാണ്.

ഈ ലഘുപുസ്തകത്തിൻെറ ഉള്ളടക്കം വളരെ വിജ്ഞാനപ്രദവും ആവേശകരവുമായി, ഇന്നത്തെ സാർവ്വദേശീയസ്ഥിതിയുടെ സങ്കീർണ്ണസ്വഭാവം ഗ്രഹിക്കുവാൻ സഹായകമായി, അനുവാചകന്നു അനുഭവപ്പെടുമെന്ന് എനിക്കുറപ്പുണ്ട്.

ന്യൂഡൽഹി,
സപ്തംബർ 9, 1982.

സി. രാജേശ്വരറാവു,
ജനറൽ സിക്രട്ടരി,
ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടി.

# നിരായുധീകരണത്തെ അധികരിച്ചുള്ള, ഐക്യരാഷ്ട്ര ജനറലസംബ്ളിയുടെ പ്രത്യേക സമ്മേളനത്തിന് ബ്രെഷ്നേവിൻെറ സന്ദേശം

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ജനറൽ സെക്രട്ടറിയും, യു. എസ്. എസ്. ആർ. സുപ്രീം സോവിയററ് പ്രസീഡിയത്തിൻെറ പ്രസിഡണ്ടുമായ ലിയനിദ് ബ്രെഷ്നേവ്, നിരായുധീകരണത്തെ അധികരിച്ചുള്ള, ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ രണ്ടാം പ്രത്യേക സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു സന്ദേശമയച്ചുകൊടുത്തു. ജൂൺ 15-ാം തീയതി നടന്ന പ്ലീനറിയോഗത്തിൽ പ്രസംഗിച്ച സോവിയററ് വിദേശകാര്യമന്ത്രി ആന്ദ്രീ ഗ്രോമിക്കോ അതവിടെ വായിക്കുകയുണ്ടായി.

പ്രസ്തുത സന്ദേശം ചുവടെ ചേർക്കുന്നു:

സോവിയററ് യൂണിയൻെറ പേരിൽ, 26 കോടി 90 ലക്ഷം വരുന്ന സോവിയററ് ജനതയുടെ പേരിൽ, ഞാൻ, നിരായുധീകരണത്തെ അധികരിച്ചു വിളിച്ചുകൂട്ടപ്പെട്ടിട്ടുള്ള, ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ രണ്ടാം പ്രത്യേക സമ്മേളനത്തെ അഭിസംബോധനം ചെയ്യുകയാണ്.

ഉത്തരവാദിത്തപൂർണ്ണമായ വൻപിച്ച കടമകളെയാണ് സമ്മേളനം അഭിമുഖീകരിക്കുന്നത്. അതി

പ്രാധാന്യമുള്ള പല വിഷയങ്ങളും അതിന്റെ കാര്യപരിപാടിയിൽ പെടുന്നു.

എന്നാൽ, അവയിൽ ഏററവും പ്രധാനപ്പെട്ടതേത്, ഏററവും അടിയന്തിര പ്രാധാന്യമുള്ളതേത്, ഭൂമിയുടെ എല്ലാ കോണുകളിലെയും ജനങ്ങളെ ആകുലപ്പെടുത്തുന്നതേത്, ലോകത്തിലെ പല രാജ്യങ്ങളിലെയും രാഷ്ട്രതന്ത്രജ്ഞരുടെയും പ്രമുഖ വ്യക്തികളുടെയും മനസ്സ് വ്യാപൃതമായിരിക്കുന്ന വിഷയമേത് എന്ന് നോക്കുന്നപക്ഷം അത് ഉത്തരോത്തരം വിനാശകരമായ തരത്തിൽപെട്ട ആയുധങ്ങളുടെ അനന്തരമായ സംഭരണം തടുത്തുനിർത്തുകയും, സാർവ്വദേശീയ ബന്ധങ്ങൾ മെച്ചപ്പെടുത്തുവാനും നൂക്ലിയർ അത്യാഹിതമൊഴിവാക്കുവാനുമുള്ള യത്നത്തിൽ പുരോഗതി കൈവരിക്കുകയും ചെയ്യണമെന്ന കാര്യത്തിലുള്ള ഉൽക്കണ്ഠയാണെന്ന് കാണാം.

സമാധാനത്തിലുള്ള ഉൽക്കടതാൽപര്യമാണ് സോവിയററ് യൂണിയൻ അനുവർത്തിക്കുന്ന നയത്തിന്റെ പ്രമുഖ സ്വഭാവലക്ഷണം. രാജ്യങ്ങൾ തമ്മിലോ രാജ്യങ്ങളുടെ സംഘങ്ങൾ തമ്മിലോ ഉള്ള വൈരുദ്ധ്യങ്ങൾക്കോ, സാമൂഹ്യവ്യവസ്ഥകളിലൊ ജീവിതരീതികളിലോ വിശ്വാസപ്രമാണങ്ങളിലോ ഉള്ള വ്യത്യാസങ്ങൾക്കോ താൽക്കാലിക താൽപര്യങ്ങൾക്കോ, എല്ലാ ജനതകൾക്കും പൊതുവായുള്ള അടിസ്ഥാനാവശ്യത്തെ — സമാധാനം കാത്തുസൂക്ഷിക്കുകയും നൂക്ലിയർ യുദ്ധമൊഴിവാക്കുകയും ചെയ്കയെന്ന ആവശ്യത്തെ — മറയ്ക്കാനാവില്ലെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്.

ഈ ഉദാത്തലക്ഷ്യം പ്രാപിക്കുന്നതിന്, മുൻപെങ്ങുമുണ്ടായിട്ടില്ലാത്തവിധത്തിൽ ഇന്ന്, എല്ലാ സ്റ്റേററുകളുടെയും സുചിന്തിതമായ സോദ്ദേശനടപടികൾ ആവശ്യമാണ്.

നൂക്ലിയർ സർവ്വനാശത്തിൻെറ ഭീഷണിയിൽനിന്ന് ജനതകളെ രക്ഷിക്കുകയും, മാനവരാശിയുടെ ജീവിതത്തിൽനിന്ന് അതിൻെറ സാദ്ധ്യതയെത്തന്നെ ഒടുവിൽ നിർമ്മാർജ്ജനം ചെയ്കയും ചെയ്യുവാനുള്ള ആഗ്രഹത്താൽ മാർഗ്ഗദർശനം ചെയ്യപ്പെടുന്ന സോവിയററ് യൂണിയൻ ഗൗരവപൂർവ്വം ഇങ്ങിനെ പ്രഖ്യാപിക്കുന്നു:

സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ, ഒന്നാമതായി നൂക്ലിയറായുധങ്ങൾ ഉപയോഗിക്കാതിരിക്കുകയെന്ന ബാദ്ധ്യത ഏറെറടുക്കുന്നു.

ഈ ബാദ്ധ്യത ഉടൻതന്നെ — ഐക്യരാഷ്ട്രജനറലസ്സംബ്ലിയുടെ വേദിയിൽനിന്ന് ഇതറിയിക്കപ്പെടുന്ന നിമിഷത്തിൽതന്നെ—ബലത്തിൽ വരുന്നതാണ്.

അമേരിക്കയുംപ്പെടെ, *നാറേറാ* കൂട്ടുകെട്ടിൽ പങ്കെടുക്കുന്ന, ന്യൂക്ലിയറായുധങ്ങളുള്ള രാജ്യങ്ങൾ, അത്തരമായുധങ്ങൾ ഒന്നാമതായി ഉപയോഗിക്കുകയെന്ന സാദ്ധ്യതയെ തങ്ങളുടെ സൈനികസിദ്ധാന്തം നിഷേധിക്കുന്നില്ലെന്ന കാര്യം മറച്ചുവെക്കാതിരിക്കുകയും, യഥാർത്ഥത്തിൽ ആ സിദ്ധാന്തം ആപൽക്കരമായ ഈ പീഠികയെ അടിസ്ഥാനപ്പെടുത്തിയിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സോവിയററ്യൂണിയൻ ഈ നടപടി കൈക്കൊള്ളുന്നതെന്തുകൊണ്ടാണ്?

ഒരു നൂക്ലിയർ യുദ്ധം ആരംഭിക്കുന്നപക്ഷം അത്, മാനവനാഗരികതയുടെ വിനാശത്തെയും, ഒരു പക്ഷെ, ഭൂമുഖത്ത് ജീവിതത്തിൻെറതന്നെ അന്ത്യത്തെയും കുറിക്കുമെന്ന അവിതർക്ക്യമായ വസ്തുതയെ കണക്കിലെടുത്തുകൊണ്ടാണ് — ഇന്നത്തെ സാർവ്വദേശീയസ്ഥിതിയിൽ വിധിനിർണ്ണായകമായിട്ടുള്ള ഈ വസ്തുതയെ കണക്കിലെടുത്തുകൊണ്ടാണ് — സോവിയററു യൂണിയൻ ഇത്തരമൊരു നടപടി കൈക്കൊള്ളുന്നത്.

അതിനാൽ, ന്യൂക്ലിയറായുധങ്ങഠം ഒരിക്കലും ഉപയോഗിക്കപ്പെടാതിരിക്കുന്നതിന് ഉറപ്പു വരുത്തുവാൻ വേണ്ടി എല്ലാ ശ്രമവും നടത്തുകയെന്നത്, ലോകത്തിന്റെ ഭാഗധേയങ്ങളിൽ തങ്ങഠംക്കുള്ള ഉത്തരവാദിത്തത്തെപ്പററി ബോധമുള്ള രാഷ്ട്രനേതാക്കളുടെ പരമപ്രധാനമായ കർത്തവ്യമാണ്.

ന്യൂക്ലിയറായുധങ്ങളുള്ള മററു രാജ്യങ്ങഠം, സോവിയററ് യൂണിയന്റെ തീരുമാനത്തിന്നു അനുപൂരകമായ നടപടികഠം മുഖേന ആ തീരുമാനത്തെ പിൻതുടരുമെന്ന് പ്രതീക്ഷിക്കുവാൻ ലോകത്തിലെ ജനതകഠംക്ക് അവകാശമുണ്ട്. നൂക്ലിയറായുധങ്ങുള്ള മററു രാജ്യങ്ങഠം, ഒന്നാമതായി അത്തരമായുധങ്ങഠം ഉപയോഗിക്കുകയില്ലെന്ന ബാദ്ധ്യത ഏറെറടുക്കുന്നപക്ഷം അത് ഫലത്തിൽ ന്യൂക്ലിയറായുധങ്ങളുടെ പ്രയോഗത്തെ ഒന്നടങ്കം നിരോധിക്കുന്നതിന് സമമായിരിക്കും. ലോകത്തിലെ ബഹുഭൂരിഭാഗം രാജ്യങ്ങഠം ആവശ്യപ്പെടുന്ന കാര്യമാണിത്.

സോവിയററ് യൂണിയൻ തങ്ങളുടെ നയം നടപ്പാക്കുന്നതിന്നിടയിൽ, ന്യൂക്ലിയറായുധങ്ങളുള്ള മററു രാജ്യങ്ങഠം ന്യായത്തിന്റെ ശബ്ദം ചെവിക്കൊള്ളുകയും തങ്ങളുടെ നല്ല മാതൃകയെ പിൻതുടരുകയുമാണോ, അതോ ലോകത്തെ അഗാധഗർത്തത്തിലേക്ക് തള്ളുകയാണോ ചെയ്യുന്നതെന്ന കാര്യം സ്വാഭാവികമായും തുടർന്നു കണക്കിലെടുക്കുന്നതാണ്.

സ്റ്റേററുകഠം തമ്മിലുള്ള ബന്ധങ്ങളിൽ വിശ്വാസത്തിന്റെ അളവ് ഉയർത്തുകയെന്നതും ഈ സോവിയററ് മുൻകൈനടപടിയുടെ ലക്ഷ്യമാണ്. നിലവിലുള്ള ശാക്തിക സന്തുലനത്തെ തകിടംമറിക്കുവാനും, സോവിയററ് യൂണിയനേക്കാളും അതിന്റെ സഖ്യരാജ്യങ്ങളേക്കാളും സൈനികഔൽക്കൃഷ്ട്യം കരസ്ഥമാക്കുവാനും, സംഘർഷശമനനയം ഉളവാക്കുന്ന എല്ലാ വിധായകഫലങ്ങളെയും തകർക്കുവാനും ശ്രമി

ക്കുന്നവരുടെ പ്രവൃത്തികൾ നിമിത്തം പരസ്പരവിശ്വാസം ഗൗരവാവഹമാംവിധം ക്ഷയിച്ചിട്ടുള്ള ഇന്നത്തെ സാർവ്വദേശീയ സ്ഥിതിയിൽ ഇതിന്നു സവിശേഷപ്രാധാന്യമുണ്ട്.

അണുകബോംബിന്റെ കാര്യത്തിൽ ഒരു രാജ്യത്തിന് കുത്തകയുണ്ടായിരുന്ന കാലം മുതൽ അനുവർത്തിക്കപ്പെട്ടുവന്ന സൈനികവും രാഷ്ട്രീയവുമായ ഒരേമട്ടിലുള്ള സമീപനങ്ങൾ പഴഞ്ചനായിത്തീർന്നിരിക്കുന്നു. ഇന്നത്തെ യാഥാർത്ഥ്യങ്ങൾക്ക്, യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നങ്ങളോട് അടിസ്ഥാനപരമായി വ്യത്യസ്തമായിട്ടുള്ള ഒരു സമീപനമാവശ്യമാണ്. സോവിയററ് യൂണിയന്റെ ഇന്നത്തെ നീക്കം പടക്കോപ്പുകളെ — വിശേഷിച്ച് ന്യൂക്ലിയറായുധങ്ങളെ — പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നതുസംബന്ധിച്ച പ്രശ്നങ്ങളെയാകെ, വ്യത്യസ്തമായ വിധത്തിൽ നോക്കിക്കാണുക എളുപ്പമാക്കിത്തീർക്കുകയും, മൊത്തത്തിൽ നിരായുധീകരണത്തിന്റെ ലക്ഷ്യത്തെ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നു.

മനുഷ്യന്റെ സർഗ്ഗാത്മക-സാങ്കേതിക പ്രതിഭ ബൃഹത്തായ സിദ്ധികൾ കൈവരിച്ചിട്ടുള്ളതിനാൽ ജനതകൾക്ക് തങ്ങളുടെ ചരിത്രത്തിൽ ഒരു നവാദ്ധ്യായമാരംഭിക്കാൻ കഴിയും. പട്ടിണിക്കും രോഗത്തിന്നും ദാരിദ്ര്യത്തിന്നും മററുമെതിരായ സമരത്തെപ്പോലുള്ള ആഗോളമാനമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് ഇന്നു തന്നെയും അതിരററ സൗകര്യങ്ങളുണ്ട്. എന്നാൽ, അതിന്ന് ശാസ്ത്രീയ-സാങ്കേതിക പുരോഗതിയെ ജനങ്ങളുടെ സമാധാനപരമായ അഭിനിവേശങ്ങളെ സേവിക്കുന്നതിന്നു മാത്രമായി ഉപയോഗപ്പെടുത്തേണ്ടതാവശ്യമാണ്.

ശരിയായി ന്യായാന്യായവിവേചനം നടത്തുവാനുള്ള ബുദ്ധിശക്തിയിൽ വിശ്വാസമുള്ളതുകൊ

ണ്ടും, ആത്മനാശം ഒഴിവാക്കുവാനും ഇന്നത്തെ തലമുറയ്ക്കും ഭാവിതലമുറകൾക്കുംവേണ്ടി സമാധാനത്തിന്നും പുരോഗതിക്കും ഉറപ്പുവരുത്താനും മാനവസമുദായത്തിന്നുള്ള കഴിവിൽ വിശ്വാസമുള്ളതുകൊണ്ടുമാണ് സോവിയററു യൂണിയൻ, ഒന്നാമതായി നൂക്ലിയർ ആയുധങ്ങൾ പ്രയോഗിക്കുകയില്ലെന്ന ബാദ്ധ്യത ഏറ്റെടുക്കുന്നത്.

ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ പ്രത്യേകസമ്മേളനത്തിൽ പങ്കെടുക്കുന്ന, സ്റ്റേററുകളുടെ പ്രതിനിധികളുടെ ശ്രദ്ധയെ, അടിയിൽ പറയുന്ന പ്രശ്നങ്ങളിലേക്ക് ക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ആയുധപ്പന്തയത്തെ യഥാർത്ഥത്തിൽ തടഞ്ഞുനിറുത്തുവാൻ കഴിയുന്ന നടപടികൾക്കുവേണ്ടിയുള്ള അന്വേഷണത്തിന്നിടയിൽ വിവിധ രാജ്യങ്ങളിലെ പല പല രാഷ്ട്രീയനേതാക്കളും പ്രമുഖ വ്യക്തികളും, അടുത്ത കാലത്തായി ന്യൂക്ലിയറായുധശേഷികളെ മരവിപ്പിക്കുകയെന്ന ആശയത്തിലേക്ക് — വേറൊരുവിധത്തിൽ പറഞ്ഞാൽ, നൂക്ലിയറായുധങ്ങളുടെ അധികതര സംഭരണം നിർത്തുകയെന്ന ആശയത്തിലേക്ക് തിരിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള പരിഗണനകൾ എല്ലാം ഒരേ രീതിയിലുള്ളതല്ല. എങ്കിലും മൊത്തത്തിൽ അവ ശരിയായ ദിശയിലുള്ളതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജനങ്ങൾക്ക് തങ്ങളുടെ ഭാഗധേയങ്ങളെക്കുറിച്ചുള്ള അഗാധമായ ഉൽക്കണ്ഠയുടെ പ്രതിഫലനം ഞങ്ങളവയിൽ കാണുന്നു. ആലങ്കാരികമായി പറഞ്ഞാൽ, ജനങ്ങൾ ലോകത്തിലെ പരമോന്നതമായ മൂല്യത്തെ പരിരക്ഷിക്കുന്നതിന്നുവേണ്ടി വോട്ടു ചെയ്യുന്നു — മനുഷ്യജീവിതമാണ് ആ മൂല്യം.

നൂക്ലിയറായുധശേഖരങ്ങൾ വെട്ടിക്കുറയ്ക്കുകയും, ഒടുവിൽ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്കയും ചെയ്യുന്നതിലേക്കുള്ള ഒരു ആദ്യനടപടിയെന്ന നി

ലയിൽ, അത്തരം ആയുധശേഖരങ്ങളെ അവയുള്ള എല്ലാവരും മരവിപ്പിക്കുകയെന്ന ആശയം സോവിയററ് യൂണിയൻെറ അഭിപ്രായത്തോട് അടുത്തുവരുന്നു. എന്നു മാത്രമല്ല, എണ്ണത്തിലും വണ്ണത്തിലും ആയുധപ്പന്തയത്തിന്ന് അറുതി വരുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയ മൂർത്തനിർദ്ദേശങ്ങൾ മുൻകയ്യെടുത്ത് ഉന്നയിച്ചിട്ടുള്ള രാജ്യമാണ് ഞങ്ങളുടേത്.

അവസാനമായി, ഞങ്ങളുടെ അഭിപ്രായത്തിൽ ഐക്യരാഷ്ട്ര ജനറലസംബ്ലിക്ക് വിഗണിക്കാനാവാത്ത മറെറാരു പ്രശ്നംകൂടിയുണ്ട്.

നൂക്ലിയറായുധങ്ങൾകൊണ്ടുണ്ടാകുന്ന ആപത്തിന്നു പുറമെ, സ്റ്റേററുകളുടെ ആയുധശേഖരങ്ങളിൽ കൂട്ടസംഹാരത്തിന്നുള്ള മററു ഉപാധികളുമുണ്ടെന്ന കാര്യം വിസ്മരിക്കാവതല്ല. രാസായുധങ്ങളും ഇവയുടെ കൂട്ടത്തിൽ പെടുന്നു. ചില രാജ്യങ്ങളുടെ സൈന്യങ്ങളുടെ കൈവശം, പ്രയോഗസജ്ജമായിട്ടുള്ള ആയിരക്കണക്കിൽ ടൺ വിഷവസ്തുക്കളുടെ ഏതാനും കിലോഗ്രാം മതിയാവും, ദശലക്ഷക്കണക്കിൽ ജനങ്ങളെ കൊല്ലാൻ. ഇതിന്നു പുറമെ, ഇപ്പോൾ ഉള്ളവയേക്കാൾ കൂടുതൽ മാരകങ്ങളായ രാസായുധങ്ങൾ ഉൽപാദിപ്പിക്കുവാനുള്ള പുതിയ പരിപാടികൾ നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നു.

രാസായുധങ്ങളെ ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിന്ന് വേണ്ടതെല്ലാംതന്നെ ചെയ്യണം. ഈ സമീപനത്തിൻെറ അടിയുറച്ച ഒരു വക്താവാണ് സോവിയററ് യൂണിയൻ. രാസായുധങ്ങളെ പൂർണ്ണമായി നിരോധിക്കുകയും അവയുടെ ശേഖരങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് വിനാവിളംബം ഒത്തുതീർപ്പിലെത്താൻ ഞങ്ങൾ തയ്യാറാണ്.

മൊത്തത്തിൽ, പടക്കോപ്പുകൾ — നൂക്ലിയറായുധങ്ങളായാലും മററു തരത്തിൽപെട്ട കൂട്ടസംഹാരായുധങ്ങളായാലും മാമൂലായുധങ്ങളായാലും — അവയെ

പരിമിതപ്പെടുത്തുകയും സാരമായി വെട്ടിക്കുറക്കുകയും ചെയ്യാൻ സൗകര്യമുള്ള എല്ലാ മേഖലകളിലും അതു ചെയ്യുന്നതിനെ ഞങ്ങൾ അനുകൂലിക്കുന്നു. പാരസ്പര്യത്തിൻെറ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതിന്ന് സോവിയററ് യൂണിയൻ തയ്യാറില്ലാത്ത യാതൊരുതരം ആയുധവുമില്ലതന്നെ.

നിരായുധീകരണത്തെ അധികരിച്ചുള്ള, ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ പ്രത്യേക സമ്മേളനം ആയുധപ്പന്തയം നിർത്തുവാനും യഥാർത്ഥ നിരായുധീകരണത്തിന്നുള്ള പ്രായോഗികനടപടികളിലേക്ക് മുന്നേറുവാനും ഫലപ്രദമായ ഉത്തേജനം നൽകുമെന്ന വിശ്വാസം പ്രകടിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ വിധത്തിൽ, പ്രാതിനിദ്ധ്യപൂർണ്ണമായ പ്രസ്തുത വേദിയിൽ ജനതകൾ അർപ്പിക്കുന്ന പ്രത്യാശാനിർഭരമായ വിശ്വാസത്തെ സാധൂകരിക്കുവാൻ അതിന്നു കഴിയും.

സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക്, ലോകത്തിലെ ജനതകൾക്ക് പ്രയോജനകരമായ വിധത്തിൽ, ലോകസമാധാനത്തിന്ന് ഗുണകരമായ വിധത്തിൽ ഫലവത്തായി പ്രവർത്തിക്കുവാൻ കഴിയുമാറാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

## എ. എ. ഗ്രോമിക്കോവിൻെറ പ്രസംഗം
## ഐക്യരാഷ്ട്ര നിരായുധീകരണസമ്മേളനത്തിൽ

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോ മെമ്പറും യു. എസ്. എസ്. ആറിൻെറ വിദേശകാര്യമന്ത്രിയുമായ ആന്ദ്രീ ഗ്രോമിക്കോ 1982 ജൂൺ 15-ാം തീയതി ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ രണ്ടാമത് പ്രത്യേക നിരായുധീകരണസമ്മേളനത്തിൽ പൊതുചർച്ചയിൽ പങ്കെടുത്തു പ്രസംഗിക്കവേ ഇങ്ങിനെ പറഞ്ഞു:

വ്യത്യസ്ത സാമൂഹ്യസമ്പ്രദായങ്ങളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തനവും അവ തമ്മിലുള്ള തർക്കപ്രശ്നങ്ങളുടെ സമാധാനമാർഗ്ഗേണയുള്ള പരിഹാരവും യു. എസ്. എസ്. ആറിൻെറ വിദേശനയകർമ്മമാർഗ്ഗത്തിൻെറ മുഖ്യാസ്തിവാരമാകുന്നു. 26-ാം സി. പി. എസ്. യു. കോൺഗ്രസ് സംഗീകരിച്ച, 80-കളിലേക്കുള്ള സമാധാനപരിപാടിയുടെ പൊരുൾ ഇതിൽ കുടികൊള്ളുന്നു.

സോവിയററ് യൂണിയനും അതിൻെറ സഖ്യരാജ്യങ്ങളും (വാർസാ ഉടമ്പടി സംഘടനയിൽപെട്ട സോഷ്യലിസ്റ്റ്രാജ്യങ്ങൾ) മുൻവെച്ച എല്ലാ സമാധാനമുൻകൈ നിർദ്ദേശങ്ങളും ഇത് വാചാലമായി തെളിയിച്ചുകാട്ടുന്നു. നൂക്ലിയർ യുദ്ധത്തിൻെറ ഭീഷണിയകററുന്ന കാര്യത്തിലുള്ള ഉൽക്കടമായ വ്യഗ്രത മുററിനിൽക്കുന്ന, ലിയനിദ് ബ്രെഷ്നേവിൻെറ പ്രസംഗങ്ങൾ ഇതിന്ന് സ്പഷ്ടമായ ദൃഷ്ടാന്തമാണ്.

അസാമാന്യ പ്രാധാന്യമർഹിക്കുന്ന ഒരു നടപടി കൂടി ഞങ്ങളുടെ രാജ്യമെടുക്കുന്നു. ഒന്നാമതായി നൂക്ലി

യർ ആയുധങ്ങരം ഉപയോഗിക്കുകയില്ലെന്ന ബാദ്ധ്യ ത ഏറ്റെടുക്കുന്നു സോവിയററ് യൂണിയൻ. ഏകപക്ഷീ യമായാണ് അത് ഈ നടപടി എടുക്കുന്നത്. മററു നൂക്ലിയർ കോയ്മകരം ഞങ്ങളുടെ മാതൃക പിന്തുടരു ന്നപക്ഷം, നൂക്ലിയർ യുദ്ധം പൊട്ടിപ്പുറപ്പെടുക എന്ന സംഭാവ്യത വാസ്തവത്തിൽ ഇല്ലാതാകും.

ആയുധപ്പന്തയം നിയന്ത്രിക്കുകയും നിരായുധീക രണം കൈവരിക്കുകയും പുതിയൊരു യുദ്ധത്തിന്റെ വിപത്ത് ദൂരീകരിക്കുകയും ചെയ്ക എന്ന കടമ രാ ഷ്ട്രങ്ങരം തമ്മിലുള്ള കരാറുകരം മുഖേന പ്രായോഗി കമായി നിറവേററുക എന്നതിന്നുവേണ്ടി സോവിയററ് യൂണിയൻ മുൻവന്നിട്ടുണ്ട്, മുൻവരികയും ചെയ്യുന്നു. ഇതാണ് ലിയനിദ് ബ്രെഷ്നേവ് ഐക്യരാഷ്ടസഭ ക്കയച്ച സന്ദേശത്തിന്റെ സാരം.

എന്നാൽ, സാർവ്വദേശീയ രാഷ്ട്രീയത്തിൽ, ഇ തിൽനിന്ന് വിഭിന്നമായ ഒരു പ്രവണതകൂടിയുണ്ടെന്ന റിയാമല്ലൊ. ആയുധപ്പന്തയം തുടർന്നുകൊണ്ടുപോകു കയും അതിന്ന് പൂർവ്വാധികം വലിയ വ്യാപ്തി നൽ കുകയും ചെയ്ക എന്നതാണ് അതിന്റെ അടിസ്ഥാ നം, അത്തരമൊരു കർമ്മപന്ഥാവിന്നുള്ള പ്രചാരണമ റയായി എല്ലാതരം കണ്ടുപിടുത്തങ്ങളും എടുത്തുകാട്ട പ്പെടുന്നു.

ആയുധങ്ങരം പരിമിതപ്പെടുത്തിയാൽ പോരാ; ആഴത്തിലും കനത്തിലുമുള്ള വെട്ടിച്ചുരുക്കലുകരം ആവശ്യമാണ് എന്നിങ്ങിനെയുള്ള പ്രസ്താവനകളും കേരംക്കുവാൻ കഴിയും. നല്ല വാക്കുകളാണിവ. പ ക്ഷേ, യഥാർത്ഥ വസ്തുതയിൽ ആഴത്തിലും കന ത്തിലുമുള്ള ഈ വെട്ടിച്ചുരുക്കലുകരം നടപ്പാക്കേണ്ടത് സോവിയററ് യൂണിയനാണ്, സോവിയററ് യൂണി യൻ മാത്രമാണ് എന്ന് വരുന്നു.

ഭാവിയിൽ ഏതെങ്കിലുമൊരു ഘട്ടത്തിൽ ആയുധ ങ്ങരം വെട്ടിച്ചുരുക്കലും പരിമിതപ്പെടുത്തലുമെന്ന പ്ര

ശ്നം കൈകാര്യം ചെയ്യുവാൻ വേണ്ടി അവ ആദ്യമായി *നാറോ* ആയുധപ്പുരകളിൽ കുന്നുകൂട്ടേണ്ടത്—ആയുധങ്ങളുടെ, സർവ്വപ്രഥമമായി കൂട്ടസംഹാരായുധങ്ങളുടെ പർവ്വതനിരകറം—അത്യാവശ്യമാണെന്ന വാദവും ഉന്നയിക്കപ്പെടുന്നുണ്ട്. അങ്ങിനെ, ആയുധങ്ങറം കുന്നുകൂട്ടുക എന്നത് ഒരുതരം മനോരോഗമായിത്തീർന്നിരിക്കുന്നു അവർക്ക്. അത്തരം മിലിട്ടറിസ്റ്റുപരിപാടികളാണ് വാഷിങ്ങ്ടനും *നാറോ* ബ്ലോക്കാകേയും വിളംബരം ചെയ്തുവരുന്നത്.

അമേരിക്കയിൽ അശ്രുതപൂർവ്വമായ തോതിൽ ആരംഭിച്ചിട്ടുള്ള ആയുധപ്പന്തയത്തിലേക്ക് ആന്ദ്രീ ഗ്രോമിക്കോ തുടർന്ന് വിരൽ ചൂണ്ടി. ഒന്നു നോക്കൂ, എന്തു വേഗത്തിലാണ് അമേരിക്കൻ സൈനിക-വ്യാവസായിക യന്ത്രത്തിന്റെ ചക്രങ്ങറം കറങ്ങുന്നത്. രാസായുധവും ന്യൂട്രോൺ ആയുധവും പോലുള്ള കിരാതായുധങ്ങളടക്കം ഫലത്തിൽ ആ രാജ്യത്തിന്റെ ആയുധപ്പുരകളിലേക്ക് കൂട്ടിച്ചേർത്തുകൂടാത്തതായി ഒരു തരം ആയുധങ്ങളുമില്ല. ശാസ്ത്രീയവും വ്യാവസായികവുമായ പുരോഗതി ആയുധപ്പന്തയത്തിന്ന് ചുവടൊപ്പിച്ചുപോകുവാൻ നിർബന്ധിതമായിത്തീരുന്നു.

മിലിട്ടറിസ്റ്റു ലഹരി എല്ലാതരം ഭ്രാന്തൻ സൈനികസിദ്ധാങ്ങളും എഴുന്നെള്ളിക്കുന്നു. ഒന്നാമത്തെ ന്യൂക്ലിയർ പ്രഹാരത്തെപ്പററി ഒരു നിത്യത്തൊഴിലും സാധാരണ കാര്യവുമെന്നോണം സംസാരിക്കപ്പെടുന്നു. ഒരു ന്യൂക്ലിയർ യുദ്ധം അഴിച്ചുവിടുക എന്ന കുററവാളിമനോഭാവത്തെയാണ് ഇത് കുറിക്കുന്നത്. ഒരു ന്യൂക്ലിയർ യുദ്ധം, അത്തരം യുദ്ധത്തിന്റെ രംഗം സ്വന്തം രാജ്യത്തിൽനിന്നകലെ എവിടേക്കെങ്കിലും, ഉദാഹരണത്തിന്ന് യൂറോപ്പിലേക്ക്, മാററിയാൽ മാത്രമേ വിജയം വരിക്കുകയുള്ളു എന്ന ആശയം സൈനികതന്ത്രത്തിന്റെ മിക്കവാറും ഒരു മാസ്റ്റർപീസായി അവതരിപ്പിക്കപ്പെട്ടുവരുന്നു.

സൈനികമേൻമ ഉന്നമാക്കിയുള്ള കർമ്മസരണി യെ സോവിയററു യൂണിയൻ മൗലികമായും നിരാകരി ക്കുന്നു. അത് സ്വയം സൈനികമേൻമയ്ക്ക്വേണ്ടി പരിശ്രമിക്കുന്നില്ല. ആർക്കെങ്കിലും അത്തരമൊരവകാ ശമുള്ളതായി അതംഗീകരിക്കുന്നുമില്ല. ഏതു് പരിതഃ സ്ഥിതിയിലും സ്വന്തം സുരക്ഷിതത്വത്തിൻേറയും തൻെറ ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും സു രക്ഷിതത്വത്തിൻേറയും കാര്യം നോക്കുവാൻ ഞങ്ങ ളുടെ രാജ്യത്തിന്ന് കഴിയുമെന്നത് വാസ്തവമാണ്.

ചില *നാറേറാ* നേതാക്കരം, ഒരു പക്ഷേ ശീതയു ദ്ധകാലത്തേക്കാളേറെ, കയ്യൂക്ക്നിലപാടിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കുന്നു.

ചിലപ്പോരം കൗശലപൂർവ്വമല്ലാതെ പച്ചയായിത്ത ന്നെ അത്തരം പദ്ധതികളെപ്പററി പറയുന്നു. എന്നാൽ, അധികപക്ഷവും പുറംപൂച്ചുകരം അവലംബിക്കപ്പെ ടുന്നു. ഉദാഹരണത്തിന്ന്, സോവിയററ് യൂണിയൻ ആയുധനിർമ്മാണത്തിൽ മുമ്പിൽ കടന്നതായി ആരോ പിക്കപ്പെടുന്നു. ഇത് ഒരു വഞ്ചനയാണ്. വസ്തു തകളും കണക്കുകളും ആ വാദമുഖത്തെ തകർത്തു തരി പ്പണമാക്കുന്നു ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുക യാണ് ഇതിൻെറ ഉദ്ദേശമെന്നത് വ്യക്തമത്രെ.

ഈ തരത്തിൽപ്പെട്ട തന്ത്രപ്രധാനായുധങ്ങളുടെ കാര്യത്തിൽ സംഖ്യാപരമായ മുൻതൂക്കം സോവിയററ് യൂണിയൻെറ ഭാഗത്താണെന്ന അഭിപ്രായം ഉന്നയിക്ക പ്പെടുന്നു. അവ തനിച്ചെടുത്താൽ, തനിച്ചു മാത്രമെടു ത്താലാണത്. അതേ സമയം, അമേരിക്കയുടെ ഭാഗ ത്ത് മുൻതൂക്കമുള്ള, അതും വമ്പിച്ച തോതിൽ മുൻ തൂക്കമുള്ള മററു തന്ത്രപ്രധാനായുധങ്ങളുടെ കാര്യം മനഃപൂർവ്വം മൂടിവെക്കുകയും ചെയ്യുന്നു. ഉദാഹരണ ത്തിന്ന് ദീർഘദൂര ക്രൂയിസ്മിസൈലുകളുണ്ട്. അവ വാഷിങ്ങ്ട്ടണിൽ വിശേഷിച്ചു ആധാരമാക്കപ്പെടുന്ന തായറിയാമല്ലൊ. അപ്രകാരംതന്നെ, തന്ത്രപ്രധാന

വിമാനങ്ങളുണ്ട്. അവയിലും അമേരിക്കയ്ക്കു വമ്പിച്ചൊരു മേൽക്കയ്യാണുള്ളത്.

അമേരിക്കയുടെ മുന്നിരായുധങ്ങളും ഉത്തര അത്ലാന്തിക്ക് ബ്ലോക്കിനെ സംബന്ധിച്ചേടത്തോളം അമേരിക്കയുടെ സഖ്യരാജ്യങ്ങളുടെ അധീനത്തിലുള്ള നൂക്ലിയർശേഷിസാദ്ധ്യതകളും അപ്പാടെ വിസ്മരിക്കപ്പെടുന്നു.

യൂറോപ്പിൽ മീഡിയം റേഞ്ച് നൂക്ലിയർ ആയുധങ്ങൾ വിന്യസിക്കുന്ന കാര്യത്തിലും ഇതുതന്നെയാണ് ചെയ്യുന്നത്. ഒരേ ലക്ഷ്യം പിന്തുടരപ്പെടുന്നു. പക്ഷങ്ങളുടെ നൂക്ലിയർ ശക്തികളുടെ ബലാബലത്തെ വക്രീകരിച്ചവതരിപ്പിക്കുക എന്നതാണത്.

നൂക്ലിയറായുധങ്ങളുടെ രംഗത്ത് നിലവിലുള്ള സമാന്ത തകിടം മറിക്കുകയാണ് അവർക്ക് വേണ്ടതെന്ന് വെളിവാകുന്നു. തനിപ്പെട്ട ചില തരം ആയുധങ്ങളല്ല, പ്രത്യുത പക്ഷങ്ങളുടെ അധീനത്തിലുള്ള ആയുധങ്ങളുടെ ആകത്തുകയാണ് ഈ സമാനതയ്ക്ക് നിദാനം.

സമാധാനത്തിന്നുവേണ്ടിയുള്ള വ്യഗ്രത പ്രവൃത്തി കൊണ്ട് തെളിയിച്ചു കാട്ടണമെന്നുണ്ടെങ്കിൽ, സൈനിക-തന്ത്രസന്തുലിതത്വം നിലനിർത്തേണ്ടത് ആവശ്യമാണ്. ഇരു രാജ്യങ്ങളും തമ്മിൽ അത്തരമൊരു സന്തുലിതത്വം രൂപം കൊള്ളുക എന്നത് ചരിത്രത്തിന്റെ ഹിതമായിരുന്നിട്ടുണ്ട്. സോവിയററു യൂണിയനും അമേരിക്കയും തമ്മിലുള്ള പ്രസക്ത കരാറുകളിൽ ഇത് പ്രതിഫലിച്ചുകണ്ടു.

കരാറുകൾക്കുവേണ്ടിയും സംവാദത്തിന്നുവേണ്ടിയും പരസ്പരവിശ്വാസത്തിന്നുവേണ്ടിയുമുള്ള പരിശ്രമമാവണം രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലെ പ്രേരകവും നിർണ്ണായകവുമായ പ്രചോദനം. ഇതിനുള്ള അടിസ്ഥാനമാകട്ടെ രൂപംകൊണ്ടുകഴിഞ്ഞ സമാനതയെ അംഗീകരിക്കുകയും പാലിക്കുകയും ചെയ്ക

എന്നതാണുതാനും. അതേ സമയം ആയുധങ്ങളിൽ അതിന്റെ നിലവാരം കഴിയുന്നത്ര താഴ്ത്തിക്കൊണ്ടു വരുവാൻ പരിശ്രമിക്കുകയും ചെയ്ക എന്നതാണ്.

സൈനികമേൻമ കൈവരിക്കുക എന്ന വാഷിങ്ങ്ട്ടന്റെ കർമ്മമാർഗ്ഗത്തെ എങ്ങിനെയാണ് വിശദീകരിക്കുക? ലോകമേധാവിത്വം സൃഷ്ടിക്കുക എന്ന സാമ്രാജ്യത്വസ്വപ്നം ശക്തിമത്തായി ചില ആളുകളുടെ തലക്ക് കയറിയിരിക്കുന്നുവെന്ന ധാരണയിൽ നിന്ന് രക്ഷപ്പെടാൻ പ്രയാസമുണ്ട്. ഇന്നൊരു ഭാഗം നാളെ മററാരു ഭാഗം എന്നിങ്ങിനെ ലോകത്തിന്റെ വിശാല പ്രദേശങ്ങൾ യാതൊരടിസ്ഥാനവുമില്ലാതെ അമേരിക്കയുടെ ''ജീവൽതാൽപര്യ''മേഖലയായി പ്രഖ്യാപിക്കപ്പെടുന്നുവെന്ന വസ്തുതയെ മററെങ്ങിനെയാണ് വിലയിരുത്തേണ്ടത്? വളരെ ദൂരെ മററു രാജ്യങ്ങളുടെ സ്വത്തിനോടു തൊട്ടടുത്ത് വിദേശതീരങ്ങളിലേക്കും അതിർത്തികളിലേക്കും കടൽപടയേയോ സത്വരസേനയേയോ അയക്കുന്നതിന്ന് ഇത് പര്യാപ്തമായി കരുതപ്പെടുകയും ചെയ്യുന്നു.

അമേരിക്കയുടെ ''ജീവൽതാൽപര്യങ്ങളെ'' രക്ഷിക്കുന്നതിനെപ്പററിയുള്ള ഉച്ചൈസ്തരമായ പ്രസ്താവനയോടെ ഒരു കടൽപ്പട പേർഷ്യൻ ഗൾഫിലേക്ക് യാത്രയായി. ഇറാനിനെ ഭീഷണിയും ബലപ്രയോഗവും കൊണ്ട് ആശ്രിതാവസ്ഥയിലേക്ക് തിരിച്ചയക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ലക്ഷ്യം നേടിയില്ല. പക്ഷേ, കടൽപ്പട ഇന്നോളം അവിടെതന്നെ തുടർന്നു നിൽക്കുന്നു.

എന്നാൽ, അവിടെനിന്ന് എത്തിപ്പിടിക്കാവുന്നത്ര അടുത്താണ് സോവിയററ് യൂണിയൻ. ഭൂപടമൊന്നു നോക്കുക. ഇതിൽനിന്ന് എന്ത് നിഗമനത്തിലാണ് നാം എത്തേണ്ടത്?

ഹിന്ദുമഹാസമുദ്രത്തിൽ അമേരിക്കക്ക് എന്ത് ചേതം വന്നു? എന്തിനാണ് ദീഗോഗാർഷ്യ ദ്വീപിൽ

അവർക്ക് തന്ത്രപ്രധാനമായൊരു സൈനികത്താവളം? അവിടെനിന്ന് മററു പല രാജ്യങ്ങളേയുംപോലെ സോവിയററ് യൂണിയനേയും ഭീഷണിപ്പെടുത്തത്തക്കവിധം മറെറാരു ബ്രിജജ്ഹെഡ്ഡ് വികസിപ്പിക്കുകയാണവർ.

ഹിന്ദുമഹാസമുദ്രത്തെ ഒരു സമാധാനമേഖലയാക്കി മാററുവാനുള്ള തീരരാജ്യങ്ങളുടെ ആവശ്യത്തെ അമേരിക്ക വാശിപൂർവ്വം എതിർക്കുന്നതും ഈ രാജ്യങ്ങളുടെ താൽപര്യങ്ങളെ അവഗണിക്കുന്നതും വെറുതെയല്ല.

അഫ്ഗാനിസ്താനിൽ പുറത്തുനിന്നുള്ള ഇടപെടൽ തുടരുകയാണ്. ഇടങ്കോലിടൽ പട്ടാളങ്ങളെ അയക്കുകയടക്കമുള്ള ഇടപെടലാണത്. പഴയ അഫ്ഗാനിസ്താൻ ഇന്ന് നിലവിലില്ല, ഉണ്ടാകുകയുമില്ല എന്ന് അത് ചെയ്യുന്നവർക്ക് അറിയാമെന്നത് വ്യക്തമാണ്. പഴയ പിന്തിരിപ്പൻ ഭരണവിധാനത്തിന്നു പകരം പുതിയ ജനാധിപത്യ ഭരണവിധാനത്തോടുകൂടിയ പുതിയൊരു അഫ്ഗാനിസ്താനാണ് ഇന്നുള്ളത്. സ്വതന്ത്രമായ ഒരു ചേരിചേരാ അഫ്ഗാൻ രാഷ്ട്രമാണത്. അഫ്ഗാൻ ജനാധിപത്യ റിപ്പബ്ലിക്കിൻെറ ഗവർമ്മേണ്ട് മുൻവെച്ച നിർദ്ദേശങ്ങൾ അഫ്ഗാനിസ്താൻ സംബന്ധിച്ച സ്ഥിതിക്ക് രാഷ്ട്രീയ പരഹാരം കാണുവാൻ തക്ക അസ്തിവാരം പ്രദാനം ചെയ്യുന്നു. സോവിയററ് യൂണിയൻ ഈ നിർദ്ദേശങ്ങളെ പിന്താങ്ങുന്നു.

ഇസ്രായേലി അധിനിവേശകർ സീനായി അർദ്ധദ്വീപിൽനിന്ന് ഒഴിച്ചുപോകുന്ന സന്ദർഭം ലോകവ്യാപകമായ ഒരു ഉൽസവമായാഘോഷിക്കുവാനുള്ള ആഹ്വാനങ്ങളുണ്ടായി. പക്ഷെ, യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്? അവരുടെ സ്ഥാനം ഉടനെ അമേരിക്കൻ പട്ടാളക്കാരും മററു ചില രാജ്യങ്ങളുടെ പട്ടാളക്കാരും ഏറെറടുത്തു. കൊളോണിയലിസ്റ്റു കങ്കാണിയുടെ ചാട്ടവാർ വീശുന്ന പഴയ ശീലം തികച്ചും

പോയിക്കഴിഞ്ഞിട്ടില്ലാത്ത രാജ്യങ്ങളും അവയിലുൾപ്പെടുന്നു.

മദ്ധ്യപൂർവ്വദേശത്ത് അമേരിക്കയുടെ സൈനിക സാന്നിദ്ധ്യമുണ്ടാവണമെന്ന വാദം അവിടെ ന്യായമായൊരു ഒത്തുതീർപ്പിന്ന് യഥാർത്ഥത്തിൽ സഹായകമാണോ? അല്ലതന്നെ. അറബ് രാഷ്ട്രങ്ങളുടെ നിയമാനുസൃത താൽപര്യങ്ങളേയും പലസ്തീൻ ജനതയുടെ ദേശീയാവകാശങ്ങളെയും ഉല്ലംഘിക്കുക എന്ന നയത്തിൽ ഉറച്ചു നിൽക്കുവാൻ ഇസ്രായേലിന്നു പ്രോൽസാഹനമേകുക മാത്രമേ അത് ചെയ്യൂ.

നമ്മൾ ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ നാളുകളിൽ ഇസ്രായേൽ മുഴുവൻ ലോകവും കാൺകെ ഒരു പരമാധികാരരാജ്യമായ ലെബനോണിന്നെതിരായി പുതിയൊരു ആക്രമണം നടത്തിയിരിക്കുന്നു. ലെബനോണിൻെറ തെക്കു ഭാഗത്ത്, ഐക്യരാഷ്ട്ര സൈനികദളങ്ങളുടെ വലയം ഭേദിച്ചുകൊണ്ട് ഇസ്രായേൽ പട്ടാളം മുന്നോട്ടു നീങ്ങി; അവർ ലെബനാനികൾക്കിടയിൽ ഈ രാജ്യത്തെ അഭയം പ്രാപിച്ച പലസ്തീനിയർക്കിടയിൽ വിശേഷിച്ചും, മരണം വിതയ്ക്കുന്നു. പലസ്തീനിയൻ ജനതയെ നശിപ്പിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നത് തെൽ അവീവ് മറച്ചുവെക്കുന്നില്ല.

ആ സ്ഥിതിക്ക്, ഈ പാതകം നടത്തുന്നത്, തങ്ങളുടെ തീരുമാനങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നത് ഐക്യരാഷ്ട്രസഭയ്ക്ക് കയ്യുംകെട്ടി നോക്കി നിൽക്കാനാവുമോ? ഇല്ല ഐക്യരാഷ്ട്രസഭ, സെക്യൂരിട്ടി കൗൺസിൽ, തങ്ങളുടെ ഉഗ്രമായ ഉത്തരവു നൽകണം; ഇസ്രായേലി ആക്രമണത്തെ നിർത്തിക്കുന്നതിന്ന് ഐക്യരാഷ്ട്ര തീട്ടൂരത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ട നടപടികൾ കൈക്കൊള്ളണം.

ലെബനോണിൽനിന്ന് ഇസ്രായേലി പട്ടാളങ്ങളെ ഉടനടി പിൻവലിക്കണം. ഇസ്രായേൽ നേരത്തെ പിടിച്ചടക്കിയ അറബ് പ്രദേശങ്ങൾ അറബികൾക്ക് തി

രിച്ചുകൊടുക്കുകയും വേണം. സ്വന്തം ഭരണകൂടം സൃഷ്ടിക്കുക എന്ന അനിഷേദ്ധ്യമായ അവകാശം പ്രയോഗിക്കുവാനുള്ള സാദ്ധ്യത പലസ്തീനിയൻ ജനതയ്ക്ക് നൽകണം.

ആക്രമണകാരിയുടെ നടപടികളുടെ കാര്യത്തിൽ അമേരിക്കയ്ക്കുള്ള ഉത്തരവാദിത്വം ഊന്നിപ്പറയേണ്ടത് വിശേഷിച്ചാവശ്യമാണ്. സെക്യൂരിട്ടി കൗൺസിലിൽ അവരെടുത്ത നിലപാട് ഇതിനെ സ്ഥിരീകരിക്കുന്നു. ഈ നിലപാടു നിമിത്തം കൗൺസിലിന്ന് ഇസ്രായേൽ ലെബനാനിലെ ആക്രമണം നിർത്തുന്നതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കുവാൻ കഴിയാതെ പോയി. ഈ നടപടികൾ നിർത്തിക്കാൻ വാഷിങ്ടൺ ഒരു ചെറുവിരൽ അനക്കിയിരുന്നെങ്കിൽ തെൽ അവീവ് ഐക്യരാഷ്ട്രസഭയെ ധിക്കരിക്കുവാൻ ധൈര്യപ്പെടുമായിരുന്നില്ലെന്ന് എല്ലാവർക്കും വ്യക്തമാണ്.

തെക്കുകിഴക്കൻ ഏഷ്യയിലെ സ്ഥിതി പ്രശാന്തമാണെന്ന് കണക്കാക്കിക്കൂടാ. ഇന്തോചൈനാരാജ്യങ്ങളിൽ കൈകടത്തുന്ന നയം അവിടെ അന്തരീക്ഷത്തെ വിഷകലുഷിതമാക്കുന്നു. ആ രാജ്യങ്ങൾക്ക് എതിരായുള്ള ഒരു നയമാണത്. സ്വാശ്രയത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സാഹചര്യങ്ങളിൽ പുതിയൊരു ജീവിതം കെട്ടിപ്പടുക്കുവാൻ വിയററ്നാമിലേയും ലാവോസിലേയും കമ്പൂച്ചിയയിലേയും ജനതകൾ നടത്തുന്ന യത്നങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ആ ജനതകളാകട്ടെ തങ്ങളുടേതായ പാത പിന്തുടരുന്നു; തുടർന്ന് പിന്തുടരുകയും ചെയ്യും. കമ്പൂച്ചിയൻ ജനകീയ റിപ്പബ്ലിക്കിനെ സംബന്ധിച്ചേടത്തോളം അത് ഐക്യരാഷ്ട്രസഭയിൽ തന്റെ നിയമാനസൃത സ്ഥാനം കരസ്ഥമാക്കണം. അക്കാര്യത്തിൽ സംശയം വേണ്ട.

പല വർഷങ്ങളായി, സോഷ്യലിസ്റ്റ് ക്യൂബ ഉപരോധത്തേയും സമ്മർദ്ദത്തേയും ചെറുത്തുനിൽക്കേ

ങ്ങിവന്നിരിക്കുന്നു. അതിൻെറ ഓരങ്ങൾക്ക് തൊട്ട് സൈനികാഭ്യാസങ്ങൾ നടക്കുന്നു. നിയമാനുസൃതമല്ലാതെ അമേരിക്ക കയ്യടക്കിവെച്ചിരിക്കുന്ന ക്യൂബൻ പ്രദേശത്ത്, ഗ്വാണ്ടനാമോ താവളത്തിൽ ആർഭാടപൂർവ്വം പട്ടാളക്കാരെ കൊണ്ടിറക്കുന്നു.

നികരാഗ്വയിലെ ജനങ്ങൾ ഇപ്പോൾ ഭീഷണിക്ക് പാത്രമായിരിക്കുന്നു. അതൊരു കൊച്ചു രാജ്യമാണ്. എന്നുവെച്ച്, അവിടുത്തെ ജനതയ്ക്ക്, ഇതര ജനതകളെപ്പോലെതന്നെ, സ്വന്തം ഭാഗധേയം നിർണ്ണയിക്കുവാനുള്ള അവകാശമില്ലേ? നിസ്സംശയമായും അവർക്ക് ആ അവകാശമുണ്ട്.

എൽസാൽവഡോറിൽ നടമാടുന്ന രക്തരൂഷിത മർദ്ദനങ്ങൾ ലോകമൊട്ടുക്കും രോഷമുളവാക്കിയിരിക്കുന്നു. സാൽവഡോറിലെ ഈ മർദ്ദകപ്പടയ്ക്ക് ആയുധവും ഉപദേശവും നൽകുന്നത് അവിടത്തെ ജനവിരുദ്ധ സർവ്വാധിപത്യ സർക്കാറുമായി ഔദ്യോഗികമായി കൂട്ടുകെട്ടുണ്ടാക്കിയവരാണ്.

സാർവ്വദേശീയ കാര്യങ്ങളിൽ മൃഗീയബലം പ്രയോഗിക്കുന്ന ഈ നയത്തിൻെറ മാറെറാലിയാണ് ദക്ഷിണ അത്‌ലാന്തിക്കിൽ ഇപ്പോൾ നടക്കുന്ന സംഭവങ്ങൾ. ആ പ്രദേശത്ത് എല്ലാ സൈനികനടപടികളും ഉടനടി അവസാനിപ്പിക്കുവാനും രൂക്ഷമായ ആ പ്രശ്നത്തിന്ന് ന്യായയുക്തവും കൊളോണിയൽ വിരുദ്ധവുമായ രാഷ്ട്രീയ തീരുമാനം ഉണ്ടാക്കുവാനും ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തിരുന്നെങ്കിൽ അത് ശരിയായ നടപടയായേനെ.

ലാററിൻ അമേരിക്കയിലായാലും ഏഷ്യയിലായാലും ആഫ്രിക്കയുടെ തെക്കുഭാഗത്തായാലും ജനതകൾ സാമ്രാജ്യത്വസേച്ഛാധിപത്യത്തിന്നെതിരായി ന്യായമായും പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. സ്വാതന്ത്ര്യത്തിന്നും വിമോചനത്തിന്നും വേണ്ടി വെറുക്കപ്പെട്ട കൊളോണിയലിസത്തിൻെറ അവശിഷ്ടങ്ങൾ

ക്കെതിരായി ന്യായമായി സമരം നടത്തിവരികയാണവർ. ഈ ജനതകളോടാണ് സോവിയററു ജനതയുടെ അനുഭാവം.

ഒരൊററ ഭൂഖണ്ഡത്തിലും ഒരൊററ രാജ്യത്തേയും സോവിയററു യൂണിയൻ ഭീഷണിപ്പെടുത്തുന്നില്ല. എൽ. ഐ. ബ്രെഷ്നേവിൻെറ സന്ദേശത്തിൽ പ്രസ്താവിച്ച പ്രകാരമുള്ള ഞങ്ങളുടെ ഇന്നത്തെ നടപടി ഇതിന്ന് അസന്ദിഗ്ദ്ധമായ തെളിവാണ്.

രാസായുധങ്ങൾ പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ചു ഒട്ടും വൈകാതെ കരാറിലെത്തുവാനുള്ള സോവിയററു യൂണിയൻെറ ആഹ്വാനവും ഇന്നത്തെ ഗുരുതരാവസ്ഥയിൽനിന്നുളവാകുന്നതാണ്.

സോവിയററു യൂണിയൻ ഇത്തരമായുധങ്ങൾ ഉപയോഗിക്കുന്നതായുള്ള അസംബന്ധ സംസാരത്തെ ഞങ്ങൾ ശക്തിയുക്തം തള്ളിക്കളയുന്നു. ഈ കെട്ടുകഥയിൻമേൽ കാണുന്ന ട്രേഡ്മാർക്ക് തന്നെ അത് പ്രചരിപ്പിക്കുന്നവർക്ക് അതിൽനിന്ന് മുതലെടുക്കുവാൻ കഴിയാത്തത്ര വ്യക്തമാണ്. ഈ വിഷയത്തിൽ തങ്ങളുടെ പരക്കെ അറിയപ്പെടുന്ന പാപങ്ങൾ മൂടിവെക്കുകയാണ് അവരുടെ ആവശ്യമെന്ന് കാണാവുന്നതാണ്.

''രാസായുധങ്ങളുടെ വികാസവും ഉൽപാദനവും സംഭരണവും നിരോധിക്കുകയും അവ നശിപ്പിക്കുകയും ചെയ്യുന്നത് സംബന്ധിച്ച ഒരു ഉടമ്പടിയുടെ മുഖ്യ വ്യവസ്ഥകൾ'' എന്ന ഈ കരട് സോവിയററ് യൂണിയൻ ഈ പ്രത്യേക സമ്മേളനത്തിൻെറ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

യൂറോപ്പിൽ നൂക്ലിയറായുധങ്ങൾ പരിമിതീകരിക്കുന്നത് സംബന്ധിച്ച് ജനീവയിൽ നടന്നുവരുന്ന സോവിയററ്-അമേരിക്കൻ സംഭാഷണം സർവ്വത്ര സൂക്ഷ്മശ്രദ്ധ ആകർഷിക്കുന്നു.

സോവിയററ് യൂണിയൻ എന്തിനുവേണ്ടി പരിശ്രമിക്കുന്നു? മീഡിയം റേഞ്ച് ആയുധങ്ങളിൽനിന്നും

ടാക്ടിക്കൽ നൂക്ലിയറായുധങ്ങളിൽനിന്നും ഒരുപോലെ യൂറോപ്പിനെ രക്ഷിക്കുന്നതിന്നുവേണ്ടി. അത്തരമൊരു പരിഹാരം ഞങ്ങളുടെ പാശ്ചാത്യപങ്കാളികൾക്ക് പററിയതല്ലെങ്കിൽ യൂറോപ്പിലെ ലക്ഷ്യങ്ങളെ ഉന്നമാക്കിയുള്ള എല്ലാ തരങ്ങളിലുംപെട്ട മീഡിയം റേഞ്ച് നൂക്ലിയറായുധങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുന്നത് സംബന്ധിച്ച് കരാറിലെത്തുവാൻ ഞങ്ങൾ തയ്യാറാണ്. ഇരുപക്ഷങ്ങളുടേയും (സോവിയററു യൂണിയൻേറയും നാറേറാവിൻേറയും) മീഡിയം റേഞ്ച് ന്യൂക്ലിയറായുധങ്ങൾ പടിപടിയായി പക്ഷേ ഗണ്യമായ തോതിൽ, നൂറുകണക്കിൽ യൂണിററുകൾ കണ്ട് വെട്ടിച്ചുരുക്കുന്നതിനും ഞങ്ങൾ തയ്യാറാണ്.

തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുകയും വെട്ടിച്ചുരുക്കുകയും സംബന്ധിച്ച് സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ സംഭാഷണം പുനരാരംഭിക്കുന്നതിന്ന് സോവിയററു യൂണിയൻ അനവരതം വാദിച്ചിട്ടുണ്ട്. ഇപ്പോൾ, അമേരിക്ക അതിന്ന് സമ്മതിച്ചിരിക്കെ സംഭാഷണമാരംഭിക്കുന്ന തീയതി യോജിച്ചു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇത് വിധായകമായ ഒരു വസ്തുതയാണെന്നതിൽ സംശയമില്ല.

ഈ സംഭാഷണം ആരംഭംതൊട്ടുതന്നെ ശരിയായ സ്ഥായീഭാവത്തിലാവണമെന്നതാണ് പ്രധാനപ്പെട്ട സംഗതി. ഈ നിലപാടിൽനിന്നു നോക്കുമ്പോൾ, വാഷിങ്ങ്ട്ടൻെറ ഔദ്യോഗിക പ്രസ്താവനകളിൽ മുൻവെക്കപ്പെട്ടപ്രകാരമുള്ള നിലപാടുമായാണ് അമേരിക്കൻ പക്ഷം സംഭാഷണത്തിലേക്കു പോകുന്നതെങ്കിൽ അതിൽ ഉൽക്കണ്ഠ തോന്നാതിരിക്കാൻ നിവൃത്തിയില്ല.

തന്ത്രപ്രധാനാവസ്ഥയുടെ ഭദ്രത ഉലയ്ക്കാനിടയുള്ള നടപടികൾ അമേരിക്കയോ സോവിയററു യൂണിയനോ സ്വീകരിച്ചുകൂടെന്നതും അത്രതന്നെ അത്യാവശ്യമാണ്.

എൽ. ഐ. ബ്രെഷ്നേവ് അമേരിക്കൻ പ്രസിഡണ്ട് റീഗനുമായുള്ള കൂടിക്കാഴ്ചക്ക് മൂർത്തമായ ഒരു നിർദ്ദേശം മുൻവെച്ചതറിയാമല്ലോ. ഒരു ഉന്നത തലസമ്മേളനം ചേരണമെന്നും അത് സ്വാഭാവികമായും നല്ല മുന്നൊരുക്കത്തോടെ വേണമെന്നുമുള്ള അഭിപ്രായമാണ് സോവിയററു യൂണിയന്നുള്ളത്.

അത്തരമൊരു സമ്മേളനം ആയുധങ്ങറം കുറയ്ക്കലും നിരായുധീകരണവുമെന്ന പ്രശ്നങ്ങളിൽ അനിവാര്യമായും കേന്ദ്രീകരിക്കുമെന്നത് വ്യക്തമാണ്. അതായത്, ജനറൽ അസ്സംബ്ലിയുടെ ഈ പ്രത്യേക സമ്മേളനത്തിന്റെ ശ്രദ്ധാകേന്ദ്രത്തിലുള്ള പ്രശ്നങ്ങറം.

നൂക്ലിയറായുധങ്ങളുടെ വ്യാപനം തടയുന്ന ഉടമ്പടി സർവ്വവിധേനയും ശക്തിപ്പെടുത്തുക എന്നത് നൂക്ലിയറായുധപ്പന്തയം തടയുന്ന വിഷയത്തിൽ പരമമായ ഒരു കടമയായിരുന്നു, അങ്ങിനെ തുടരുകയും ചെയ്യുന്നു.

ഈ കാര്യത്തിലുള്ള സമീപനത്തിൽ മററു പല രാജ്യങ്ങളേയും, വിശേഷിച്ച്, നൂക്ലിയറിതര രാജ്യങ്ങളെ, ഞങ്ങറം പരിഗണിക്കുന്നു. സമാധാനാവശ്യങ്ങറംക്കുള്ള നൂക്ലിയർ പ്രതിഷ്ഠാപനങ്ങളുടെ ഒരു ഭാഗം—നൂക്ലിയർ പവർ പ്ലാൻറുകളും റിസർച്ച് റിയാക്ടറുകളും—ഇൻറർനേഷനൽ അറേറാമിക് എനെർജി ഏജൻസിയുടെ നിയന്ത്രണത്തിലേക്ക് വിട്ടുകൊടുക്കുവാൻ സോവിയററു യൂണിയൻ തയ്യാറാണ്.

നൂക്ലിയറായുധങ്ങളുടെ വ്യാപനം തടയുന്ന ഉടമ്പടിയിൽ കക്ഷികളായ നൂക്ലിയറിതര രാജ്യങ്ങറം നൂക്ലിയർ രാജ്യങ്ങളുടെ ഭാഗത്തുനിന്ന് തങ്ങളുടെ സുരക്ഷിതത്വത്തിന്നുള്ള മുന്നുറപ്പുകളുടെ കാര്യം ഉന്നയിക്കുന്നു. അവർക്ക് ഈ വിഷയത്തിൽ താൽപര്യമുണ്ടാകുക സ്വാഭാവികമാണ്താനും. ഒരു സാർവ്വദേശീയ ഉടമ്പടി ഒപ്പുവെക്കുക മുഖേന ഈ പ്രശ്നം പരിഹരിക്കുക സാദ്ധ്യമാകും. നൂക്ലിയറായുധങ്ങറം സ്വന്തമായി ഇല്ലാത്തവയും തങ്ങളുടെ ഭൂപ്രദേശത്തു അവ

പ്രതിഷ്ഠിക്കാത്തവയുമായ രാജ്യങ്ങളുമായി മുന്നുറപ്പുകഠം സംബന്ധിച്ചു ഉഭയപക്ഷകരാറുകളിലെത്തുവാനും സോവിയററു യൂണിയൻ തയ്യാറാണ്.

നൂക്ലിയറായുധപരീക്ഷണങ്ങഠം സാമാന്യമായും സമ്പൂർണ്ണമായും നിരോധിക്കുക എന്ന പ്രശ്നവും പരിഹരിക്കപ്പെടേണ്ടതുണ്ട്. അത്തരം ആയുധങ്ങഠം ഇല്ലാത്ത മേഖലകഠം സ്ഥാപിക്കുന്നത് സംബന്ധിച്ച ആശയങ്ങഠം മുൻവെക്കപ്പെട്ടിട്ടുണ്ട്. ഞങ്ങളെ സംബന്ധിച്ചേടത്തോളം, ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നൂക്ലിയർ രഹിതമേഖലകഠം സ്ഥാപിക്കുന്നതു സംബന്ധിച്ച് സാർവ്വത്രികമായി സ്വീകാര്യങ്ങളായ തീരുമാനങ്ങളെ ഞങ്ങഠം പ്രോൽസാഹിപ്പിക്കും.

ബാഹ്യാകാശത്തിലേക്കും ലോകമഹാസമുദ്രങ്ങളുടെ അഗാധതയിലേക്കുമുള്ള ആയുധപ്പന്തയത്തിൻെറ ഇരച്ചുകയററത്തിന്നെതിരായി ഐക്യരാഷ്ട്രസഭ പ്രഖ്യാപനം ചെയ്യണം. സമസ്ത മാനവസമൂഹത്തിൻേറയും സമാധാനപൂർണ്ണമായ ഭാവിയെ സംബന്ധിച്ചേടത്തോളം ഈ മണ്ഡലങ്ങഠംക്കുള്ള അർത്ഥപ്രാധാന്യം അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

പട്ടാളങ്ങളുടേയും മാമൂലായുധങ്ങളുടേയും ഇന്നത്തെ നിലവാരങ്ങഠം ഗണ്യമായി വെട്ടിച്ചുരുക്കണമെന്ന് സോവിയററു യൂണിയൻ വാദിക്കുന്നു.

''വർദ്ധമാനമായ നൂക്ലിയർ ഭീഷണി തട്ടിമാററുക, ആയുധപ്പന്തയത്തിന്ന് കടിഞ്ഞാണിടുക'' എന്ന മെമ്മോറാണ്ടം സോവിയററു യൂണിയൻ ഈ സമ്മേളനത്തിൻെറ പരിഗണനയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ രാജ്യത്തിൻെറ തത്വാധിഷ്ഠിത നിലപാടിനേയും അത്യന്തം പ്രധാനപ്പെട്ട മൂർത്തനിർദ്ദേശങ്ങളേയും ഈ മെമ്മോറാണ്ടം ഒരുപോലെ സാമാന്യവൽക്കരിക്കുന്നു. ഈ നിർദ്ദേശങ്ങളെ ഐക്യരാഷ്ട്ര അംഗരാജ്യങ്ങഠം അതിയായ ശ്രദ്ധയോടെ പരിശോധിക്കുകയും പിന്താങ്ങുകയും ചെയ്യുമെന്ന പ്രത്യാശ ഞങ്ങഠം രേഖപ്പെടുത്തുന്നു.

# യുവകമ്യൂണിസ്റ്റുലീഗിൻെറ

# 19-ാം കോൺഗ്രസ്സിൽ ലിയനിദ് ബ്രെഷ്നേവ് ചെയ്ത പ്രസംഗം

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ജനറൽ സിക്രട്ടറിയും യു. എസ്. എസ്. ആർ സുപ്രീംസോവിയററു പ്രസീഡിയത്തിൻെറ പ്രസിഡണ്ടുമായ ലിയനിദ് ബ്രെഷ്നേവ് മെയ് 18-ാം തീയതി ക്രെംലിൽ ആരംഭിച്ച, അഖില യൂണിയൻ യുവകമ്യൂണിസ്റ്റ് ലീഗിൻെറ 19-ാം കോൺഗ്രസ്സിൽ പ്രസംഗിച്ചു.

"സോവിയററു ജനങ്ങൾ ഈ വർഷം മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ 65-ാം വാർഷികവും സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ രൂപീകരിക്കപ്പെട്ടതിൻെറ 60-ാം വാർഷികവും സമുചിതമാംവിധം കൊണ്ടാടുന്നതാണ്" എന്ന് അദ്ദേഹം പറഞ്ഞു. "ചിലപ്പോൾ വളരെ പ്രയാസപൂർണ്ണങ്ങളെങ്കിലും പ്രശസ്തങ്ങളായിരുന്നു ആ ദശകങ്ങൾ. നമ്മൾ ക്ലേശങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുകയായിരുന്നു. ആ അനുഭവങ്ങളിലൂടെ നാം പഠിക്കുകയും അബദ്ധങ്ങളും തെററായ കണക്കുകൂട്ടലുകളും തരണംചെയ്കയും ലോകത്തെ വിസ്മയിപ്പിച്ച വിജയങ്ങൾ പ്രാപിക്കുകയും ചെയ്തു. പടുത്തുയർത്തപ്പെട്ട നേട്ടങ്ങളെ കാത്തുരക്ഷിക്കുകയും തങ്ങളുടെ ആദർശങ്ങൾക്കുള്ള അവകാശം നിലനിർത്തുകയും ചെയ്യുന്നതിന്നുവേണ്ടി, ഫാസിസ്റ്റാക്രമ

ണകാരികൾക്കെതിരായ പോരാട്ടത്തിൽ നമ്മുടെ ജനത 2 കോടി ജീവൻ ബലികൊടുത്തു.''

''ഈ വർഷങ്ങളിലുടനീളം മുന്നിരയിൽ നിലയുറപ്പിച്ചത് ലെനിനിസ്റ്റ് പാർട്ടിയാൽ നയിക്കപ്പെടുന്നവരും പ്രചോദിതരുമായ യുവജനങ്ങളായിരുന്നു. ആഭ്യന്തരയുദ്ധത്തിൽ പടപൊരുതിയ ഇതിഹാസപുരുഷൻമാരും ആദ്യകാല സോവിയററു പഞ്ചവൽസരകാലഘട്ടങ്ങളിലെ പരിശ്രമശാലികളായ തൊഴിലാളികളും മഹത്തായ ദേശാഭിമാനയുദ്ധത്തിലേയും യുദ്ധാനന്തര പുനരുത്ഥാനത്തിലേയും ചിരനായകൻമാരും കഴിഞ്ഞ ഏതാനും ദശകങ്ങളിൽ നടന്ന പടുകൂററൻ നിർമ്മാണപദ്ധതികളിലെ പങ്കാളികളും — നിങ്ങളുടെ മുൻഗാമികളായ അവരാണ് ഇന്ന് നമുക്കുള്ള സർവ്വസ്വവും സൃഷ്ടിച്ചത്. അമൂല്യമായ ഒരാസ്തി, ലോകത്തിൽ ഒന്നാമത്തെ വിജയിത സോഷ്യലിസത്തിന്റേതായ സ്റ്റേററ്, കമ്യൂണിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ഒരു സമുദായം, അവർ ഇതാ നമ്മുടെ കൈകളിലേക്ക് പകർന്നുതന്നിരിക്കുന്നു.''

ലിയനിദ് ബ്രെഷ്നേവ്, സോവിയററു യൂണിയനിൽ 410 ലക്ഷം കോംസമോളംഗങ്ങൾ ഉണ്ടെന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട്, രാജ്യത്തിന്റെ സാമ്പത്തികവികാസത്തിൽ യുവജനങ്ങൾക്കും യുവകമ്യൂണിസ്റ്റു ലീഗംഗങ്ങൾക്കുമുള്ള വലിയ പങ്ക് എടുത്തു കാട്ടി.

''നമ്മുടെ സമ്പദ്വ്യവസ്ഥയിലുടനീളം പ്രവർത്തനത്തിന്റെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തുവാനും ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ തുടർന്നു ഉയർത്തുവാനുമുള്ള മാർഗ്ഗങ്ങൾ നിർവ്വചിക്കുന്ന പ്രധാനപ്പെട്ട പല തീരുമാനങ്ങളും അടുത്തകാലത്തായി പാർട്ടി എടുത്തത് നിങ്ങൾക്കറിയാമല്ലൊ'' എന്നദ്ദേഹം പറഞ്ഞു. ''ഭക്ഷണപരിപാടിക്കുള്ള മാർഗ്ഗരേഖകൾ പരിശോധിച്ചു ശരിവെക്കുവാൻ സി.

പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ഒരു പ്ലീന റി യോഗം അടുത്തു ചേരുന്നതാണ്.''

''ഇന്ന് ഭക്ഷണപരിപാടി എന്നു പറഞ്ഞാൽ വിളമേനികരം ഉയർത്തുകയും വളങ്ങളുടേയും കാർഷിക യന്ത്രങ്ങളുടേയും ഉൽപാദനം വിപുലപ്പെടുത്തുകയും ചെയ്ക എന്നാണർത്ഥം. കാലിവളർത്തലിന്ന് ഉത്തേജനം നൽകുകയും നിയതരൂപത്തിലുള്ള കാലിത്തീററ വ്യവസായവും മുഴുവൻ കാലിത്തീററ അസ്തിവാരവും വികസിപ്പിക്കുകയും ചെയ്ക എന്നാണതിന്നർത്ഥം. പട്ടണത്തിലും നാട്ടിൻപുറത്തുമുള്ള സംരംഭങ്ങളിൽ കാർഷികോൽപന്നങ്ങളുടെ സംസ്കരണം മികച്ച നിലയിൽ സംഘടിപ്പിക്കുക എന്നാണതിന്നർത്ഥം. വയലും കളവും തൊട്ടു ഫാക്ടറി വർക്ക്ഷോപ്പു കൗണ്ടറും വരെയുള്ള ഭക്ഷണപരിവഹനത്തിലുടനീളമുണ്ടാകുന്ന നഷ്ടങ്ങരം ഇല്ലാതാക്കുക എന്നാണിതിന്നർത്ഥം. യുവജനങ്ങരം കാർഷികവൃത്തിയിൽ തുടർന്നു നിൽക്കത്തക്കവിധം അവരുടെ പ്രവർത്തനത്തിന്നും ജീവിതത്തിന്നും ഉചിത സാഹചര്യങ്ങരം സൃഷ്ടിക്കുക് എന്നുകൂടിയാണതിന്നർത്ഥം.

''സഖാക്കളേ, സമസ്ത ജനങ്ങളുടേതുമായ ഈ ലക്ഷ്യത്തിലേക്ക് നിങ്ങളുടേതായ സംഭാവനചെയ്യുന്നതിന്ന് നിസ്സീമവും ആശാവഹവുമായ ഒരു രംഗം സ്പഷ്ടമായും നിങ്ങളുടെ മുമ്പാകെയുണ്ടു. ഈ പ്രവർത്തനത്തിൽ തനിക്കുള്ള സ്ഥാനത്തെപററി പട്ടണത്തിലും നാട്ടിൻപുറത്തുമുള്ള ഓരോ കോംസമോളംഗത്തിന്നും വ്യക്തമായ ഒരു ധാരണ ഉണ്ടാകേണ്ടത് ആവശ്യമാണ്.

''നമ്മുടെ യുവാക്കരം നല്ലവരാണ്, അഭ്യസ്തവിദ്യരും, അനുഗ്രഹീതരും ശൂരപരാക്രമശാലികളുമാണ്. ആയിരിക്കേണ്ടവിധത്തിൽ തന്നെയാണിത്. ജീവിതത്തിന്റെ പ്രഭാതമാണല്ലൊ യൗവ്വനം. വ്യക്തി എന്ന നിലയ്ക്ക്, പൗരനെന്ന നിലയ്ക്ക്, മനുഷ്യൻ

വാർത്തെടുക്കപ്പെടുന്ന കാലമാണ് ഇത്. അതുകൊണ്ടാണ് യുവാക്കൾ നിരന്തരം പഠിക്കണമെന്ന് പറയുന്നത്. അവർ അറിവ് സമ്പാദിച്ചാൽ മാത്രം പോര. എങ്ങിനെ സത്യസന്ധമായി പ്രവർത്തിക്കണം, സോവിയററ് ദേശാഭിമാനത്തിൻെറയും കമ്യൂണിസ്റ്റു പ്രത്യയ സ്ഥൈര്യത്തിൻേറയും നിലപാടിൽനിന്ന് ജീവിതത്തെ അതിൻെറ എല്ലാ സങ്കീർണ്ണതകളോടുംകൂടി എങ്ങിനെ നോക്കിക്കാണുമെന്ന് പഠിക്കുകകൂടി വേണം. നമ്മുടെ സാമൂഹ്യ മാനകങ്ങളിൽനിന്നുള്ള അൽപ്പിഷ്ഠമായ വ്യതിയാനത്തോടുപോലും സന്ധിയില്ലാ മനോഭാവം സ്വീകരിക്കുവാൻ പഠിക്കുക. പട്ടാളസേവനത്തിന്നുള്ള പരിശീലനം നേടുകയും ആധുനികായുധങ്ങളും സൈനികോപകരണങ്ങളും തികവുററ നിലയിൽ കൈകാര്യം ചെയ്‌വാൻ പഠിക്കുകയും മാതൃഭൂമിയുടെ രക്ഷയ്ക്ക് സദാ സന്നദ്ധരായിമിക്കുകയും ചെയ്ക.

"ഒടുവിലായി, സംസ്കാരവും സംഘാടനവും നേരത്തെ പഠിക്കണം, സ്വന്തം സമയത്തിന്നും മററുള്ളവരുടെ സമയത്തിന്നും വിലകൽപിക്കുക എങ്ങിനെ എന്നറിയണം. മുതിർന്ന തലമുറയെ ബഹുമാനിക്കുവാൻ പഠിക്കണം. ചുരുക്കത്തിൽ നയശീലരും ദയാലുക്കളും സത്യസന്ധരുമാവണം, വികസിത സോഷ്യലിസ്റ്റ് സമുദായത്തിന്ന് അനുയോജ്യരായ പൗരരാവണം."

"യുവജനങ്ങളിൽ ഈ ഗുണങ്ങൾ വളർത്തുവാനാണ് കോംസമോൾ വ്യക്തമായും നിലകൊള്ളുന്നത്."

ലിയനിദ് ബ്രെഷ്നേവ് പിന്നീട് ഇന്നത്തെ സാർവ്വദേശീയസ്ഥിതിയെപ്പററി പ്രതിപാദിച്ചു. അദ്ദേഹം പറഞ്ഞു:

"പ്രിയപ്പെട്ട സുഹൃത്തുക്കളേ, നമ്മുടെ മഹത്തായ ജനതയിൽ, രാജ്യത്തിൻെറ വിഭാതത്തെ രൂപപ്പെടുത്തേണ്ട വിഭാഗത്തിൻെറ പ്രതിനിധികളാണല്ലൊ നിങ്ങൾ. സോവിയററ് ജനതയെ സംബന്ധിച്ചേടത്തോളം മാത്ര

മല്ല, മാനവസമൂഹത്തെയാകെ സംബന്ധിച്ചേടത്തോളവും കൂടി ഈ വിഭാതം എങ്ങിനെയിരിക്കുമെന്ന കാര്യത്തിൽ മററാരേക്കാളേറെ വ്യഗ്രത നിങ്ങൾക്കാണ്. ജനതകൾക്കുവേണ്ടി കരുതിവെക്കപ്പെട്ടിരിക്കുന്നതെന്താണ്? സമാധാനപരമായ സൃഷ്ടി. സന്തോഷപൂർണ്ണവും സമർഹവുമായ ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കുക എന്ന പ്രയാസകരമെങ്കിലും ഉൽകൃഷ്ടമായ പ്രവർത്തനമോ, അല്ല, നൂക്ലിയർ സംഹാരത്തിൻേറതായ ഭ്രാന്തും പേടിസ്വപ്നവുമോ?

സാമ്രാജ്യത്വത്തിൻേറ ഏററവും ആക്രമണോൻമുഖരായ ശക്തികളുടെ നയം ഖണ്ഡിതമായും ഈ രീതിയിൽ ചോദ്യമുന്നയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇതിന്നുള്ള മറുപടിയാകട്ടെ, സമാധാനകാംക്ഷി രാജ്യങ്ങളുടെ നയം എത്ര സജീവവും സുസ്ഥിരവുമാകുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു; ബഹുകോടി ബഹുജനങ്ങൾ മറെറാരു ലോകമഹായുദ്ധത്തിന്ന് തീക്കൊളുത്തുന്നവരുടെ നയത്തിന്നെതിരായി, ഭൂമിയിൽ സമാധാനത്തെ കാത്തുസൂക്ഷിക്കുന്നതിന്നുവേണ്ടി, എത്ര ഊർജ്ജസ്വലമായും ഒത്തുചേർന്നും മുന്നോട്ടുവരുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു.

''ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ ഒരു യോഗം മൂന്നാഴ്ചക്കുള്ളിൽ ന്യൂയോർക്കിലാരംഭിക്കുന്നു. തികച്ചും നിരായുധീകരണപ്രശ്നങ്ങളെപ്പററി പര്യാലോചിക്കുന്ന ഒരു പ്രത്യേക സമ്മേളനമാണത്. സോവിയററു യൂണിയൻ ഈ യോഗത്തിൻേറ വിജയത്തിന്നുവേണ്ടി പരമാവധി പ്രവർത്തിക്കും.

''ഇന്ന് സമാധാനത്തെപ്പററി പ്രസംഗിച്ചാൽ മാത്രം പോര. വ്യതിരിക്തവും പ്രായോഗികവുമായ കാര്യങ്ങൾ ആവശ്യമാണ്. ഈ വിഷയത്തിൽ ഇന്നത്തെ മർമ്മപ്രധാന കടമ യൂറോപ്പിൽ നൂക്ലിയറഭിമുഖീകരണത്തെ ശമിപ്പിക്കുക (ഈ അഭിമുഖീകരണം അപകടകരമായ നിലവാരത്തിലെത്തിയിരിക്കുന്നു), ഇവി

ടെ നൂക്ലിയറായുധങ്ങളുടെ തുടർന്നുള്ള സംഭരണം അവസാനിപ്പിക്കുക, എന്നതാണ്. യൂറോപ്പിൽ (ഇതിന്ന് മുമ്പ് രണ്ട് തവണ ലോകമഹായുദ്ധങ്ങൾ ആരംഭിച്ചത് ഇവിടെയാണ്) ഏതു നിമിഷത്തിലും ഒരു ലോക നൂക്ലിയർ സർവ്വനാശം പൊട്ടിപ്പുറപ്പെടുമെന്ന യഥാർത്ഥ ഭീഷണി സൃഷ്ടിക്കപ്പെടുക എന്നത് പൊറുപ്പില്ലുകൂട.

"യൂറോപ്പിൽ നൂക്ലിയറായുധങ്ങൾ പരിമിതപ്പെടുത്തുന്നതുസംബന്ധിച്ച് മറെറാരാവൃത്തി സംഭാഷണം സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ അടുത്ത ഏതാനും ദിവസങ്ങൾക്കകം ജനീവയിൽ ആരംഭിക്കും, അമേരിക്കൻ പ്രതിനിധികൾ എങ്ങിനെയാണ് പെരുമാറുക എന്നു നമുക്കു നോക്കുക—അവർ മിസൈലുകളുടെ വിന്യാസത്തിന്ന് തയ്യാറെടുത്തുകൊണ്ട് ഒരിക്കൽകൂടി ബിളംബപ്പെടുത്തൽനയം അനുവർത്തിക്കുമോ, അതോ ഒരു യോജിപ്പിലെത്തുവാനുള്ള ആഗ്രഹം പ്രദർശിപ്പിക്കുമോ?

"ഈ പ്രശ്നം സംബന്ധിച്ച സോവിയററ് നിർദ്ദേശങ്ങൾ പരക്കെ അറിയാവുന്നവയാണല്ലോ. യൂറോപ്പിൽ എല്ലാ മീഡിയം റേഞ്ച് നൂക്ലിയർ വിധാനങ്ങളും പൂർണ്ണമായി നശിപ്പിക്കുന്നതിന്നുവേണ്ടി നാം മുന്നോട്ടുവന്നു. ഇതു വളരെ കടന്നുപോകുമെന്ന് പറഞ്ഞ് പാശ്ചാത്യപക്ഷം വിരോധിച്ചു. ഇത്തരം വിധാനങ്ങൾ മൂന്നിൽ രണ്ടു ഭാഗത്തിലധികംകണ്ട് വെട്ടിക്കുറയ്ക്കണമെന്ന് നാം നിർദ്ദേശിച്ചു. ഇതു വളരെ കുറഞ്ഞുപോയെന്നാണ് പറയുന്നത്. ശരി, എന്നാൽ നമുക്കു പരസ്പരം സ്വീകാര്യമായ കണക്കുകൾ തേടിപ്പിടിക്കുക. കൂടുതൽ വലിയ വെട്ടിക്കുറയ്ക്കലുകൾക്കും നാം തയ്യാറാണ്. അത് പരസ്പരാടിസ്ഥാനത്തിലവണമെന്നേയുള്ളു.

"കാര്യങ്ങൾ എളുപ്പമാക്കിത്തീർക്കുന്നതിന്ന്, സോവിയററ് യൂണിയൻ യു. എസ്. എസ്. ആറിൻെറ യൂ

റോപ്യൻഭാഗത്ത് മീഡിയം റേഞ്ച് മിസൈലുകളുടെ തുടർന്നുള്ള വിന്യാസം ഇയ്യിടെ ഏകപക്ഷീയമായി നിർത്തിവെക്കുകയും അവയുടെ ഒരു നിശ്ചിതസംഖ്യ വെട്ടിക്കുറയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അത്തരം മിസൈലുകൾ ഗണ്യമായ അളവിൽ വെട്ടിച്ചുരുക്കുന്ന നടപടി നാം തുടർന്നുവരികയാണെന്ന് റിപ്പോർട്ടു ചെയ്വാൻ എനിക്കു കഴിയും.

''നമ്മുടെ രാജ്യത്തിൻെറ ഈ മൂർത്ത സമാധാനനടപടികൾ ലോകത്ത് സ്വാഗതം ചെയ്യപ്പെടുന്നു. എന്നാൽ, പാശ്ചാത്യലോകത്തിലെ ചില ആളുകൾ അവയുടെ പ്രാധാന്യത്തെ ചോദ്യംചെയ്യാൻ ശ്രമിക്കുന്നുമുണ്ട്.

''ഉദാഹരണത്തിന്ന്, സോവിയററ് യൂണിയൻ സ്വീകരിച്ച പ്രസ്തുത തീരുമാനം ഉറാൽസിൻെറ അപ്പുറത്തുനിന്ന് പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ എത്തത്തക്കവിധം നമ്മുടെ മിസൈലുകൾ തുടർന്ന് വിന്യസിക്കുന്നതിൽനിന്ന് നമ്മെ തടസ്സപ്പെടുത്തുകയില്ലെന്ന വാദം ഉന്നയിക്കപ്പെടുന്നു. എഫ്. ആർ. ജി. യിലോ പശ്ചിമയൂറോപ്പിലെ മററു രാജ്യങ്ങളിലോ എത്തുംവിധമുള്ള സ്ഥലങ്ങളിൽ മീഡിയം റേഞ്ച് മിസൈലുകൾ കൂടുതലായി വിന്യസിക്കുകയില്ലെന്ന് എല്ലാ ഉറപ്പോടേയും എനിക്കു പറയാൻ കഴിയും.

''നാം സ്വീകരിച്ച തീരുമാനം മിസൈലുകളുടെ വിന്യാസത്തിന്നുള്ള ഒരുക്കങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിൽ ഏകപക്ഷീയമായ ഒരു മരവിപ്പിക്കൽകൂടി വിഭാവനം ചെയ്യുന്നുണ്ടോ? എന്ന ചോദ്യം ഉന്നയിക്കപ്പെടുന്നു. ഉവ്വ്, അത് ഇതും വിഭാവനം ചെയ്യുന്നു. അത്തരം മിസൈലുകൾക്ക് വിക്ഷേപണസ്ഥാനങ്ങൾ നിർമ്മിക്കുന്നത് നിർത്തിവെക്കുക എന്നതും ഇതിലുൾപ്പെടുന്നു.

''ഒരഭിപ്രായംകൂടി: നമ്മുടെ രാജ്യത്തിൻെറ കിഴക്കുഭാഗത്ത് വിന്യസിക്കപ്പെട്ട മിസൈലുകൾകൂടിയു.

എസ്. എസ്. ആർ. മരവിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യണമെന്നു അമേരിക്കൻ ഗവർമ്മെണ്ട് നിർബന്ധം പിടിക്കുന്നു. ഈ വാദം വാസ്തവത്തിൽ അസംബന്ധമാണ്. മിസൈലുകളെ സംബന്ധിച്ച കാര്യങ്ങൾ — അവ പരിമിതപ്പെടുത്തലും വെട്ടിച്ചുരുക്കലും — കൈകാര്യം ചെയ്ക സാദ്ധ്യമാണ്. പക്ഷെ, നമ്മുടെ മിസൈലുകൾക്കെതിർവശത്ത് നൂക്ലിയറായുധങ്ങൾ കൈവശമുള്ളവരുമായുള്ള സംഭാഷണംമുഖേന മാത്രം. പാരസ്പര്യത്തിൻെറ അടിസ്ഥാനത്തിലുമാവണമത്. അത്തരം സംഭാഷണത്തിന്ന് നാം തടസ്സം പറയുന്നില്ല. എന്നാൽ, ഇതൊരു പ്രത്യേക വിഷയമാണെന്നത് വ്യക്തമാണല്ലോ.

''യുദ്ധത്തിൻേറയും സമാധാനത്തിൻേറയും ഭാഗധേയങ്ങൾ, തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഒരു സോവിയററ്-അമേരിക്കൻ കരാറു ഉണ്ടാകുകയോ ഉണ്ടാകാതിരിക്കുകയോ ചെയ്യുന്നതിനെ ഏററിയകൂറും ആശ്രയിച്ചിരിക്കുന്നു. ആരുടേയും താൽപര്യങ്ങൾക്ക് ഹാനികരമല്ലാത്ത, സത്യസന്ധവും ന്യായവുമായ ഒരു കരാറാവണമത്.

''സോവിയററ് യൂണിയനെ സംബന്ധിച്ചേടത്തോളം, അത് വൈകാതേയും യാതൊരു ചരടും കൂട്ടിക്കെട്ടാതേയും അത്തരമൊരു ധാരണയിലെത്തുക എന്ന ലക്ഷ്യത്തോടെ സംഭാഷണമാരംഭിക്കുന്നതിന്ന് എന്നും മുന്നോട്ടുവന്നിട്ടുണ്ട്. ഇതാണ് നമ്മുടെ നിലപാട്. ഇത് പരസ്യമായും നയതന്ത്രമാർഗ്ഗേണയും അമേരിക്കൻ പക്ഷത്തെ അറിയിച്ചിട്ടുമുണ്ട്.

''സംഭാഷണം പുനരാരംഭിക്കുന്നതിന്ന് അമേരിക്ക തയ്യാറാണെന്ന് പ്രസിഡണ്ട് റീഗൻ പ്രഖ്യാപിച്ചിരിക്കുന്നു. നമ്മുടെ അഭിപ്രായത്തിൽ ഇത് ശരിയായ മാർഗ്ഗത്തിലുള്ള ഒരു കാൽവെപ്പാണ്. പക്ഷെ, സംഭാഷണം ശരിയായ സ്വരനിദാനത്തിൽ ഉടനടി ആരംഭിക്കണമെന്നത് പ്രധാനമാണ്.

''സംഭാഷണത്തിൽ അമേരിക്ക സാരമായ വെട്ടിക്കുറയ്ക്കലിനെ അനുകൂലിക്കുമെന്നും അതേ പ്രസംഗത്തിൽ പ്രസിഡണ്ട് പറഞ്ഞു. നല്ലത്. നാം എന്നും തന്ത്രപ്രധാനായുധങ്ങൾ ഗണ്യമായി വെട്ടിക്കുറയ്ക്കുന്നതിന്നുവേണ്ടി വാദിച്ചുപോന്നിട്ടുണ്ട്. ഈ വിഷയത്തിൽ നമ്മോടു ബുദ്ധിയുപദേശം ചെയ്യേണ്ട ആവശ്യമില്ല.

''എന്നാൽ, അത്തരം വെട്ടിക്കുറയ്ക്കലുകളെക്കുറിച്ച് അമേരിക്കൻ പ്രസിഡണ്ട് പ്രകടിപ്പിച്ച ആശയങ്ങളുടെ സാരസത്ത പരിശോധിച്ചാൽ നിർഭാഗ്യവശാൽ അമേരിക്കൻ നിലപാട് സ്വഭാവംകൊണ്ട് തികച്ചും ഏകപക്ഷീയമാണെന്ന് കാണാവുന്നതാണ്. വിശേഷിച്ചും അമേരിക്ക ഇപ്പോൾ കൊണ്ടുപിടിച്ചു വികസിപ്പിച്ചുവരുന്ന തന്ത്രപ്രധാനായുധങ്ങളെ പൊതുവിൽ സംഭാഷണത്തിൽനിന്നൊഴിച്ചുനിർത്തുവാൻ അമേരിക്ക ഉദ്ദേശിക്കുന്നുവെന്നതുകൊണ്ടാണത്.

''ജീവിതത്തിൽനിന്നകന്ന, യാഥാർത്ഥ്യയുക്തമല്ലാത്ത ഒരു നിലപാടാണിതെന്ന്, ഒരു പക്ഷെ കേവലം ആത്മാർത്ഥമല്ലാത്ത ഒരു നിലപാടാണെന്ന്, അമേരിക്കക്കകത്തുതന്നെയുള്ള യോഗ്യരായ ആളുകൾ ഉടനെ പ്രസ്താവിച്ചത് വെറുതെയല്ല. സോവിയററ് യൂണിയൻെറ സുരക്ഷിതത്വത്തിന്ന് പ്രത്യക്ഷത്തിൽ ദോഷം ചെയ്കയും അതേസമയം തന്ത്രപ്രധാനായുധങ്ങൾ സംഭരിക്കുന്നതിനുള്ള അമേരിക്കൻ പരിപാടി നിർബാധം പ്രാവർത്തികമാക്കുവാൻ വാഷിങ്ങ്ടന്ന് അവസരം നൽകുകയും ചെയ്യുന്നു അത്.

''അമേരിക്കൻ പ്രസിഡണ്ട് പ്രസ്താവിച്ച നിലപാട് ഒരു കരാറിന്നുവേണ്ടിയുള്ള അന്വേഷണത്തെയല്ല, പ്രത്യുത സോവിയററ് യൂണിയൻെറമേൽ സൈനികമേൻമ കൈവരിക്കുവാനുള്ള വാഷിങ്ങ്ടൻെറ ഉദ്യമങ്ങൾ തുടരുന്നതിന്ന് കളമൊരുക്കുന്നതിനെയാണ് ലക്ഷ്യമാക്കുന്നതെന്ന നിഗമനത്തിലെത്താതിരിക്കാനാവില്ല.

''സംഭാഷണം വിജയകരമായി മുന്നോട്ടുപോകുകയും ഒരു യോജിപ്പ് കൈവരുത്തുകയും ചെയ്യുന്നതിന്ന് വേണ്ടതെന്താണ്?

''ചുരുക്കിപ്പറഞ്ഞാൽ, ഇതിന്നു വേണ്ടത്: ഒന്ന്, സംഭാഷണം ആയുധപ്പന്തയം തുടരുന്നതിന്നും നിലവിലുള്ള സമാനത തകർക്കുന്നതിന്നും ഒരു മറയാകുന്നതിന്നു പകരം വാസ്തവത്തിൽ തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്ക എന്ന ലക്ഷ്യം പിന്തുടരണം.

''രണ്ട്, ന്യായമായ സുരക്ഷിതത്വതാൽപര്യങ്ങളെ അന്യോന്യം കണക്കിലെടുത്തും കണിശമായും തുല്യതയും തുല്യസുരക്ഷിതത്വവുമെന്ന പ്രമാണത്തിന്നനുസരിച്ചും വേണം ഇരുപക്ഷങ്ങളും സംഭാഷണം നടത്തുവാൻ.

''അവസാനമായി, നേരത്തെ കൈവരിച്ചുകഴിഞ്ഞ എല്ലാ വിധായകനേട്ടങ്ങളേയും നിലനിർത്തേണ്ടതാവശ്യമാണ്. സംഭാഷണം ആരംഭിക്കുന്നത് ശൂന്യതയിൽ നിന്നല്ല. നിഷ്പ്രയോജനമല്ലാത്ത ധാരാളം പ്രവർത്തനം നിർവ്വഹിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതു മറന്നുകൂട.

''ഈ സമീപനമൊന്നുകൊണ്ടു മാത്രമേ ഇരുപക്ഷങ്ങളുടേയും തന്ത്രപ്രധാനായുധങ്ങൾ ഗണ്യമാംവിധം വെട്ടിക്കുറയ്ക്കുവാനുള്ള മൂർത്ത നടപടികളുടെ കാര്യത്തിൽ യോജിപ്പിലെത്തുന്നത് സംബന്ധിച്ച വല്ല ആശക്കും വഴിയുള്ളുവെന്ന് നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു.

''ഏതു രൂപത്തിലായാലും തന്ത്രപ്രധാനായുധങ്ങളുടെ പന്തയം തുടർന്നുപോകുന്നതിന്നുള്ള എല്ലാ മാർഗ്ഗങ്ങളും ഫലപ്രദമായി കൊട്ടിയടക്കുക എന്നതും അപ്രകാരംതന്നെ വളരെ പ്രധാനമാണ്. എന്നുവെച്ചാൽ, പുതിയതരം തന്ത്രപ്രധാനായുധങ്ങൾ വികസിപ്പിക്കുന്നതിനെ ഒന്നുകിൽ നിരോധിക്കുകയോ അല്ലെങ്കിൽ യോജിച്ച് സ്വീകരിക്കുന്ന വ്യവസ്ഥകൾകൊ

ണ്ട് പരമാവധി നിയന്ത്രിക്കുകയോ വേണമെന്നാണി തിന്നർത്ഥം.

''താഴെ പറയുന്ന നിർദ്ദേശംകൂടി നാം മുൻവെക്കുന്നു.

''സോവിയററ് യൂണിയൻേറയും അമേരിക്കയുടേയും തന്ത്രപ്രധാനായുധങ്ങരം, സംഭാഷണമാരംഭിക്കുന്നതോടെ ഇപ്പോരംതന്നെ മരവിപ്പിക്കുകയും (അളവിൽ മരവിപ്പിക്കുക) അവയുടെ ആധുനികീകരണം പരമാവധി പരിമിതപ്പെടുത്തുകയും ചെയ്യുന്നതിന്ന് യോജിപ്പിലെത്തുവാൻ നാം തയ്യാറാകും.

''തന്ത്രപ്രധാനാവസ്ഥ അവതാളത്തിലാകുമാറുള്ള നടപടികരം അമേരിക്കയോ സോവിയററ് യൂണിയനോ കൈക്കൊള്ളാതിരിക്കേണ്ടതും ആവശ്യമാണ്. അത്തരമൊരു മരവിപ്പിക്കൽ (സ്വയം പ്രധാനപ്പെട്ടൊരു കാര്യമാണത്) തന്ത്രപ്രധാനായുധങ്ങളുടെ പുരോഗമനോൻമുഖവും സമൂലവുമായ പരിമിതീകരണത്തിന്നും വെട്ടിക്കുറയ്ക്കലിന്നും കളമൊരുക്കും.

''ചുരുക്കത്തിൽ ഇതാണ് തന്ത്രപ്രധാനായുധങ്ങളുടെ കാര്യത്തിൽ നമ്മുടെ നിലപാട്.

''ആകാശത്തുനിന്നുള്ള ഒരു വരപ്രസാദമല്ല സമാധാനം, സമാധാനത്തെ നിലനിർത്തുകയും ബലപ്പെടുത്തുകയും ചെയ്വാൻ പ്രയാസകരമായ ദൈനംദിന സമരം ആവശ്യമാണ്. യുദ്ധത്തിൻെറ കഷ്ടപ്പാടുകരം അനുഭവിക്കാനിടവരാതെ, സമാധാനത്തിൻേറതായ സാഹചര്യങ്ങളിൽ വളരുകയും ജീവിക്കുകയും ചെയ്ക എന്നത് നിങ്ങളുടെ, യുവജനങ്ങളുടെ, ഭാഗ്യമാണ്. വിലപ്പെട്ട ഈ ആസ്തിയെ വിലമതിക്കുകയും കാത്തുസൂക്ഷിക്കുകയും വേണം.

''വിദേശാതിഥികളടങ്ങിയ പതിൻകണക്കിന് പ്രതിനിധിസംഘങ്ങരം കോൺഗ്രസ്സിൻെറ നടപടികളിൽ നിങ്ങളോടൊപ്പം പങ്കെടുക്കുന്നുണ്ട്. എല്ലാ

ഭൂഖണ്ഡങ്ങളിലേയും യുവജനങ്ങളുടെ പ്രതിനിധികളാണവർ. സമാധാനത്തിന്നുവേണ്ടി, മാനവരാശിയുടെ ഉജ്ജ്വലാദർശങ്ങൾക്കുവേണ്ടി, പൊരുതുന്ന ഈ യുവയോദ്ധാക്കളെ നാം അഭിവാദ്യം ചെയ്യുന്നു. സഹഭാവം ശക്തിപ്പെടുത്തുവാനും ഈ ഗ്രഹത്തിന്റെ സമാധാനപൂർണ്ണമായ ഭാവി അചഞ്ചലം ഉയർത്തിപ്പിടിക്കുവാനും നാം അവരെ ആഹ്വാനം ചെയ്യുന്നു. ലോകത്തിലെ യുവതലമുറയുടെ ഹസ്തങ്ങളിലാണ് സമാധാനത്തിന്റെ ദണ്ഡ്.

''പാർട്ടിയുടെ വിശ്വസ്തസഹായിയായ ലെനിനിസ്റ്റ് കോംസമോൾ നീണാൾ വാഴട്ടെ!

''സോവിയററ് യുവലോകത്തിന്ന് പുകഴ്!

''കമ്യൂണിസത്തിന്റെ ശിൽപികളായ സോവിയററ് ജനങ്ങൾ നീണാൾ വാഴട്ടെ!''

# അദ്ധ്വാനിക്കുന്ന ജനങ്ങളെക്കുറിച്ചും ഉൽപാദനത്തെക്കുറിച്ചുമുള്ള വ്യഗ്രത, ട്രേഡ്യൂണിയനുകളുടെ മുഖ്യ ധർമ്മം

## 17-ാം സോവിയററ് ട്രേഡ്യൂണിയൻ കോൺഗ്രസ്സിൽ ലിയനിദ് ബ്രെഷ്നേവിൻെറ പ്രസംഗം

പ്രിയപ്പെട്ട സഖാക്കളേ,

അഭിവന്ദ്യരായ വിദേശാതിഥികളേ,

സോവിയററുട്രേഡുയൂണിയനുകളുടെ ഈ കോൺഗ്രസ്സിനെ അഭിസംബോധനം ചെയ്വാൻ നമ്മുടെ പാർട്ടി സെൻട്രൽകമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോ എന്നെ ഭരമേൽപിച്ചിരിക്കുന്നു. സുപ്രധാനവും ബഹുമാന്യവുമായ ഒരു നിയോഗമാണ് ഇത്. നമ്മുടെ നാട്ടിൻെറ രാഷ്ട്രീയജീവിതത്തിൽ വമ്പിച്ചൊരു സംഭവമാണ് ട്രേഡ്യൂണിയൻ കോൺഗ്രസ്സ്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഏററവും അധികം പാളികൾ ഇവിടെ പ്രതിനിധാനം ചെയ്യപ്പെടുന്നു. വാക്കിൻെറ പൂർണ്ണതമവും ഉൽകൃഷ്ടതമവുമായ അർത്ഥത്തിൽ, മാതൃഭൂമിയുടെ മഹത്വത്തിന്നും പ്രതാപത്തിന്നും അസ്തിവാരമായി വർത്തിക്കുന്ന അദ്ധ്വാനത്തിൻെറ ഉടമകളുടെ പ്രതിപുരുഷരാണ് ഇവിടെ സമ്മേളിച്ചിട്ടുള്ളത്.

ട്രേഡ്യൂണിയനുകൾ ഇന്ന് നഗരസീമകളെ ഭേദിച്ചു ഗ്രാമപ്രദേശങ്ങളിലേക്ക്, കൂട്ടുകൃഷിക്കളങ്ങളിലേക്ക്, വ്യാപിച്ചിട്ടുള്ള സ്ഥിതിക്ക് അദ്ധ്വാനിക്കുന്ന

ജനങ്ങളുടെയാകെ ഒരു സംഘടനയായി മാറിയിരിക്കുന്നു അവ. അംഗസംഖ്യകൊണ്ടും (13 കോടി) ഗുണനിലവാരംകൊണ്ടും അനുപമമായ സംഘടനയാണത്.

പ്രത്യയശാസ്ത്രതലത്തിൽ, ഇത് എന്നും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നട്ടെല്ലായി വർത്തിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ലോകവീക്ഷണം സോവിയററു സമൂദായത്തിലെ സമസ്തവർഗ്ഗങ്ങളുടേയും സാമൂഹ്യവിഭാഗങ്ങളുടേയും പ്രത്യയശാസ്ത്രനിലപാട് നിർണ്ണയിക്കുന്നതായി ഒരിക്കൽകൂടി അടിവരയിട്ടുകാട്ടുന്നു. രാഷ്ട്രീയതലത്തിൽ, ഇതിന്നർത്ഥം സോവിയററ് ഗവർമ്മെണ്ടിന്റെ, മുഴുവൻ ജനങ്ങളുടേതുമായ നമ്മുടെ ഭരണകൂടത്തിന്റെ, അടിത്തറ മുമ്പെന്നത്തേക്കാളും ശക്തതരവും ദൃഢതരവുമായിത്തീർന്നിരിക്കുന്നുവെന്നാണ്. സാമൂഹ്യതലത്തിൽ, ഇത് പട്ടണവും നാട്ടിൻപുറവും തമ്മിലും കായികജോലിയും ബൗദ്ധികജോലിയും തമ്മിലുമുള്ള അന്തരങ്ങൾ നിർമ്മൂലനം ചെയ്യുന്ന പ്രക്രിയകൾ തുടർന്നു മുന്നോട്ടുപോകുന്നുവെന്ന വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. തൊഴിലാളിവർഗ്ഗവും കൂട്ടുകൃഷിക്കാരും അദ്ധ്വാനിക്കുന്ന ബുദ്ധിജീവികളുമെല്ലാം ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ ഭാഗങ്ങളാണെന്ന വസ്തുത സോവിയററുജനങ്ങളുടെ വർദ്ധമാനമായ ഐക്യത്തിന്റെ പ്രധാനപ്പെട്ട ഒരു ദൃഷ്ടാന്തമാണ്; വികസിത സോഷ്യലിസ്റ്റു സമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗതിയുടെ ഒരു ദൃഷ്ടാന്തമാണ്.

പ്രിയപ്പെട്ട സഖാക്കളേ, സി. പി. എസ്. യു, സെൻട്രൽ കമ്മിററിയിൽനിന്നും യു. എസ്. എസ്. ആർ. സുപ്രീം സോവിയററ് പ്രസീഡിയത്തിൽനിന്നും സോവിയററ് ഗവർമ്മെണ്ടിൽനിന്നുമുള്ള ഊഷ്മള ഹാർദ്ദാഭിവാദ്യങ്ങൾ കോൺഗ്രസ്സ് പ്രതിനിധികളായ നിങ്ങളേയും, നിങ്ങളെ ഈ കോൺഗ്രസ്സിലേക്ക് തിരഞ്ഞെടുത്തയച്ച എല്ലാവരേയും ഞാൻ അറി

യിച്ചുകൊള്ളട്ടെ. ട്രേഡ്യൂണിയനുകളുടെ ഈ 17-ാം കോൺഗ്രസ്സിൻെറ ഉദ്ഘാടനത്തിൽ സന്നിഹിതരായ എല്ലാവരേയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

സഖാക്കളേ, സോഷ്യലിസ്റ്റു സമുദായത്തിൻെറ രാഷ്ട്രീയവ്യവസ്ഥയിൽ ട്രേഡ്യൂണിയനുകൾക്ക് പ്രധാനപ്പെട്ട, ഒരു സ്ഥാനമാണുള്ളത്. ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിലും കമ്യൂണിസത്തെ പടുത്തുയർത്തുന്നതിൽ അദ്ധ്വാനിക്കുന്ന ജനങ്ങളെ പങ്കെടുപ്പിക്കുന്നതിലും ശക്തിമത്തായ ഒരുപകരണമാണവ. 26-ാം പാർട്ടി കോൺഗ്രസ്സിലും ഇതേവിലയിരുത്തൽ നടത്തപ്പെടുകയുണ്ടായി. നമ്മുടെ സംഭവബഹുലവും ഊർജ്ജസ്വലവുമായ കാലം മുൻവെയ്ക്കുന്ന ബഹുമുഖ കടമകൾ നിറവേററുന്നതിൽ സോവിയററു ട്രേഡ്യൂണിയനുകൾ വലിയൊരു പങ്ക്—അനുപേക്ഷണീയമായ പങ്ക് എന്ന് പറയാവുന്നതാണ്—വഹിക്കുന്നതായി കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആവേണ്ടവിധത്തിൽതന്നെയാണ്താനും ഇത്.

അഖിലയൂണിയൻ ട്രേഡ്യൂണിയൻ സെൻട്രൽ കൌൺസിലിൻെറ റിപ്പോർട്ടിനേയോ തുടർന്നുള്ള ചർച്ചയേയോ മുൻകൂട്ടിക്കാണാൻ ഒരുവിധത്തിലുമുദ്യമിക്കാതെ, ട്രേഡുയൂണിയൻ പ്രവർത്തനത്തെ, യൂണിയനുകളുടെ കടമകളെ, സംബന്ധിക്കുന്ന ചില ചിന്തകൾ നിങ്ങളുമായി പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ട്രേഡ്യൂണിയനുകൾ ഭരണനിർവ്വഹണത്തിൻെറ വിദ്യാലയമാണെന്നും സാമ്പത്തികമാനേജ്മെൻറിൻെറ വിദ്യാലയമാണെന്നും കമ്യൂണിസത്തിൻെറ വിദ്യാലയമാണെന്നുമുള്ള അർത്ഥത്തിൽ വ്ളദീമിർ ലെനിൻ പറഞ്ഞ വാക്കുകൾ നമുക്കെല്ലാം അറിയാമല്ലൊ. വളരെ ഉചിതവും അർത്ഥവത്തും മായാത്തതുമായ വാക്കുകളാണവ. സോഷ്യലിസത്തിൻകീഴിൽ ട്രേഡ്യൂണി

യൻ പ്രസ്ഥാനത്തെപ്പററിയുള്ള ലെനിൻെറ സങ്കൽപത്തിൻെറ സാരാംശത്തെ പ്രകടമാക്കുന്നു അവ. സോവിയററുവർഷങ്ങളിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഏതാനും തലമുറകഠം ഈ വിദ്യാലയത്തിലൂടെ കടന്നുപോന്നിട്ടുണ്ട്. ഓരോ പുതിയ തലമുറയോടൊപ്പം സാമൂഹ്യോൽപാദനത്തിൻെറ വളർച്ചയെ ത്വരിപ്പിക്കുവാനുള്ള യത്നങ്ങഠം അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടേയും തൊഴിൽസാഹചര്യങ്ങളും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുവാനും അവരുടെ അവകാശങ്ങഠം സംരക്ഷിക്കുവാനും അവരുടെ ജീവിതനിലവാരം ഉയർത്തുവാനുമുള്ള യത്നങ്ങളുമായി ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളിൽ അധികാധികം ഉററുകൂടിച്ചേരുന്നു.

ഈ മുഖ്യ പ്രവർത്തനമേഖലകളിൽ യൂണിയനുകഠം വമ്പിച്ചൊരളവിൽ കാര്യങ്ങഠം നിർവ്വഹിച്ചിട്ടുണ്ട്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സർഗ്ഗാത്മക യത്നങ്ങളെ ഉയർത്തിക്കാട്ടുന്നതിൽ വിലപ്പെട്ട അനുഭവങ്ങഠം അവ സഞ്ചയിച്ചിട്ടുണ്ട്. തൊഴിലാളിയോഗങ്ങളും സ്ഥിരം ഉൽപാദനസമ്മേനളങ്ങളുമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ യോഗങ്ങളിലും സമ്മേളനങ്ങളിലും അദ്ധ്വാനിക്കുന്ന ഓരോ വ്യക്തിയുടെയും അഭിപ്രായം മാനിക്കപ്പെടണം. സോഷ്യലിസ്റ്റ് മൽസരമാണ് ഞാൻ ഉദ്ദേശിക്കുന്നത്. സാമ്പത്തികവളർച്ചയുടെ ശക്തിമത്തായ ഒരു ഉത്തോലകമാണത്. ഉൽപാദനപരിപാടികഠം അഭിവൃദ്ധിപ്പെടുത്തുവാനുള്ള അണികളുടെ പ്രസ്ഥാനത്തെയാണ്, കണ്ടുപിടുത്തക്കാരുടേയും നവീകർത്താക്കളുടേയും പ്രസ്ഥാനത്തെയാണ്, ഞാൻ ഉദ്ദേശിക്കുന്നത്. ഉയർന്ന പ്രവർത്തനസമ്പ്രദായമേർപ്പെടുത്തലും, അദ്ധ്വാദനാൽപാദനക്ഷമത ഉയർത്തുകയും ഏററവും പുതിയ ശാസ്ത്രീയ-സാങ്കേതിക നേട്ടങ്ങളെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തുകയും വിഭവങ്ങഠം ചുരുക്കി ചിലവാക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ലക്ഷ്യമാ

ക്കിയുള്ള സൃഷ്ടിപരമുൻകൈകളും പുതിയ ആശയങ്ങളുമാണ് ഞാൻ ഉദ്ദേശിക്കുന്നത്.

സാമൂഹ്യപ്രക്രിയകളേയും സാമ്പത്തികവളർച്ചയേയും ബഹുജനവിദ്യാഭ്യാസത്തേയും സ്വാധീനിക്കുവാൻ ട്രേഡുയൂണിയനുകൾക്ക് വ്യത്യസ്തങ്ങളായ പല മാർഗ്ഗോപായങ്ങളുമുണ്ട്. പക്ഷേ, ട്രേഡ് യൂണിയനുകൾ അവ വേണ്ടത്ര ഫലപ്രദമാംവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ? ഇല്ലെന്നുള്ളത് വ്യക്തമാണ്. ട്രേഡ്യൂണിയൻ യോഗങ്ങളിലും സമ്മേളനങ്ങളിലും മേഖലാടിസ്ഥാനത്തിലും റിപ്പബ്ലിക്കടിസ്ഥാനത്തിലുമുള്ള ട്രേഡ്യൂണിയൻ കോൺഗ്രസ്സുകളിലും ഇത് എടുത്തുകാട്ടപ്പെടുകയുണ്ടായി. റിപ്പോർട്ടു തിരഞ്ഞെടുപ്പ് ക്യാമ്പെൻ വേളയിൽ വേണ്ടത്ര വ്യക്തതയോടെ പ്രകടമായിക്കണ്ട കാര്യമാത്ര—സ്വയംവിമർശന സ്പിരിട്ട് ഈ കോൺഗ്രസ്സിൽവെച്ച് ഊട്ടിയുറപ്പിക്കപ്പെടുക മാത്രമല്ല, അതിന്ന് ഒരു നവോത്തേജനം സിദ്ധിക്കുകകൂടി ചെയ്താൽ, നന്നായേനെ, പ്രയോജനപ്രദമായേനെ.

ട്രേഡ്യൂണിയൻ സംഘടനകൾ ഇന്നത്തെ ആവശ്യങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും കൂടുതൽ ഊർജ്ജസ്വലമായും പുനരാകൃതിപ്പെടുത്തണം. അവ പുതിയ സാമ്പത്തിക-സാമൂഹ്യപ്രശ്നങ്ങൾ കൂടുതൽ ധീരമായി കൈകാര്യം ചെയ്യണം; ശാസ്ത്രീയ നിഗമനങ്ങളെ കൂടുതൽ വിപുലമായുപയോഗപ്പെടുത്തുകയും തങ്ങളുടെ പ്രവർത്തകരുടെ പ്രാവീണ്യം അനവരതം ഉയർത്തുകയും വേണം.

കാര്യനിർവ്വഹണശേഷി, പുതിയവയോടുള്ള ആവേശം, ബഹുജനങ്ങളുമായി ഏററവും ഉററ ബന്ധം, ജനങ്ങളോടുള്ള പരിഗണന, മനുഷ്യമനസ്സിൻേറയും ഹൃദയത്തിൻേറയും വ്യാപാരങ്ങളെപ്പററിയുള്ള ഒരു ഗ്രഹിതം എന്നിവ നമ്മുടെ കാലഘട്ടത്തിലെ ട്രേഡ്

യൂണിയൻ ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ്.

ഓരോ പുതിയ വികാസഘട്ടവും അതിൻേറതായ കടമകൾ മുൻവെക്കാറുള്ളത് നാം പലതവണ കണ്ടിട്ടുള്ളതാണല്ലോ. അത് അവയ്ക്ക് മൂർത്തമായ പുതിയ അർത്ഥം നൽകുകയും അവ നിറവേററുന്നതിൽ പുതിയ സമീപനങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു. ഉദാഹരണത്തിന്ന് സമ്പദ്വിധാനത്തെ എടുക്കുക. അതിൻെറ തോതുകൾ മാറിയിരിക്കുന്നു. പ്രവർത്തനസ്വഭാവം മാറിയിരിക്കുന്നു. സാമ്പത്തികവികസനത്തിൻെറ മുഖ്യദിശകൾ മാറിയിരിക്കുന്നു. ഗവർമ്മെണ്ടു സ്ഥാപനങ്ങളുടേയും സാമ്പത്തിക മാനേജ്മെൻറ് വിധാനത്തിൻേറയും ട്രേഡ്യൂണിയനുകളുടേയും (എന്ന് പ്രത്യേകം പറയേണ്ടതില്ല) പൊതു ലക്ഷ്യം ഇന്ന് സമ്പദ്വിധാനത്തെ കടുങ്ങനെയുള്ള വളർച്ചക്ക് സജ്ജമാക്കുക, അതിനെ യഥാർത്ഥത്തിൽ ആദായകരമാക്കുക എന്നതാണ്.

ജോലി ചെയ്യുന്ന ഓരോ വ്യക്തിയേയും സമീപിക്കുക, പാർട്ടിയുടെ സാമ്പത്തികനയത്തിൻെറ നിബന്ധനകൾ അവന്ന് മനസ്സിലാക്കിക്കൊടുക്കുകയും അവനെ അവയിലേക്ക് ആകർഷിക്കുകയും ചെയ്യുക, ഈ നയം അവൻെറ ജീവൽതാൽപര്യങ്ങൾക്ക് നിരക്കുന്ന ഒന്നാണെന്നും അതിനാൽ തൻെറ മുൻകൈകൊണ്ടും തൻെറ സൃഷ്ട്യുൻമുഖ ശ്രമങ്ങൾകൊണ്ടും അതിൻെറ പൂർണ്ണ വിജയത്തിലേക്ക് സംഭാവന ചെയ്യേണ്ടത് ഓരോ വ്യക്തിയുടേയും കർത്തവ്യവുമാണെന്നും അവനെ ബോദ്ധ്യപ്പെടുത്തുക — ഇതാണ് സഖാക്കളേ, 11-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് യൂണിയനുകളുടെ അങ്ങേയററം കാലികപ്രാധാന്യമുള്ള കടമ എന്ന് ഞാൻ പറയും.

ഓരോ മൂർത്തവിഭാഗത്തിലും പ്രവർത്തനം കൂടുതൽ നന്നായി, കൂടുതൽ ഫലപ്രദമായി, എങ്ങിനെ

സംഘടിപ്പിക്കും? കേവലം സാമാന്യമായല്ല, മറിച്ച് മൂർത്തമായി, നിശ്ചിതമായ ഒരു പ്രവർത്തനസ്ഥലത്ത് ശാസ്ത്രീയവും സാങ്കേതികവുമായ സിദ്ധികാം എങ്ങിനെ പ്രയോഗിക്കും? അതാത് സ്ഥാപനത്തിലും അതാത് വ്യവസായത്തിലും അദ്ധ്വാനോൽപാദനക്ഷമത ഉയർത്തുവാനും പദാർത്ഥങ്ങളും മനുഷ്യശക്തിയും ഏററവും ചുരുക്കി ചിലവാക്കുവാനും എന്തു ചെയ്യണം, എങ്ങിനെ ചെയ്യണം? ഈ ചോദ്യങ്ങാംക്ക് ഉത്തരം നൽകേണ്ടത് മാനേജ്മെൻറ് മാത്രമല്ല, യൂണിയനുകാംകൂടിയാണ്. ഓരോ ട്രേഡ്യൂണിയനും, ഓരോ ട്രേഡ്യൂണിയൻ സംഘടനയും, തങ്ങളുടെ പ്രായോഗികപ്രവർത്തനത്തെ പാർട്ടിയുടെ മാർഗ്ഗരേഖകളുടെ മൂർത്തീഭാവമാക്കിത്തീർക്കുന്നതിന്ന് കഴിയുന്നത്ര മൂർത്തമായും കാര്യക്ഷമമായും പ്രവർത്തിക്കുക എന്നത് വളരെ പ്രധാനമാണ്. ചാരിയിരുന്നാലോചിക്കുവാൻ നമുക്ക് സമയമില്ല, ചെയ്യുവാനുള്ള പ്രവൃത്തിയുണ്ട്. നാം അത് ചെയ്യണം.

11-ാം പഞ്ചവൽസരപദ്ധതിയുടെ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ് നാം ഇപ്പോാം. സോവിയററ്യൂണിയനിലെ ജനങ്ങാം 26-ാം കോൺഗ്രസ്സിൻെറ തീരുമാനങ്ങാംക്ക് സർവ്വാത്മനാ പിന്തുണ നൽകുന്നു. സ്വന്തം ശേഷികളിലുള്ള പൂർണ്ണമായ ആത്മവിശ്വാസത്തോടെയാണ്, തങ്ങാംക്ക് നിരവ്വഹിക്കുവാനുള്ള കടമകളുടെ സങ്കീർണ്ണതയേയും മഹത്വത്തേയും കുറിച്ചുള്ള വ്യക്തമായ ധാരണയോടെയാണ്, അവർ മുന്നോട്ടു പോകുന്നത്. ഇതാണ് നമ്മുടെ രാജ്യത്തിൻെറ ഖണ്ഡിതമായ ദൈനംദിന പ്രവർത്തനശീലത്തിന്ന്, ഫാക്ടറിയിലും വയലിലുമുള്ള ആത്മാർത്ഥമായ പ്രവർത്തനത്തിന്ന്, നിദാനം.

സ്ഥാപനങ്ങളിലും സംഘടനകളിലുമുള്ള തൊഴിലാളികളോട് നമ്മുടെ അകമഴിഞ്ഞ കൃതജ്ഞത പ്രകടിപ്പിക്കുന്നതിന്ന് എല്ലാ ന്യായവുമുണ്ട്, തങ്ങളെടുത്ത പ്രതിജ്ഞകാം വിജയകരമായി നിറവേററുകയും

അതിപൂർത്തീകരിക്കുകയും ചെയ്യുന്നവരാണവർ. അർപ്പണമനോഭാവത്തോടെയും ആവേശത്തോടെയും ജോലിചെയ്യുന്നവരാണവർ. സഖാക്കളേ, ഈ വേദിയിൽ നിന്ന് പ്രസംഗിക്കുന്ന ഞാൻ ട്രേഡ്‌യൂണിയനുകളോടും കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. നമ്മുടെ വിജയങ്ങളിലേക്കും നമ്മുടെ സിദ്ധികളിലേക്കും നേരിട്ട് ഉടനടി സംഭാവന ചെയ്യുന്നത് അവയാണ്.

നമ്മുടെ രാജ്യത്ത് ആയിരക്കണക്കിൽ മുന്നിരക്കാരും മുന്നിരസ്ഥാപനങ്ങളുമുണ്ട്. ആലങ്കാരികമായി പ്പറഞ്ഞാൽ, അവർ രംഗപരിശോധന നിർവ്വഹിച്ച് തന്ത്രസ്ഥാനങ്ങൾ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. പക്ഷെ, സ്കൗട്ടുകൾ സ്വയം വിജയം കൈവരുത്താറില്ലെന്നു നമുക്ക് അറിയാമല്ലൊ. ഇതിന്ന് നാം മുഴുവൻ സേനയേയും രംഗത്തിറക്കി സമഗ്രമായ ഒരു കടന്നാക്രമണം സംഘടിപ്പിക്കണം, മുന്നേറുന്ന തൊഴിലാളിപ്പടയുടെ മുന്നിരയിലാണ് യൂണിയനുകളുടെ സ്ഥാനം.

സഖാക്കളേ, ട്രേഡ്‌യൂണിയൻ കോൺഗ്രസ്സുകളിൽ അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളെ, രാഷ്ട്രത്തെയാകെ, ബാധിക്കുന്ന ജീവൽപ്രധാനങ്ങളും അടിയന്തിരങ്ങളുമായ പ്രശ്നങ്ങൾ എന്നും ഉന്നയിക്കപ്പെട്ടുപോന്നിട്ടുണ്ട്. ഭക്ഷണസ്ഥിതി ഇന്നു ഈ പ്രശ്നങ്ങളിലൊന്നാണ്. നിലവിലുള്ള പ്രയാസങ്ങൾ പാർട്ടിക്കും ഗവർമ്മെണ്ടിന്നും നന്നായറിയാം. അവ തരണം ചെയ്യുന്നതിന്ന് സാദ്ധ്യമായതെല്ലാം ചെയ്തുവരുന്നുമുണ്ട്. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ഒരു പ്ലീനറിയോഗത്തിൽ, ഈ പ്രശ്നം സമൂലം പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ വിവരിക്കുന്ന ഒരു ഭക്ഷണപരിപാടി നാം പരിശോധിക്കുന്നതാണ്. എങ്കിലു, കൃഷിയിലായാലും ബന്ധപ്പെട്ട വ്യവസായങ്ങളിലായാലും ഇനി ഒട്ടും വൈകിക്കൂടാത്തവയായി ധാരാളം അടിയന്തിരകാര്യങ്ങളുണ്ട്. ഭക്ഷണ വിതര

ണം മെച്ചപ്പെടുത്തുന്നതിന്ന് ഉടനടി കൈകാര്യം ചെയ്യാവുന്നവയും ചെയ്യേണ്ടവയുമാണവ.

ട്രേഡ്‌യൂണിയനുകഠം തങ്ങളുടെ ശേഷികഠം പ്രയോഗിക്കേണ്ട വിശാലമായൊരു രംഗമാണിത്. ഭക്ഷണശേഖരം മെച്ചപ്പെടുത്തുകയും നഷ്ടങ്ങഠം തടയുകയും ചെയ്യുന്ന കാര്യത്തിലേക്ക് പൊതുജനശ്രദ്ധ ക്ഷണിക്കുക എന്നത് അവയുടെ പ്രത്യക്ഷമായ ജോലിയാണ്. സ്റ്റേററ് കൃഷിക്കളങ്ങളിലും കൂട്ടുകൃഷിക്കളങ്ങളിലുമുള്ള യൂണിയൻ സംഘടനകഠം എല്ലാ പ്രാദേശിക ഭക്ഷണ സംസ്കരണവിഭവങ്ങളുടേയും ഉപയോഗം സംബന്ധിച്ച പ്രശ്നങ്ങഠം സമർത്ഥമായി കൈകാര്യം ചെയ്യണം. സ്ഥാപനങ്ങളുടെ അനുബന്ധ കൃഷിക്കളങ്ങളിലായാലും വ്യക്തിഗതത്വത്തിൽ തങ്ങളുടെ ഭാഗം ഏറെറടുക്കുവാനുള്ള സന്നദ്ധത, എല്ലാ സാമ്പത്തിക മാനേജർമാരും പ്രദർശിപ്പിക്കുന്നില്ല. ഉൽപാദന മാനേജ്മെൻറിലെ ന്യൂനതകളുടേയും പഴഞ്ചൻ രീതിയിലുള്ള ചിന്തയുടേയും ഫലമാണിത്. ഇതൊക്കെ ടീംസമ്പ്രദായത്തിൻെറ സാരസത്തയെത്തന്നെ, അതിൻെറ അടിത്തറയെത്തന്നെ, തുരങ്കം വെക്കുന്നു.

ഇനി ഞാൻ തികച്ചും വിഭിന്നമായ ഒരു തുറയെ സംബന്ധിക്കുന്ന വിഷയത്തെ സ്പർശിക്കട്ടെ. ടീം വർക്ക് സംഘാടനത്തിൻേറയും ചോദകങ്ങളുടേയും പുതിയ രൂപങ്ങളാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഉൽപാദന കാര്യക്ഷമത ഉയർത്തുന്നു ഈ സമ്പ്രദായങ്ങഠം. ഇന്നത്തെ ഘട്ടത്തിലുള്ള പാർട്ടിയുടെ സാമ്പത്തികതന്ത്രത്തിന്ന് തികച്ചും അനുയോജ്യവുമാണവ. നടപ്പുപഞ്ചവൽസരപദ്ധതിക്കാലത്ത് അവ ഏററവും വിപുലമായ തോതിൽ നടപ്പാക്കപ്പെടുമെന്ന് നിങ്ങഠംക്കറിയാമല്ലൊ.

സമഗ്രമായ ഒരു ജോലി ഏറെറടുക്കുന്ന സംയുക്ത ടീമുകഠം സമയവും മനുഷ്യശക്തിയും പദാർത്ഥങ്ങ

ളും ഗണ്യമായി ലാഭിക്കുന്നു. ഈ ടീമുകളിൽ അച്ചടക്കം ദൃഢതരമാണ്; സമ്പാദ്യം കൂടുതൽ ഉയർന്നതാണ്; ഇളംതൊഴിലാളികരം കൂടുതൽ എളുപ്പത്തിൽ തൊഴിൽപാടവങ്ങരം വശമാക്കുന്നു. സ്വാഭാവികമായും, അദ്ധ്വാനോൽപാദനക്ഷമതയും ഈ ടീമുകളിൽ കൂടുതൽ ഉയർന്നതാണ്. ഒരൊററ ഉദാഹരണം പറയാം. 10-ാം പഞ്ചവൽസരപദ്ധതിക്കാലത്തിൻെറ അന്ത്യത്തിൽ, ഈ ടീമുകളിൽ പ്രവർത്തിച്ച എടുപ്പുപണിക്കാരുടെ ഉൽപാദനക്ഷമത ഈ വ്യവസായത്തിന്നുവേണ്ട ശരാശരിയേക്കാരം മൂന്നിലൊന്നധികമാണ്. ഈ അന്തരം ശ്രദ്ധേയമാണെന്ന് നിങ്ങരംക്ക് കാണാൻ കഴിയും.

കാര്യക്ഷമമായി, ബുദ്ധിപൂർവ്വകമായും എന്നുകൂടി ഞാൻ പറയും, പ്രവർത്തിക്കുന്ന സുസംഘടിതമായ ഒരു ടീം തൊഴിലാളികളുടെ കാര്യനിർവ്വഹണപാടവം വളർത്തുന്നതിന്നുള്ള ഒരു യഥാർത്ഥ സ്കൂളാണ്; സൃഷ്ടിപരമുൻകയ്യിൻെറ ഒരു പരീക്ഷണശാലയുമാണത്. അത്തരമൊരു ടീമിലെ അംഗങ്ങരം തങ്ങളുടെ ദൈനംദിനപ്രവർത്തനത്തിന്നിടയിൽ നമ്മുടെ കാലഘട്ടത്തിൽ അത്യാവശ്യമായ സാമ്പത്തികപരിജ്ഞാനം മാത്രമല്ല, രാഷ്ട്രീയപരിജ്ഞാനംകൂടി ആർജ്ജിക്കുന്നു. അത്തരമൊരു ടീം ഒരു വ്യക്തിയിൽ താൻ തൻെറ ഫാക്ടറിയുടെ യജമാനനാണ്, തൻെറ രാജ്യത്തിൻെറ യജമാനനാണ്, എന്ന ബോധം യഥാർത്ഥത്തിൽ വളർത്തുന്നു.

അത്തരം ടീമുകളുടെ മികവുകരം ആർക്കും എടുത്തുകാട്ടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ, എല്ലായ്പോഴും സുസ്ഥിരമായല്ല, മെല്ലെയാണ് ടീം സമ്പ്രദായംനടപ്പാക്കപ്പെട്ടുവരുന്നത്. ടീമുകരം പൊളിയുന്ന അനുഭവങ്ങളുമുണ്ട്. ഇതിന്നുള്ള കാരണങ്ങരം എന്തൊക്കെയാണ്?

ഒരു ടീം രൂപീകരിക്കുകമുഖേന മുന്നിര തൊഴിലാളികരം ഭരമേൽപിക്കപ്പെട്ട മുഴുവൻ പ്രവർത്തനവും

നിശ്ചിതസമയത്തും ഉയർന്ന ഗുണനിലവാരത്തിലും നിറവേററുന്ന ഉത്തരവാദിത്വം ഏറെറടുക്കുവാനുള്ള ആഗ്രഹവും സന്നദ്ധതയും പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്. പക്ഷെ, നിർഭാഗ്യമെന്നു പറയട്ടെ, ടീമുകരംക്ക് അവയുടെ പ്രവർത്തനത്തിന്നാവശ്യമായ സാഹചര്യങ്ങരം പ്രദാനം ചെയ്വാനുള്ള സന്നദ്ധത, ഉത്തരവാദിത്വത്തിൽ തങ്ങളുടെ ഭാഗം ഏറെറടുക്കുവാനുള്ള സന്നദ്ധത, എല്ലാ സാമ്പത്തികമാനേജർമാരും പ്രദർശിപ്പിക്കുന്നില്ല. ഉൽപാദന മാനേജ്മെൻറിലെ ന്യൂനതകളുടേയും പഴഞ്ചൻരീതിയിലുള്ള ചിന്തയുടേയും ഫലമാണിത്. ഇതൊക്കെ ടീം സമ്പ്രദായത്തിൻെറ സാരസത്തയെത്തന്നെ, അതിൻെറ അടിത്തറയെത്തന്നെ, തുരങ്കംവെക്കുന്നു.

അതിനാൽ, സ്വയംപര്യാപ്തങ്ങളായ ടീമുകരംക്ക് വ്യക്തമായ ഒരു പാത പ്രദാനം ചെയ്യുന്നതിന്ന് നാം സാമ്പത്തികമാനേജ്മെൻറ് പ്രവർത്തനവിധാനത്തെ തുടർന്ന് അഴിച്ചുപണിയുകയും പദാർത്ഥങ്ങളുടേയും യന്ത്രങ്ങളുടേയും സപ്ലൈ മെച്ചപ്പെടുത്തുകയും പ്രവർത്തനാസൂത്രണത്തോടും അക്കൗണ്ടിങ്ങിനോടുമുള്ള ഔപചാരികമായ സമീപനത്തെ എതിർത്തു പരാജയപ്പെടുത്തുകയും ചെയ്യണം. ട്രേഡ്യൂണിയനുകരം ഓരോന്നും അതിൻെറ വ്യവസായത്തിലും അതാതിൻെറ മേഖലയിലും, പുരോഗമനോൻമുഖമായ ഈ പ്രവർത്തനസംഘാടനരൂപത്തെ സജീവമായി കൊണ്ടുപിടിച്ചു ഒത്തുപിടിച്ചു വികസിപ്പിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

സാമ്പത്തികമാനേജ്മെൻറ് പ്രവർത്തനവിധാനത്തെ മെച്ചപ്പെടുത്തുന്നതിൽ ട്രേഡ്യൂണിയനുകരം പങ്കെടുക്കുക എന്നത് സ്വാഭാവികമായും പ്രവർത്തന ടീമുകളുടെ ചട്ടക്കൂട്ടിന്നതീതമായിട്ടുള്ളതാണ്. തൊഴിലാളികളുടെ വ്യക്തിഗത താൽപര്യങ്ങളെ ഫാക്ടറിയുടേയും സമുദായത്തിൻെറയാകേയും താൽപര്യങ്ങളുമായി ഏററവും നന്നായി എങ്ങിനെ കൂട്ടിയിണക്കും?

കായികാദ്ധ്വാനം എങ്ങിനെ പരമാവധി കുറയ്ക്കും? ''അധികപ്പററു'' തൊഴിലാളികളെ എങ്ങിനെ വിട്ടയക്കും? അവർ നമ്മുടെ രാജ്യത്ത് അധികപ്പററല്ലതന്നെ. മററു മേഖലകളിൽ അവരെ വളരെയേറെ ആവശ്യമുണ്ട്. പ്രവൃത്തിയും പ്രതിഫലവും തമ്മിൽ അത്യന്തം പ്രത്യക്ഷവും പ്രസ്പഷ്ടവുമായ ബന്ധം എങ്ങിനെ സ്ഥാപിക്കും? ഈ ചോദ്യങ്ങൾക്കും ഇതുപോലുള്ള മററു ചോദ്യങ്ങൾക്കും ഉത്തരം നൽകുക ഗവേഷണ കേന്ദ്രങ്ങളുടെ, ശാസ്ത്രജ്ഞരുടെ മാത്രം ജോലിയല്ല. ഉൽപാദനകൂട്ടായ്മകൾക്കും തൊഴിലാളികളുടെ പൊതുയോഗങ്ങൾക്കും ഇതിലേക്ക് വലിയ സംഭാവന നൽകുവാൻ കഴിയും, അവ നൽകണം.

പ്രായോഗികചിന്തയും അനുഭവജ്ഞാനവുമുള്ള ആളുകളുടെ അഭിപ്രായങ്ങൾ ശ്രദ്ധിക്കുകയും വിലയിരുത്തുകയും വേണം, ട്രേഡ്യൂണിയനുകൾ ഇക്കാര്യത്തിൽ സഹായിക്കണം.

സഖാക്കളേ, സമ്പദ്വിധാനത്തെ വികസിപ്പിക്കുവാനുള്ള യത്നങ്ങൾ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനുള്ള യത്നങ്ങളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ഉൽപാദനം വിപുലപ്പെടുത്താതെ ജീവിതനിലവാരം ഉയർത്താനാവില്ല. അപ്രകാരംതന്നെ, തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന്നനുസരിച്ച് അത്രയും ദ്രുതതരമായി ഉൽപാദനം വളരും. സോഷ്യലിസ്റ്റ് ജീവിതരീതിയുടെ ഒരു മൗലികപ്രമാണമാണത്. നമ്മുടെ സമുദായം എത്ര കണ്ടു പരിപക്വമായിത്തീരുന്നുവോ അത്രകണ്ട് കൂടുതൽ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങളിൽ—പാർപ്പിടം, ഭക്ഷണവിതരണം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം എന്നിവയിൽ—വ്യക്തിയുടെ ജീവിതസൗകര്യങ്ങളെ മാത്രമല്ല, അവൻെറ മനോഘടനയെക്കൂടി നിർണ്ണയിക്കുന്ന എല്ലാററിലും ശ്രദ്ധ പതിപ്പിക്കുവാൻ നമുക്കു കഴിയുന്നു, നാം ശ്രദ്ധ പതിപ്പിക്കണം.

ഭരണകൂടം മുഴുവൻ ജനതയുടേയും താൽപര്യങ്ങളേയും ഹിതത്തേയും പ്രകാശിപ്പിക്കുന്ന ഒരു രാജ്യത്ത് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളേയും അവകാശങ്ങളേയും സംരക്ഷിക്കുക എന്ന ട്രേഡ്‌യൂണിയൻ ചുമതല അപ്രസക്തമായിക്കഴിഞ്ഞില്ലേ എന്ന ചോദ്യം ഉദിക്കാവുന്നതാണ്. ഇല്ല, തീർച്ചയായും അത് അപ്രസക്തമായിക്കഴിഞ്ഞിട്ടില്ല. ട്രേഡ്‌യൂണിയനുകൾക്ക്, മുതലാളിത്തരാജ്യങ്ങളിലെപ്പോലെ, തൊഴിലെടുക്കുന്ന വ്യക്തിയെ ഭരണകൂടത്തിൽനിന്നോ മേധാവിയിൽനിന്നോ രക്ഷിക്കേണ്ടതില്ല. ചില വ്യക്തികളോ സമിതികളോ സോവിയററ് നിയമങ്ങൾ ലംഘിക്കുക എന്നതിൽനിന്ന് അവ അവനെ രക്ഷിക്കുന്നു.

നിയമങ്ങളിൽനിന്നും ചട്ടങ്ങളിൽനിന്നുമുള്ള, തൊഴിൽനിയമങ്ങളിൽനിന്നുള്ള, എല്ലാ വ്യതിയാനങ്ങൾക്കുമെതിരായ ഒരു സന്ധിയില്ലാനിലപാട് ട്രേഡ്‌യൂണിയനുകൾ കൈക്കൊള്ളണം. എന്നാൽ അത് മാത്രം പോര. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുക എന്ന സാദ്ധ്യതതന്നെ ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷം ട്രേഡ്‌യൂണിയൻ പ്രവർത്തനംകൊണ്ടുണ്ടാവണം. അഹങ്കാരത്തിൻേറയും അനാസ്ഥയുടേയും ലാഞ്ഛന അചിന്ത്യമാകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാവണം. ഈ ദൂഷ്യങ്ങളുള്ള ചില മാനേജർമാർ ഇനിയുമുണ്ട്.

ചുവപ്പ്നാടയെ യൂണിയനുകൾ നിരന്തരം എതിർക്കണം. ചില ട്രേഡ്‌യൂണിയൻ ഭാരവാഹികളും ആ സുഖക്കേടിൽനിന്ന് വിമുക്തരല്ലെന്ന് ഞാൻ പറഞ്ഞാൽ സഖാക്കളേ, നിങ്ങൾ മുഷിയുകയില്ലെന്ന് ഞാൻ ആശിക്കുന്നു.

നാനാവിധ സങ്കീർണ്ണചുമതലകൾ നിറവേററുവാൻ ബാദ്ധ്യതപ്പെട്ട സംഘടനയാണ് ട്രേഡ്‌യൂണിയനുകൾ. അവയ്ക്ക് അതിന്ന് തക്ക ഉദ്യോഗസ്ഥ

രില്ലാതെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാവില്ലെന്നത് വ്യക്തമത്രെ. ഈ ഉദ്യോഗസ്ഥരുടെ ഫലപ്രദത്വം അവരുടെ സംഖ്യയേക്കാറം സുവ്യവസ്ഥിതവും സന്തുലിതവുമായ ഘടനയേയും സൂക്ഷ്മമായ പ്രവർത്തനസംഘാടനത്തേയും ആശ്രയിച്ചാണിരിക്കുന്നത്. ഈ വിഷയത്തിൽ ഇവിടെ എല്ലാം ക്രമത്തിലാണെന്ന് നമുക്ക് കരുതാമോ? പ്രത്യക്ഷത്തിലല്ല.

ജനങ്ങറംക്കിടയിൽ കൂടുതൽ സമയവും, കടലാസ്സ്പ്രവർത്തനത്തിൽ കുറഞ്ഞ സമയവും ചിലവഴിക്കുക എന്നതാണ് ട്രേഡ്യൂണിയൻ ഭാരവാഹികളെസ്സംബന്ധിച്ചേടത്തോളം മുഖ്യ സംഗതി. യൂണിയൻ പ്രവർത്തകരെ, പ്രഗൽഭരും പ്രാപ്തരുമായ യൂണിയനംഗങ്ങളെ, കൂടുതൽ ഉറപ്പോടെ ആധാരമാക്കുക. മററുവിധത്തിൽ പറഞ്ഞാൽ, ഇവിടേയും ചുവപ്പുനാടക്കെതിരായുള്ള പോരാട്ടത്തിൽ, ഉത്തമപരിഹാരം സോഷ്യലിസ്റ്റ് ജനാധിപത്യത്തെ പരമാവധി വളർത്തുകയാണ്.

തൊഴിൽകൂട്ടായ്മകളുടെയാകെ പ്രവർത്തനങ്ങളിലും ഓരോ വ്യക്തിയുടേയും തനിപ്പെട്ട സ്വഭാവവിശേഷങ്ങളിലും ഒരുപോലെ ട്രേഡ്യൂണിയനുകറം താൽപര്യമെടുക്കണം. ജോലിയിൽ സോവിയററ് വ്യക്തിയുടെ ഉത്തമലക്ഷണങ്ങറം, സോവിയററ് മനുഷ്യൻെറ ഉത്തമഗുണങ്ങറം, പൂർണ്ണതമമായി അനാവൃതമാകുംവിധമുള്ള ഒരന്തരീക്ഷം, സാമൂഹ്യ-മനഃശാസ്ത്രപരവും ധാർമ്മികവുമായ ഒരു കാലാവസ്ഥ, സൃഷ്ടിക്കുന്ന കാര്യത്തിൽ നിരന്തര ശ്രദ്ധപതിപ്പിക്കണമവ. ഇന്ന് ഈ കോൺഗ്രസ്സിൽ അതിനെപ്പററിയുള്ള പരാമർശം തികച്ചും സംഗതമായി ഞാൻ കരുതുന്നു.

യൂണിയനുകറം, സമസ്ത പൊതുജനത്തേയും പോലെ, എല്ലാ പുരോഗമനാശയങ്ങറംക്കും പരമാവ

ധി പിന്തുണ നൽകണം. ആത്മാർത്ഥമായി ജോലി ചെയ്യുന്ന എല്ലാവരോടും ഒരു ആദരബോധം വളർത്തണം; അതേസമയം സ്ഥിരം മദ്യപാനികളോടും ജോലിയിൽ അനാസ്ഥയും അമാന്തവും കാട്ടുന്നവരോടും ജനങ്ങളുടെ സ്വത്ത് മോഷ്ടിക്കുന്നവരോടും സന്ധിയില്ലാനിലപാട് കൈക്കൊള്ളുകയും വേണം. അത്തരമാളുകൾ അധികമില്ലെങ്കിലും അവർ അദ്ധ്വാനിക്കുന്ന മനുഷ്യന്റെ അന്തസ്സിന്ന് കളങ്കം ചാർത്തുന്നു. അവരുടെ അഭിമാനത്തിന്നും അവരുടെ കീശയ്ക്കും ക്ഷതമേൽക്കുംവിധത്തിൽ അവരെ ശിക്ഷിക്കണം. നമ്മുടെ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്കയും പരിഷ്കരിക്കുകയും ചെയ്യുമ്പോൾ പരിഗണിക്കേണ്ട ഒരു കാര്യമാണിത്.

കോൺഗ്രസ്സ് പ്രതിനിധികളുമായി പങ്കിടുവാൻ ഞാൻ ഉദ്ദേശിക്കുന്ന മറ്റൊരാശയമിതാണ്. പാർപ്പിടവിതരണത്തിലും വ്യാപാരത്തിന്റേയും പൊതുഭോജനശാലകളുടേയും സംഘാടനത്തിലും ആരോഗ്യസേവനങ്ങളിലുമുള്ള പോരായ്മകളെപ്പററി കുറെയേറെ കത്തുകൾ സി. പി. എസ്. യു. സെൻട്രൽ കമ്മിററിക്ക് ലഭിക്കുന്നുണ്ട്. അഖിലയൂണിയൻ ട്രേഡ്യൂണിയൻ സെൻട്രൽ കൗൺസിലിന്നു ലഭിക്കുന്നതായി എനിക്കറിയാം. ഈ പ്രവർത്തനമേഖലകളിൽ കൂടുതൽ കർശനമായ മേൽനോട്ടം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കേണ്ട സമയമായിരിക്കുന്നുവെന്നത് സ്പഷ്ടമാണ്.

നമുക്ക് ജനകീയ നിയന്ത്രണത്തിന്റേതായ ഒരു വിധാനമുണ്ട്; നമുക്ക് പൊതുനിയന്ത്രണ കമ്മീഷനുകളും ഗ്രൂപ്പുകളുമുണ്ട് എന്ന് തീർച്ചയായും ചിലർ പറഞ്ഞേന്ന് വരും. ഉവ്വ്, അവയൊക്കെയുണ്ട്. പക്ഷേ, നമുക്ക് സ്വയം ചോദിക്കുക: നമ്മുടെ ഇൻസ്പെക്ടർമാർ എല്ലായ്പോഴും സമർത്ഥമായും ഫലപ്രദമായും പരിശോധിക്കാറുണ്ടോ? എല്ലായ്പോ

ഴുമില്ല. അല്ലാത്തപക്ഷം, ഞാൻ പറഞ്ഞ കത്തുകരം എഴുതുമായിരുന്നില്ല.

പരിശോധന, ജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി നേരിട്ടു ബന്ധപ്പെട്ട തുറകളിൽ വിശേഷിച്ചും, കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ടെന്നാണ് ഇതിന്നർത്ഥം. കേവലമൊരു ചടങ്ങായിക്കൂട അത്. വ്യക്തി ആരെന്ന് നോക്കാതെ അത് നടത്തണം. ട്രേഡ് യൂണിയനുകളെ സംബന്ധിച്ചേടത്തോളം വമ്പിച്ച രാഷ്ട്രീയപ്രാധാന്യവും ഗഹനമായ ജനാധിപത്യ അർത്ഥവുമുള്ള ഒരു കടമയാണിത്.

ട്രേഡ്യൂണിയൻ കമ്മിററികരം ജനങ്ങളുടെ ജീവൽതാൽപര്യങ്ങളെ സ്പർശിക്കുന്ന എല്ലാ കാര്യങ്ങളിലും സോവിയററു ഗവർമ്മെണ്ട് സ്ഥാപനങ്ങളുമായി കൂടുതൽ സജീവമായി സഹകരിക്കണം. ജനകീയ ഡിപ്പ്യൂട്ടികളുടെ സോവിയററുകരംക്കും അവയുടെ നിർവ്വാഹകസമിതികരംക്കും, യൂണിയനുകളുമായി സഹകരിക്കാത്തപക്ഷം, ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയില്ല. തങ്ങരംക്കിടയിലെ സഹകരണം അത്യുന്നത നിലവാരമടക്കം എല്ലാ നിലവാരങ്ങളിലും ശക്തിപ്പെടുത്തണം.

സഖാക്കളേ, ട്രേഡ്യൂണിയനുകളുടെ അധികാരങ്ങളും ഉത്തരവാദിത്വവും അധികതരം വിപുലപ്പെടുത്തുവാനും അവയുടെ അന്തസ്സുയർത്തുവാനും ബഹുജനങ്ങളുമായുള്ള അവയുടെ ബദ്ധങ്ങരം ശക്തിപ്പെടുത്തുവാനുമുള്ള പ്രവർത്തനം സോഷ്യലിസ്റ്റു ജനാധിപത്യത്തെ വികസിപ്പിക്കുന്നതിന്നുള്ള മുഖ്യ ദിശകളിലൊന്നാണ്.

ഏതു പൊതുജനസംഘടനയും—തീർച്ചയായും ട്രേഡ് യൂണിയനുകളുരംപ്പെടെ—അതിൻെറ ചുമതലകരം കഴിയുന്നത്ര ഏററവും നല്ല രീതിയിൽ നിറവേററണമെന്നും, ലെനിൻെറ വാക്കുകളിൽ പറഞ്ഞാൽ, ബഹുജനങ്ങരം വിചാരിക്കുന്നതും അവരെ അലട്ടുന്നതു

മെന്തോ അവ കഴിയുന്നത്ര പൂർണ്ണമായും പ്രതിഫലിപ്പിക്കണമെന്നും, പാർട്ടി എല്ലായ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങളുടെ, നമ്മുടെ സമുദായത്തിന്റെ സമസ്ത പാളികളുടേയും, ഹിതവും താൽപര്യങ്ങളും തങ്ങളുടെ നയത്തിൽ പൂർണ്ണതരമായി പ്രകാശിപ്പിക്കുവാൻ പാർട്ടിക്കും ഗവർമ്മേണ്ടിന്നും ഇതുമൂലം കഴിയുന്നു.

പാർട്ടിക്ക് ട്രേഡുയൂണിയനുകളിൽ പൂർണ്ണ വിശ്വാസമുണ്ട്. പാർട്ടി അവ ചെയ്തുവരുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും അവയുടെ സംഘടനാസ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്യുന്നു. സോവിയററു സമുദായത്തിലെ മാർഗ്ഗദർശകശക്തി എന്ന നിലയ്ക്കുള്ള പാർട്ടിയുടെ പദവി യൂണിയനുകളുടെ വർദ്ധമാനമായ സ്വാധീനത്തിലേക്ക് സംഭാവന ചെയ്യുന്നു. പാർട്ടിഘടകങ്ങളും ട്രേഡ്യൂണിയനുകളും തമ്മിലുള്ള നല്ല കാര്യമാത്രസഹകരണം, സമ്പദ്വിധാനത്തേയോ സാമൂഹ്യകാര്യങ്ങളേയോ സോവിയററു ജനങ്ങളുടെ സാംസ്കാരികവികാസത്തേയും ആത്മീയ വളർച്ചയേയുമോ ഏതിനെ സംബന്ധിക്കുന്നവയായാലും അതിസങ്കീർണ്ണ പ്രശ്നങ്ങൾക്ക് വിജയകരമായ പരിഹാരങ്ങൾ കണ്ടുപിടിക്കുന്നതിന്ന് സഹായിക്കുന്നു.

സോഷ്യലിസത്തിന്റെ ശത്രുക്കൾ—ബൂർഷ്വാസിയുടെ സൈദ്ധാന്തികൻമാരും പരിഷ്കരണവാദികളും തിരുത്തൽവാദികളും—ട്രേഡ്യൂണിയനുകളെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളിൽനിന്ന് പിരിച്ചകററുക എന്നതിൽ ചിരകാലമായി ആശയർപ്പിച്ചിരിക്കുകയാണ്. ട്രേഡ്യൂണിയൻ ''നിഷ്പക്ഷത'' എന്ന വാദം കൊണ്ടുപിടിച്ചു പ്രചരിപ്പിച്ചുവരുന്നു അവർ. എന്നാൽ, ട്രേഡുയൂണിയനുകളെ ബൂർഷ്വാനയത്തിന്റെ പാതയിലേക്ക്, തൊഴിലാളിവർഗ്ഗതാൽപര്യങ്ങളെ വഞ്ചിക്കുക എന്ന പാതയിലേക്ക്,

തള്ളിവിടുവാനുള്ള ഉദ്യമങ്ങളാണ് വാസ്തവത്തിൽ ഇതിന്റെയൊക്കെ പിറകിലുള്ളത്.

നമ്മുടെ രാജ്യത്ത് പാർട്ടിയും ഭരണകൂടവും ട്രേഡ്‌യൂണിയനുകളും ഒത്തുപിടിച്ചു പ്രവർത്തിക്കുന്നു. തങ്ങളുടെ യത്നങ്ങളെ ഏകോപിപ്പിക്കുന്നു. ഓരോന്നും അതതിന്റെ ചുമതലകൾ നിറവേററുന്നു. ഈ ഏകോപനം, ഈ ഐക്യം, കമ്മ്യൂണിസ്റ്റു ലക്ഷ്യത്തെ സംബന്ധിച്ചേടത്തോടം വിജയത്തിന്റെ ഒരു മുന്നുറപ്പാണ്. ഈ ഐക്യത്തെ ഉലയ്ക്കുവാൻ നാം ആരേയും അനുവദിക്കുകയില്ല.

സഖാക്കളേ, നമ്മുടെ പാർട്ടിക്കും നമ്മുടെ ജനതയ്ക്കും സോവിയററു ട്രേഡു യൂണിയനുകളുടെ സാർവ്വദേശീയപ്രവർത്തനങ്ങളെപ്പററി വലിയ മതിപ്പാണുള്ളത്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളേയും സമാധാനത്തേയും മുന്നോട്ടു കൊണ്ടുപോകുന്ന ഈ പ്രവർത്തനങ്ങൾക്ക് വിദേശത്തുള്ള നമ്മുടെ വർഗ്ഗസഹോദരങ്ങളിൽനിന്ന് അർഹമായ കൃതജ്ഞത ലഭിക്കുന്നു. നിങ്ങളുടെ കോൺഗ്രസ്സിൽ മററു രാജ്യങ്ങളിൽനിന്നുള്ള വലിയൊരു സംഖ്യ അതിഥികളുടെ സാന്നിദ്ധ്യംതന്നെ ഇതിന്ന് തെളിവാകുന്നു. ഞാൻ അവർക്ക് ഹാർദ്ദമായ അഭിവാദ്യം നേരുകയും അദ്ധ്വാനിക്കുന്ന ജനകോടികളെ സംബന്ധിച്ചേടത്തോളം പ്രധാനപ്പെട്ട, അവരുടെ സാരവത്തായ യത്നങ്ങളിൽ വിജയമാശംസിക്കുകയും ചെയ്തുകൊള്ളട്ടെ.

എല്ലാ രാജ്യങ്ങളിലേയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യം, അവരുടെ ട്രേഡുയൂണിയനുകളുടെ ഐക്യം, ഇന്ന് പണ്ടെന്നെത്തേക്കാളേറെ അത്യാവശ്യമാണ്. പൊതുതാൽപര്യങ്ങളുടേതായ ഒരു വിശാല മേഖലയുണ്ട് അവർക്ക്. സർവ്വോപരി, യുദ്ധഭീഷണിയകററുവാനുള്ള, ആയുധപ്പന്തയത്തിന്നറുതിവരുത്തുവാനുള്ള, ദിത്താന്ത് നിലനിർത്തുകയും ദൃഢീകരിക്കുകയും ചെയ്യുവാനുള്ള ആഗ്രഹം ഉണ്ട്. പത്താം

ലോക ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് ഇത് വ്യക്തമാക്കി. വർഗ്ഗപരവും സാമ്രാജ്യത്വവിരുദ്ധവുമായ ഒരടിസ്ഥാനത്തിൽ ഐക്യത്തിന്നും സഹഭാവത്തിന്നുമുള്ള, യുദ്ധവിപത്തിന്നെതിരായി പൊരുതുവാനും സമാധാനത്തെ ശക്തിപ്പെടുത്തുവാനും ഒത്തുപിടിച്ച യത്നങ്ങൾക്കുള്ള, വർദ്ധമാനമായ വ്യഗ്രത അത് പ്രകടമാക്കി.

ഇനി സാർവ്വദേശീയസ്ഥിതിയെപ്പററി പൊതുവിൽ അൽപം പറയാം. അത് സങ്കീർണ്ണവും സംഘർഷഭരിതവുമാണെന്ന് പറഞ്ഞാൽ അതൊരുപക്ഷേ വല്ലാതെ കുറഞ്ഞുപോകും. ഇന്നത്തെ സ്ഥിതി രാഷ്ട്രാന്തരീയബന്ധങ്ങളുടെ തുടർന്നുള്ള വികാസത്തിൻെറ കാര്യത്തിൽ ആശങ്ക ജനിപ്പിക്കുന്നു.

യൂറോപ്പിലെ സുരക്ഷിതത്വവും സഹകരണവും സംബന്ധിച്ച മാഡ്രിഡ് സമ്മേളനത്തിൽ സംഭവിച്ചതെന്തെന്ന് നോക്കാം.

സുരക്ഷിതത്വവും സഹകരണവും—അതായിരുന്നു സമ്മേളനത്തിന്ന് ജനതകളിൽനിന്ന് ലഭിച്ച നിയോഗം. എന്നാൽ, ഇതിന്നുപകരം, തികച്ചും വ്യത്യസ്തമായ ഒരു ഉദ്ദേശത്തോടെയാണ് അമേരിക്കയുടേയും (പ്രത്യക്ഷത്തിലുള്ള വാഷിങ്ടൺ സമ്മർദ്ദത്തിന്നു വഴങ്ങി) മററു ചില നാറേറാ രാജ്യങ്ങളുടേയും ഉന്നതസ്ഥാനീയരായ പ്രതിനിധികൾ മാഡ്രിഡിലേക്ക് വന്നത്. സാർവ്വദേശീയാന്തരീക്ഷത്തെ പരമാവധി വിഷകലുഷിതമാക്കിത്തീർക്കുക എന്നതായിരുന്നു ആ ഉദ്ദേശം. പോളണ്ടിലെ ആഭ്യന്തരസംഭവങ്ങളെ അതിന്നൊരു മറയായി അവർ തിരഞ്ഞെടുത്തു: പോളിഷ് ജനകീയ റിപ്പബ്ലിക്കിൻെറ പാർല്ലിമെൻറും ഗവർമ്മെണ്ടും പോളിഷ് യുണൈററഡ് വർക്കേഴ്സ് പാർട്ടിയുടെ നേതൃത്വവും അവരുടെ രാജ്യത്തിൻെറ ആഭ്യന്തര പ്രശ്നങ്ങൾ തീരുമാനിക്കുന്നതിന്ന് എന്തു ചെയ്യണമെന്ന് നാറേറാ ബ്ലോക്കിൻെറ വക്താക്കൾ അവരോടു

ശാസിച്ചുതുടങ്ങി. സോവിയററ് യൂണിയനേയും സോഷ്യലിസ്റ്റ് സമുച്ചയത്തിൽപെട്ട മററു രാജ്യങ്ങളേയും അപവദിക്കുവാനും അവർ മറന്നില്ല. ഇന്ന് ലോകത്ത് കാണപ്പെടുന്നതിൽ വെച്ച് ഏററവും രക്തരൂഷിതവും മനുഷ്യത്വ ശൂന്യവുമായ സർക്കാറുകളെ സർവ്വവിധേനയും സഹായിക്കുന്ന, സ്വന്തം രാജ്യങ്ങളിൽ ട്രേഡ്‌യൂണിയനുകളിലും മററു ജനാധിപത്യസംഘടനകളിലും സജീവമായി പ്രവർത്തിക്കുന്ന ആളുകളുടെ മേൽ പകപോക്കുന്ന ഗവർമ്മെണ്ടുകളുടെ പ്രതിനിധികഠം "മനുഷ്യാവകാശസംരക്ഷണം" എന്ന വിഷയത്തെപ്പററി നിർല്ലജ്ജം കൊട്ടിഘോഷിച്ചു.

ഞാൻ ആവർത്തിച്ചു പറയട്ടെ: പോളിഷ് കാര്യങ്ങഠം വെറും ഒരു മറ മാത്രമായിരുന്നു. പോളണ്ടിൽ സോഷ്യലിസത്തെ മറിച്ചിടുന്നതിൽ ആരും വിജയിക്കുകയില്ല തന്നെ. പോളിഷ് പ്രതിവിപ്ലവകാരികളുടെ വിദേശ പ്രചോദകർക്കും ഇത് മനസ്സിലായിട്ടുണ്ടെന്നത് വ്യക്തമാണ്. പൊതു അന്തരീക്ഷത്തെ പൂർവ്വാധികം ചൂടുപിടിപ്പിക്കുകയും അങ്ങിനെ പശ്ചിമയൂറോപ്പിന്റെ കാര്യത്തിൽ അമേരിക്കക്കുള്ള നികൃഷ്ടപദ്ധതികഠക്ക് കളമൊരുക്കുകയുമായിരുന്നു മാഡ്രിഡിൽ അവരുടെ യഥാർത്ഥ ലക്ഷ്യം. പശ്ചിമ യൂറോപ്പിനെ പുതിയ അമേരിക്കൻ മിസൈലുകഠക്കുള്ള വിക്ഷേപണത്താവളമാക്കുക, ഒരു സംഘട്ടനമുണ്ടായാൽ തിരിച്ചടി തടുക്കുവാനുള്ള വിദ്യുദ്രക്ഷകക്കമ്പിയാക്കുക, എന്നതാണ് അവർക്ക് വേണ്ടത്. കൂടാതെ, പശ്ചിമയൂറോപ്പും സോഷ്യലിസ്റ്റു രാജ്യങ്ങളും തമ്മിൽ സാമാന്യസാമ്പത്തികബന്ധങ്ങളുടെ വികാസത്തിന്ന് കൂടുതൽ തടസ്സങ്ങഠം വലിച്ചിടുകകൂടി വേണം അവർക്ക്. ഈ ബന്ധങ്ങഠം വാഷിങ്ങ്ടന്ന് പിടിക്കുന്നില്ലെന്നത് വ്യക്തമാണ്. അവരുടെ ഒരു മുഖ്യ സാമ്പത്തിക പ്രതിയോഗിയാണല്ലോ പശ്ചിമ യൂറോപ്പ്.

യൂറോപ്പിൽ, യൂറോപ്പിൽ മാത്രമൊട്ടല്ലതാനും, ദീത്താന്തിനും സമാധാനപരമായ സഹകരണത്തിന്നുമുള്ള ഭാവിയെപ്പററി ഗൗരവപൂർണ്ണമായ ചിന്തക്ക് വക നൽകുന്നു അത്തരം നടപടികഠം.

മാഡ്രിഡ് ഇയ്യിടെ മാത്രം ഉണ്ടായ ഒരു ഉദാഹരണമാണ്. രാഷ്ട്രാന്തരീയ ബന്ധങ്ങഠം മൊത്തത്തിൽ ഇന്ന് വ്യക്തമായും കാണത്തക്ക ഒരു നാൽക്കവലയിൽ എത്തിനിൽക്കുന്നുവെന്നു ഒരുപക്ഷെ പറയാവുന്നതാണ്.

ഒരു വശത്ത് സമാധാനത്തെ ശക്തിപ്പെടുത്തുകയും എല്ലാ രാജ്യങ്ങഠംക്കുമിടയിൽ സമാധാനപരമായ സഹകരണത്തെ വിപുലപ്പെടുത്തുകയും ചെയ്ക എന്ന പാത കിടക്കുന്നു. ഓരോ രാജ്യത്തിൻേറയും സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും താൽപര്യങ്ങളേയും പതറാതെ മാനിക്കുക, ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക, ലോകസുരക്ഷിതത്വവും പരസ്പര വിശ്വാസവും ബലപ്പെടുത്തുന്നതിന്നു കൂട്ടായി യത്നിക്കുക എന്നീ പ്രമാണങ്ങളിൽ അധിഷ്ഠിതമാണീ സഹകരണം. ആ പാത ഹെൽസിങ്കിസമ്മേളനത്തിൻെറ വ്യവസ്ഥകളിലും കഴിഞ്ഞ ഒരു ദശകക്കാലത്തെ മററു രാഷ്ട്രാന്തരപ്രമാണരേഖകളിലും സ്പഷ്ടമായി അടയാളപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ പത്താണ്ടുകാലത്ത് രാഷ്ട്രങ്ങഠംക്കുണ്ടായ, വിശേഷിച്ചും യൂറോപ്യൻ രാഷ്ട്രങ്ങഠംക്കുണ്ടായ, പ്രായോഗികാനുഭവങ്ങഠം അതിനെ സ്ഥിരീകരിച്ചിട്ടുമുണ്ട്.

മറുവശത്ത് മറെറാരു പാത സ്ഥിതിചെയ്യുന്നു. ശീതയുദ്ധത്തിൻേറയും, യഥാർത്ഥ യുദ്ധത്തിൻെറ വക്കിൽനിന്നുകൊണ്ടുള്ള ഞാണിൻമേൽക്കളിയുടേയും പുത്തൻ ഉപാസകൻമാർ ലോകത്തെ തിരുതകൃതിയായി ആ പാതയിലേക്ക് തള്ളിനീക്കുകയാണ്.

രാഷ്ട്രങ്ങഠം തമ്മിലുള്ള ബന്ധങ്ങഠം സംബന്ധിച്ചു നൂററാണ്ടുകളായി രൂപംകൊണ്ടുവന്ന നിയമ

പരവും നൈതികവുമായ മര്യാദകളെ പിച്ചിച്ചീന്തുന്നതിൽ കവിഞ്ഞ് മറെറാന്നും അവർ ഇഷ്ടപ്പെടുന്നില്ല. രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും റദ്ദ് ചെയ്കയുമാണവർക്ക് വേണ്ടത്. ലോകത്തിൻെറ രാഷ്ട്രീയ ഭൂപടം മാററി വരക്കുവാനാണ് അവരുടെ ശ്രമം. എല്ലാ ഭൂഖണ്ഡങ്ങളിലും വലിയ ഭൂഭാഗങ്ങൾ തങ്ങളുടെ ''ജീവൽതാൽപര്യങ്ങളുടെ'' മേഖലകളായി പ്രഖ്യാപിച്ചിരിക്കുന്നു അവർ. ചില രാജ്യങ്ങളെ ശാസിക്കുവാനും മററുള്ളവയെ വിധി പറഞ്ഞു ''ശിക്ഷിക്കുവാനു''മുള്ള ''അവകാശം'' അവർ അപഹരിച്ചെടുത്തിരിക്കുന്നു. തങ്ങൾക്ക് പിടിക്കാത്ത സർക്കാറുകളേയും രാഷ്ട്രങ്ങളേയും സാമ്പത്തികമായും രാഷ്ട്രീയമായും ''അസ്ഥിരീകരിക്കുന്ന''തിന്നുള്ള പദ്ധതികൾ യാതൊരു കുലുക്കവുമില്ലാതെ പരസ്യമായി പ്രഖ്യാപിക്കുകയും അവ നടപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു അവർ. ഏതെങ്കിലും രാഷ്ട്രത്തിന്നനുഭവപ്പെടുന്ന പ്രയാസങ്ങൾ കണ്ട് അവർ മുമ്പുണ്ടായിട്ടില്ലാത്തവിധം അത്രയും അവജ്ഞയോടെ മതിമറന്നാഹ്ലാദിക്കുന്നു. സാമാന്യമായ വാർത്താവിനിമയങ്ങളേയും രാഷ്ട്രാന്തരീയ വാണിജ്യത്തേയും ''സമ്മർദ്ദോപായങ്ങളും'' ഉപരോധങ്ങളും കൊണ്ടും, സമ്പർക്കങ്ങളേയും സംഭാഷണങ്ങളേയും നൂക്ലിയറായുധങ്ങൾ പ്രയോഗിക്കുമെന്ന ഭീഷണിയടക്കം അററമില്ലാത്ത സായുധബലഭീഷണികൾ കൊണ്ടും പകരംവെക്കുവാൻ അവർ ശ്രമിക്കുന്നു.

ഇതൊക്കെക്കാണുമ്പോൾ ആശ്ചര്യം തോന്നുന്നു. സാർവ്വദേശീയ കാര്യങ്ങളിലെ വിചാരശൂന്യതയും അനുഭവരാഹിത്യവുമോ അഥവാ മാനവരാശിയുടെ ഭാഗധേയത്തെ സംബന്ധിച്ചേടത്തോളം നിർണ്ണായകപ്രധാനങ്ങളായ പ്രശ്നങ്ങളോടുള്ള നിരുത്തരവാദിത്വം, പച്ചയായിപ്പറഞ്ഞാൽ, സാഹസികവാദപരമായ ഒരു സമീപനം എന്നതിൽ കവിഞ്ഞ് എന്തോന്നാണു ഈ നയത്തിലുള്ളതെന്ന് സ്വയം ചോദിച്ചുപോകുന്നു. ഈ

നയം ''രാഷ്ട്രീയവിനാശത്തിലേക്കുള്ള ഒരു പോക്ക്'' ആയി, നമ്മുടെ രാജ്യത്തല്ല, പ്രത്യുത ആദരണീയങ്ങളായ അമേരിക്കൻ ബൂർഷ്വാ പത്രങ്ങളുടെ പംക്തികളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ ചിത്രീകരണത്തിൻെറ സാധുത നിഷേധിക്കാനാവില്ല.

ഉപരോധങ്ങളേയും ''സമ്മർദ്ദോപായങ്ങളേ''യുംപററി പറഞ്ഞാൽ: പ്രബലമായ ഒരു സമ്പദ്വിധാനത്തോടും വിഭവസമ്പത്തോടുംകൂടിയ വിശാലമായ ഒരു രാജ്യമാണ് സോവിയററ് യൂണിയൻ. സോഷ്യലിസ്റ്റുസമുച്ചയമാകെയാകട്ടെ അതിലുമെത്രയോ വലുതാണ്. അതിനാൽ, നമുക്ക് കാര്യങ്ങൾ ഒപ്പിച്ചുകൊണ്ടുപോകുവാൻ കഴിയും. അതിനെപ്പററി ആർക്കും ഒരു സംശയവും വേണ്ട. തങ്ങളുടെ സഖ്യരാജ്യങ്ങളായി വാഷിങ്ങ്ടൺ വിശേഷിപ്പിക്കുന്ന രാജ്യങ്ങൾക്കിടയിൽ പലവയും അവയുടെ വികസനത്തിന്ന് വിദേശവ്യാപാരത്തെ ഏറെ ആശ്രയിക്കേണ്ടവയാണ്. അതിനാൽ, രാഷ്ട്രാന്തരീയ വ്യാപാരത്തിൻമേലും സാധാരണ സാമ്പത്തിക ബന്ധങ്ങളിൻമേലുമുള്ള ''കൗബോയി'' ആക്രമണത്തിൻേറതുമായ ഈ നയംകൊണ്ട് ആരുടെ താൽപര്യങ്ങൾക്കാണ് കൂടുതൽ കെടുതിയേർപ്പെടുക എന്നു പറയേണ്ടതില്ല.

വസ്തുനിഷ്ഠമായിപ്പറഞ്ഞാൽ, സാർവ്വദേശീയാന്തരീക്ഷം ഇനിയും ക്ലിഷ്ടമാക്കിത്തീർക്കുകയും ആയുധപ്പന്തയം ഊർജ്ജിതപ്പെടുത്തുകയും രാജ്യങ്ങൾ തമ്മിലുള്ള സാമാന്യബന്ധങ്ങൾ തകർക്കുകയും ചെയ്യുന്ന ഈ മാർഗ്ഗം ഏത് ജനതയ്ക്കും നല്ല ശകുനമല്ല. അമേരിക്കൻ ജനതയ്ക്ക് ഇത് ബാധകമാണെന്നതിൽ സംശയമില്ല. എന്നാൽ, മാനവരാശിക്കാകെ അതു വരുത്തിവെക്കുന്ന വിനകൾ തീർച്ചയായും കണക്കററതാണ്. അതുകൊണ്ടാണ് ഈ മാർഗ്ഗത്തിന്നു ജനതകളുടെ പിന്തുണ നേടാനാവില്ലെന്നും അതിന്ന് ഭാവിയില്ലെന്നും നാം ദൃഢമായി വിശ്വസിക്കുന്നത്. ഇത് അ

തിൻെറ പ്രണേതാക്കൾ എത്ര വേഗം ഗ്രഹിക്കുന്നുവോ ബന്ധപ്പെട്ട എല്ലാവർക്കും അത്രയും നന്ന്.

സോവിയററ് യൂണിയനെ സംബന്ധിച്ചേടത്തോളം, ശാശ്വതസമാധാനവും എല്ലാ രാജ്യങ്ങളും തമ്മിൽ അവയുടെ സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥകൾ ഗണ്യമാക്കാതെ, സമാധാനവും പരസ്പരപ്രയോജനകരവുമായ സഹകരണവുമെന്ന കർമ്മമാർഗ്ഗം നാം പതറിച്ചയില്ലാതെ സുദൃഢം അവലംബിക്കുന്നു. മാഡ്രിഡ് യോഗം അതിൻെറ നടപടികൾ പുനരാരംഭിക്കുമ്പോൾ, അതിൽ പങ്കെടുക്കുന്ന എല്ലാവരും ഏതു കാര്യത്തിന്നു വേണ്ടിയാണോ അത് വിളിച്ചുകൂട്ടപ്പെട്ടത് ആ കാര്യത്തിലേക്ക് — യൂറോപ്പിലെ സുരക്ഷിതത്വവും സഹകരണവുമെന്നതിലേക്ക് — അന്തിമമായി ഇറങ്ങുകയാണ് തീർച്ചയായും നമുക്കു വേണ്ടത്. യൂറോപ്പിലെ സൈനികദിത്താന്തും നിരായുധീകരണവും സംബന്ധിച്ച ഒരു സമ്മേളനത്തിന്ന് മാർഗ്ഗം തുറന്നുകിട്ടണമെന്നുമുണ്ട് നമുക്ക്. നമ്മുടെ ഭൂഖണ്ഡത്തിലെ ജനതകൾക്ക് അത്യാവശ്യമായിട്ടുള്ളതാണത്.

സഖാക്കളേ, അമേരിക്കയുടെ നേതൃത്വത്തിലുള്ള നാറേറാ ബ്ലോക്കിൻെറ മിലിട്ടറിസ്റ്റ് ലൈനും ആക്രമണോൻമുഖനയവും നിമിത്തം നമ്മുടെ രാജ്യത്തിൻെറ പ്രതിരോധശേഷി തക്ക നിലവാരത്തിൽ നിലനിർത്തുവാൻ നിർബന്ധിതരായിരിക്കുകയാണ് നാം. ഇന്നത്തെ ലോകത്തിൻെറ ദുഃഖകരമായ ഒരാവശ്യകതയാണത്. അതുമൂലം നമ്മുടെ സമാധാനപരനിർമ്മാണത്തിൻെറ പദ്ധതികൾക്ക് ദോഷകരമാംവിധം ഗണ്യമായ തോതിൽ വിഭവങ്ങൾ തിരിച്ചുവിടേണ്ടിവരുന്നുവെന്നതും വാസ്തവമാണ്. പക്ഷെ, ഞാൻ ഒന്നിലധികം തവണ പറഞ്ഞുകഴിഞ്ഞപോലെ, നമ്മുടെ ജനതയുടെ സുരക്ഷിതത്വത്തിന്നും നമ്മുടെ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും സുരക്ഷിതത്വത്തിന്നും കണിശമായും ആവശ്യമായിട്ടുള്ളതിൽ കവിഞ്ഞ് ഒരൊററ റൂബിൾ കൂടുതൽ ഈ ആവശ്യങ്ങൾക്കുവേണ്ടി നാം

ചിലവഴിച്ചിട്ടില്ല, മേലാൽ ചിലവഴിക്കുകയുമില്ല. കുന്നുകൂട്ടപ്പെട്ട ആയുധകൂമ്പാരങ്ങളുടെ പ്രകൃതത്തിലല്ല, മറിച്ച് സൈനികസംഘട്ടനത്തിൻെറ നിലവാരം അന്യോന്യം കുറയ്ക്കുന്നതു സംബന്ധിച്ച് മറുപക്ഷവുമായി ബുദ്ധിപൂർവ്വകമായ ഒത്തുതീർപ്പിലെത്തുന്നതിൻെറ പ്രകൃതത്തിലാണ്, നാം ഭാവിയെ നോക്കിക്കാണുന്നത്.

ഇത്തരുണത്തിൽ യൂറോപ്പിൽ നൂക്ലിയറായുധങ്ങൾ വെട്ടിക്കുറയ്ക്കുക എന്ന പ്രശ്നം പ്രത്യേക ശ്രദ്ധയർഹിക്കുന്നുവെന്നത് ശരിയാണ്. ഇന്നു ലോകവ്യാപകമായുള്ള ഒരു നൂക്ലിയർ മിസൈൽ യുദ്ധത്തിൻെറ വർദ്ധമാനവിപത്ത് അവസാനിപ്പിക്കുവാനുള്ള പോംവഴിയാണ് ഇതെന്ന് പറയാവുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് സോവിയററ് യൂണിയൻ മുൻവെച്ച മൂർത്തങ്ങളും ദൂരവ്യാപകങ്ങളുമായ നിർദ്ദേശങ്ങളെക്കുറിച്ച് സഖാക്കളേ, നിങ്ങൾക്കറിയാമല്ലോ. യൂറോപ്പിൽ ഇരുപക്ഷങ്ങളുടേയും അധീനത്തിലുള്ളവയും യൂറോപ്പിൽ പ്രയോഗിക്കാനുദ്ദേശിക്കപ്പെട്ടവയുമായ നൂക്ലിയറായുധങ്ങൾ മൂന്നിൽ രണ്ടംശംകണ്ട് വെട്ടിക്കുറയ്ക്കുന്നതിന്നുള്ള നിർദ്ദേശം തൊട്ട് മീഡിയം റേഞ്ച് നൂക്ലിയറായുധങ്ങളും ടാക്ററിക്കൽ നൂക്ലിയറായുധങ്ങളും ഭൂഖണ്ഡത്തിൽനിന്ന് നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുന്നതിന്നുള്ള നിർദ്ദേശംവരെ അവയിലുൾപ്പെടുന്നു. ഈ പ്രശ്നങ്ങളുടെ പരിഹാരം പോകട്ടെ, അവയെപ്പററി ഗൗരവബുദ്ധ്യാ ചർച്ച ചെയ്യുന്നതിന്നുപോലും ഒഴിഞ്ഞുമാറുകയാണ് അമേരിക്കൻപക്ഷം ഇതുവരെ ചെയ്തിട്ടുള്ളതെന്നതും പരക്കെ അറിയാവുന്ന വസ്തുതയാണല്ലോ. സോവിയററ് യൂണിയൻ ഏകപക്ഷീയമായി നിരായുധീകരിക്കണമെന്ന അപഹാസ്യമായ ആവശ്യത്തിൻെറ മറപിടിച്ചാണ് അവരത് ചെയ്യുന്നത്. വാഷിങ്ടൺ അതിനെ, തമാശയെന്നോണം, ''സീറോ ഓപ്ഷ്യൻ'' എന്ന് വിശേഷിപ്പിച്ചിട്ടുമുണ്ട്.

എന്തുതന്നെയായാലും, ഇരുപക്ഷങ്ങളുടേയും തുല്യപദവിയും തുലസുരക്ഷിതത്വവുമെന്ന അടിസ്ഥാനത്തിൽ ബുദ്ധിപൂർവ്വകമായ ഒരു ഒത്തുതീർപ്പിലെത്തുന്നതിന്നുള്ള ആശ നാം കൈവെടിയുന്നില്ല. മാത്രമല്ല, ഈ ലക്ഷ്യത്തെ മുൻനിർത്തി, വാക്കിലും പ്രവൃത്തിയിലും നമ്മാലാവുന്നതെല്ലാം ചെയ്തുവരുന്നു. പ്രിയപ്പെട്ട സഖാക്കളേ, യൂറോപ്പിൽ ഇരുപക്ഷങ്ങളും നൂക്ലിയറായുധങ്ങൾ ഗണ്യമായ തോതിൽ വെട്ടിക്കുറയ്ക്കുന്നതു സംബന്ധിച്ച് ന്യായമായ ഒരു കരാറിന്ന് കളമൊരുക്കുവാൻ പരിശ്രമിക്കുകയും ആ വിഷയത്തിൽ ഒരു നല്ല മാതൃക കാട്ടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന സോവിയററ് നേതൃത്വം യു. എസ്. എസ്. ആറിൻെറ യൂറോപ്യൻഭാഗത്ത് മീഡിയം റേഞ്ച് നൂക്ലിയറായുധങ്ങളുടെ വിന്യാസത്തിന്ന് ഏകപക്ഷീയമായി ഒരു മൊറാട്ടോറിയം ഏർപ്പെടുത്തുവാൻ തീരുമാനമെടുത്തിരിക്കുന്നുവെന്ന കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെ. നാം ഇവിടെ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞ ഇത്തരം ആയുധങ്ങൾ എണ്ണത്തിലായാലും വണ്ണത്തിലായാലും മരവിപ്പിക്കുകയും എസ്. എസ്-4, എസ്. എസ്-5 എന്ന പേരിലറിയപ്പെടുന്ന പഴയ മിസൈലുകളെ എസ്. എസ്-20 എന്ന പുതിയ മിസൈലുകളെക്കൊണ്ട് പകരംവെക്കുന്നത് നിർത്തിവെക്കുകയും ചെയ്യുന്നു.

ഒന്നുകിൽ, യൂറോപ്പിൽ പ്രയോഗിക്കുവാൻ ഉദ്ദേശിക്കപ്പെട്ട മീഡിയം റേഞ്ച് നൂക്ലിയറായുധങ്ങൾ, തുല്യപദവിയും തുല്യസുരക്ഷിതത്വവുമെന്ന അടിസ്ഥാനത്തിൽ വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച് അമേരിക്കയുമായി ഒരു കരാറിലെത്തുന്നതുവരെ, അല്ലെങ്കിൽ അമേരിക്കൻ നേതാക്കൾ രാഷ്ട്രങ്ങളുടെ സുരക്ഷിതത്വത്തെ തൃണവൽഗണിച്ച് യൂറോപ്പിൽ പെർഷിങ്ങ്-2 മിസൈലുകളും ക്രൂയിസ് മിസൈലുകളും വിന്യസിക്കുവാനുള്ള പ്രായോഗികസന്നാഹങ്ങളിലേ

ക്ക് യഥാർത്ഥത്തിൽ പ്രവേശിക്കുന്ന കാലംവരെ, ഈ മൊറട്ടോറിയം ബലത്തിലിരിക്കും.

കൂടാതെ, മൊറട്ടോറിയം സംബന്ധിച്ച് ഇരുപക്ഷങ്ങളും കരാറിലെത്തുന്നപക്ഷം, ഒരു സൗമനസ്യസൂചനയെന്നോണം, ഭാവികരാറ് പ്രകാരമുള്ള വെട്ടിക്കുറയ്ക്കലിന്റെ ഭാഗമായി യൂറോപ്പിൽ നമുക്കുള്ള നൂക്ലിയറായുധങ്ങളുടെ സംഖ്യയിൽ ഏകപക്ഷീയമായ ഒരു വെട്ടിക്കുറയ്ക്കൽ നടപ്പാക്കുവാൻ നാം തയ്യാറാകുമെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലൊ. ഇപ്പോൾ നാം സമാധാനത്തിന്റെ കാര്യത്തിലുള്ള നമ്മുടെ ദൃഢനിശ്ചയവും പരസ്പരം സ്വീകാര്യമായ കരാറിന്റെ സാദ്ധ്യതയിലുള്ള നമ്മുടെ വിശ്വാസവും പ്രകടമാക്കുന്ന പുതിയൊരു നടപടിയെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. സാർവ്വദേശീയ സ്ഥിതി കൂടുതൽ വഷളാകുന്നില്ലെങ്കിൽ, ഈ വർഷംതന്നെ സ്വയം മുൻകയ്യെടുത്ത് തങ്ങളുടെ മീഡിയം റേഞ്ച് മിസൈലുകളുടെ ഒരു നിശ്ചിത സംഖ്യ വെട്ടിക്കുറയ്ക്കുവാൻ സോവിയററ് യൂണിയൻ ഉദ്ദേശിക്കുന്നു.

ഈ തീരുമാനങ്ങൾ അറിയിക്കുമ്പോൾ, സോവിയററ് യൂണിയൻ പ്രദർശിപ്പിക്കുന്ന സമാധാനോദ്ദേശങ്ങളേയും സൗമനസ്യത്തേയും ലോകത്തിലെ ജനതകൾ അഭിനന്ദിക്കുമെന്ന് നമുക്ക് വിശ്വാസമുണ്ട്. സൗമനസ്യസ്പിരിട്ടിലുള്ള രചനാത്മക നടപടികൾ കൊണ്ട് ഇതിന്ന് പ്രതികർമ്മമായി പ്രവർത്തിക്കുവാൻ സംഭാഷണത്തിലെ പാശ്ചാത്യപക്ഷങ്ങൾക്ക് കഴിയുമെന്നും നാം ആശിക്കുന്നു.

അതേസമയം, ഒരു കാര്യം തികച്ചും വ്യക്തമാക്കേണ്ടത് നമ്മുടെ കർത്തവ്യമായി നാം കണക്കാക്കുന്നു. അമേരിക്കയുടേയും അതിന്റെ നാറേറാ സഖ്യരാജ്യങ്ങളുടേയും ഗവൺമെൻറുകൾ സമാധാനത്തിന്നുവേണ്ടിയുള്ള ജനതകളുടെ ഹിതത്തെ ധിക്കരിച്ചുകൊണ്ട്, സോവിയററു യൂണിയന്റെ മണ്ണിലുള്ള ലക്ഷ്യങ്ങൾ

ക്ക് കൊള്ളുമാറ് നൂറുകണക്കിൽ പുതിയ അമേരിക്കൻ മിസൈലുകഠം യൂറോപ്പിൽ വിന്യസിക്കുവാനുള്ള തങ്ങളുടെ പദ്ധതി വാസ്തവത്തിൽ നടപ്പാക്കുന്നപക്ഷം, ലോകത്ത് വ്യത്യസ്തമായ ഒരു യുദ്ധതന്ത്രസ്ഥിതി രൂപംകൊള്ളും, നമ്മുടെ രാജ്യത്തിന്നും അതിൻെറ സഖ്യരാജ്യങ്ങഠംക്കും അമേരിക്കയിൽനിന്ന് കൂടുതലായുള്ള ഒരു യഥാർത്ഥ ഭീഷണി തലപൊക്കും. പ്രതികാരനടപടികളെടുക്കുവാൻ ഇത് നമ്മെ നിർബ്ബന്ധിതരാക്കും. അമേരിക്കയടക്കം, അതിൻെറ സ്വന്തം പ്രദേശമടക്കം, മറുപക്ഷത്തെ അത്തരമൊരവസ്ഥയിൽ കൊണ്ടെത്തിക്കുന്ന നടപടികളാവുമവ. ഇത് മറക്കരുത്.

യുദ്ധതന്ത്രപ്രധാനങ്ങളായ നൂക്ലിയറായുധങ്ങഠം പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഒരു സോവിയററ്-അമേരിക്കൻ കരാറുണ്ടാവുക എന്നത് സമാധാനത്തിൻെറ ഭാഗധേയങ്ങളെ സംബന്ധിച്ചേടത്തോളം, ലോകവ്യാപകമായ ഒരു നൂക്ലിയർ യുദ്ധത്തിൻെറ ഭീഷണി ലഘൂകരിക്കുന്ന കാര്യത്തിൽ, എത്ര അർത്ഥപ്രധാനമാണെന്നുണർത്തുന്ന മറെറാരു വസ്തുതയാണ് ഇത്. ഈ വിഷയം സംബന്ധിച്ച് 1979-ൽ ഒപ്പുവെച്ച ഉടമ്പടി ബലത്തിൽ വരുത്തുവാൻ അമേരിക്ക കൂട്ടാക്കിയില്ല എന്നത് അറിയാമല്ലൊ. ഈ പ്രശ്നം സംബന്ധിച്ച് തുടർന്ന് സംഭാഷണം നടത്തുവാൻ വാഷിങ്ടൺ സന്നദ്ധമായതുമില്ല. പക്ഷെ, ഈ പ്രശ്നം അധികാധികം രൂക്ഷവും അടിയന്തിരവുമായിത്തീർന്നുകൊണ്ടിരിക്കുകയാണ്.

ഒന്നാമതായി, യൂറോപ്പിൽ പുതിയ മിസൈലുകഠം വിന്യസിപ്പിക്കുവാനുള്ള അമേരിക്കൻ പദ്ധതികഠം നടപ്പാക്കപ്പെട്ടാൽ അത് ഇരുപക്ഷങ്ങളും ഇന്ന് പ്രാപിച്ചുകഴിഞ്ഞ യുദ്ധതന്ത്രായുധ സന്തുലിതത്വത്തെ തകിടംമറിക്കും. ഭാവിയെ സംബന്ധിച്ചേടത്തോളം അതിൻെറ ഭവിഷ്യത്തുകളെന്താകുമെന്ന് മുൻകൂട്ടി കാ

ണുക പ്രയാസമാണ്. രണ്ടാമതായി, ഇരുപക്ഷങ്ങളും പുതിയതരം കൂട്ടസംഹാരായുധങ്ങൾ വികസിപ്പിച്ചാൽ (ഒരുടമ്പടി മുഖേന ഇത് തടഞ്ഞുനിർത്തപ്പെടുന്നില്ലെങ്കിൽ) അവ പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്ന് ഇപ്പോൾ സാദ്ധ്യമായ കരാറുകൾക്കുള്ള അടിസ്ഥാനം നഷ്ടപ്പെടുന്നു.

അതിനാൽ *സാൾട്ട്* സംഭാഷത്തത്തിന്ന് കൃത്രിമമായി തടസ്സങ്ങൾ സൃഷ്ടിക്കാതിരിക്കുവാനും ഏററവുമടുത്ത ഭാവിയിൽ സംഭാഷണത്തിന്ന് തയ്യാറാകുവാനും നാം അമേരിക്കൻ ഗവൺമെണ്ടിനോടഭ്യർത്ഥിക്കുന്നു. സംഭാഷണം പുനരാരംഭിക്കുന്നതിന്നിടയിൽ, ആയുധവർദ്ധനത്തിൻെറ പുതിയൊരു വഴിത്താര തുറക്കുകയില്ലെന്ന്, കടലിനെ അടിസ്ഥാനമാക്കിയോ കരയെ അടിസ്ഥാനമാക്കിയോ ഉള്ള ദീർഘദൂര ക്രൂയിസ് മിസൈലുകൾ വിന്യസിപ്പിക്കുകയില്ലെന്ന് ഇരുപക്ഷങ്ങളും പരസ്പര ബാദ്ധ്യത ഏൽക്കണമെന്ന് നാം നിർദ്ദേശിക്കുന്നു.

പൊതുവിൽ ലോകത്തിലെ ഇന്നത്തെ സ്ഥിതി രണ്ടു വിപരീത രാജ്യചേരികളുടെ സൈനികപ്രവർത്തനങ്ങളിൽ പരമാവധി സംയമനം ആവശ്യമാക്കിത്തീർത്തിരിക്കുന്നെന്നും നാം വിശ്വസിക്കുന്നു. ഉദാഹരണത്തിന്ന് നാവിക നടപടികൾ പരസ്പരം പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച ഒരു കരാറിന്ന് നാം തയ്യാറാകും: വിശേഷിച്ച്, ഇരുപക്ഷങ്ങളുടേയും മിസൈൽ സബ്മരിനുകൾ ഇന്ന് റോന്തിചുററുന്ന നെടുംമേഖലകളിൽനിന്ന് നീക്കംചെയ്യപ്പെടുക, അവയുടെ യാത്രകൾ പരസ്പരം യോജിക്കുന്ന പരിധിക്കുള്ളിൽ പരിമിതപ്പെടുത്തുക എന്നത് സംബന്ധിച്ച് കരാറിലെത്തുക സാദ്ധ്യമായി നാം കരുതുന്നു. വിശ്വാസസംവർദ്ധക നടപടികൾ കടലുകളിലേക്കും സമുദ്രങ്ങളിലേക്കും വിശേഷിച്ചും ഏററവും തിരക്കുപിടിച്ച കപ്പൽഗതാഗതമുള്ള മേഖലകളിലേക്ക്, വ്യാപിപ്പി

ക്കുന്ന കാര്യം ചർച്ചചെയ്വാനും നാം തയ്യാറാകും. ചുരുക്കത്തിൽ, ലോകമഹാസമുദ്രത്തിൻെറ കഴിയുന്നത്ര വലിയ ഭാഗം വളരെ അടുത്ത ഭാവിയിൽ സമാധാനമേഖലയായിത്തീരുക എന്നതിന്നുവേണ്ടി നാം വാദിക്കുന്നു.

ഇതൊക്കെയാണ് ആയുധസംവർദ്ധനത്തെ കടിഞ്ഞാണിട്ടു നിർത്തുകയും മറെറാരു ലോകയുദ്ധത്തിൻെറ ഭീഷണി തട്ടിമാററുകയും ചെയ്യുന്ന വിഷയത്തിൽ നമ്മുടെ പുതിയ നിർദ്ദേശങ്ങൾ. സഖാക്കളേ, നമ്മുടെ പാർട്ടിയും സോവിയററ് ഗവർമ്മെണ്ടും ജനതകളുടെ നിയോഗത്തെ ആത്മാർത്ഥമായി നിറവേററുന്നത്, ശാശ്വതസമാധാനത്തിന്നുവേണ്ടി, സമാധാനപൂർണ്ണമായ ഭൂമിക്കു മീതെ തെളിവുള്ള ആകാശത്തിന്നുവേണ്ടി, നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്കും സമസ്ത മാനവരാശിക്കുമുള്ള പ്രത്യാശകളെ ന്യായീകരിക്കുവാൻ വേണ്ടതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്, നിങ്ങൾ കാണുന്നു.

സഖാക്കളേ, എനിക്ക് പ്രസംഗിക്കാൻ അനുവദിച്ചുകിട്ടിയ സമയം തീരാറായി.

ഉപസംഹാരമായി ഏതാനും വാക്കുകൾ പറയട്ടെ. നടപ്പുവർഷം സോവിയററു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ രൂപീകരിക്കപ്പെട്ടതിൻെറ 60-ാം വാർഷികത്തിൻെറ വർഷമാണ്.

നമ്മുടെ പ്രിയപ്പെട്ട മാതൃഭൂമിയെ സംബന്ധിച്ചേടത്തോളം വലിയൊരു സുദിനമാണ്. ജനതകളുടെ സൗഹൃദത്തിൻേറതായ സുദിനം ഇത്.

ലെനിൻെറ ദേശീയ ജനവിഭാഗനയത്തിൻെറ യശസ്കരമായ വിജയമാണ് ഇത്. അതേ സമയംതന്നെ ഇത് ഭാവിയിലേക്കുള്ള കടമകൾ അവലോകനംചെയ്യുന്നതിന്ന്, നിർവ്വചിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിന് നല്ലൊരു സന്ദർഭവുമാണ്. നാം

ശ്രേയസ്കരമായ ഈ ജൂബിലി കൊണ്ടാടുവാൻ തയ്യാറെടുക്കവേ, പുതിയൊരു സമുദായത്തെ കെട്ടിപ്പടുക്കുന്നതിന്നുള്ള ലെനിൻെറ പരിപാടിയാകുന്ന മാനദണ്ഡംകൊണ്ട് നമ്മുടെ നടപടികളെ വീണ്ടും വിലയിരുത്തുന്നു.

26-ാം സി. പി. എസ്. യു. കോൺഗ്രസ്സിൻെറ ചരിത്രപ്രധാന തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ കൈവരിക്കപ്പെട്ട പുതിയ സാധനകളോടെ സോവിയററ് യൂണിയൻെറ 60-ാം വാർഷികത്തിലേക്ക് വരുവാൻ കമ്യൂണിസ്റ്റുകളേയും പാർട്ടിയംഗങ്ങളല്ലാത്ത ആളുകളേയും, എല്ലാ തലമുറകളിലും പെട്ട സ്ത്രീപുരുഷൻമാരെ, അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളെ, പാർട്ടിയുടെ സെൻട്രൽ കമ്മിററി ആഹ്വാനംചെയ്യുന്നു.

നമ്മുടെ മഹത്തായ ബഹുദേശീയ സ്റ്റേററിൻെറ തുടർന്നുള്ള വികാസത്തിൽ, കമ്മ്യൂണിസത്തെ കെട്ടിപ്പടുക്കുന്നതിൽ. ട്രേഡ്യൂണിയനുകൾ ഉത്തരോത്തരം വലിയ പങ്കുവഹിക്കുമെന്ന വിശ്വാസം ഞാൻ രേഖപ്പെടുത്തട്ടെ.

പ്രിയ സുഹൃത്തുക്കളേ, ഞാൻ നിങ്ങൾക്കെല്ലാവർക്കും നിങ്ങളുടെ പ്രവൃത്തിയിലും സാമൂഹ്യപ്രവർത്തനങ്ങളിലും വൻവിജയങ്ങളും, ജീവിതത്തിൽ സന്തോഷവും സൗഭാഗ്യവും, ആശംസിക്കുന്നു.

## "നൂക്ലിയർ യുദ്ധഭീഷണി നീക്കം ചെയ്യുക"

### ദിമിത്രി ഉസ്തിനോവ്

*പ്രാവ്ദയിൽ എഴുതിയ ലേഖനം*

നിരായുധീകരണം സംബന്ധിച്ച് ഇയ്യിടെ അവസാനിച്ച ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ രണ്ടാം പ്രത്യേക സമ്മേളനം സാർവ്വദേശീയസ്ഥിതി രൂക്ഷമാംവിധം വഷളായിക്കൊണ്ടിരിക്കുന്നതിൻെറ പശ്ചാത്തലത്തിലാണ് നടന്നത്. അമേരിക്കയുടെ നേതൃത്വത്തിലുള്ള ആക്രമണോൽസുകങ്ങളായ സാമ്രാജ്യത്വവൃത്തങ്ങൾ ആയുധപ്പന്തയം ഊർജ്ജിതപ്പെടുത്തുകയും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ആപൽക്കരമായ പ്രതിസന്ധികളും സായുധസംഘട്ടനങ്ങളും ഊതിക്കത്തിക്കുകയും നൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കുമെന്ന് നിരുത്തരവാദപരമായി ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോ അംഗവും യു. എസ്. എസ്. ആറിൻെറ പ്രതിരോധകാര്യമന്ത്രിയുമായ ദിമിത്രി ഉസ്തിനോവ് എഴുതിയതും ജൂലായ് 12-ാം തീയതി *പ്രാവ്ദയിൽ* പ്രസിദ്ധീകരിച്ചതുമായ ഒരു ലേഖനത്തിലാണ് ഇതു പറയുന്നത്.

സമാധാനത്തോടുള്ള പ്രതിജ്ഞാബദ്ധതയും സൻമനസ്സും ജനതകളുടെ ഭാഗധേയങ്ങളോടുള്ള കനത്ത ഉത്തരവാദിത്വവും പ്രദർശിപ്പിച്ചുകൊണ്ട് സോവിയററ് യൂണിയൻ അഭൂതപൂർവ്വമായ ഒരു നീക്കം നടത്തിയതായി ലേഖനം ഊന്നിപ്പറയുന്നു. നൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കുന്നതിൽ ഒന്നാമനാവു

കയില്ല എന്ന് അത് ഏകപക്ഷീയമായി പ്രതിജ്ഞയെടുത്തിരിക്കുന്നു. ലിയനിദ് ബ്രെഷ്നേവിൻെറ സന്ദേശം ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ വേദിയിൽവെച്ച് വായിച്ചുകേൾപ്പിച്ച ഉടനെ ബലത്തിൽ വന്ന ഈ ബാദ്ധ്യത നൂക്ലിയർ യുദ്ധം തടയാനും നൂക്ലിയർ ആയുധങ്ങൾ നിരോധിക്കാനും അവയുടെ ഉൽപാദനത്തിന്ന് അറുതിവരുത്താനും നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതുവരെ അവയുടെ ശേഖരങ്ങൾ ക്രമേണ കുറച്ചുകൊണ്ടുവരാനും നൂക്ലിയർ നിരായുധീകരണം ഉളവാക്കാനുമുള്ള സമരത്തിലെ ചരിത്രപ്രധാനമായ ഒരു നാഴികക്കല്ലാണ്.

നൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കുന്നതിൽ ഒന്നാമനാവുകയില്ല എന്ന തീരുമാനം സ്വഭാവത്തിൽ സാർവ്വജനീനമാണെന്ന കാര്യം ശ്രദ്ധേയമാണെന്ന സോവിയററ് യൂണിയൻെറ പ്രതിജ്ഞയെ സോവിയററ് സായുധസേനയുടെ തന്ത്രത്തിൻേറയും അടവുകളുടേയും വീക്ഷണകോണിൽനിന്നു പരിശോധിച്ചുകൊണ്ട് ദിമിത്രി ഉസ്തിനോവ് ഊന്നിക്കാട്ടുന്നു. നൂക്ലിയർ ആയുധങ്ങളുടെ ഉൽപാദനവും സമ്പാദനവും ഉപേക്ഷിച്ചവയും സ്വന്തം പ്രദേശപരിധിക്കുള്ളിൽ അത്തരം ആയുധങ്ങൾ ഇല്ലാത്തവയുമായ രാജ്യങ്ങൾക്കെതിരായി അത്തരം ആയുധങ്ങൾ ഉപയോഗിക്കാതിരിക്കാനുള്ള സന്നദ്ധത മുമ്പ് സോവിയററു യൂണിയൻ പ്രഖ്യാപിച്ചതായി അറിയാമല്ലൊ. നൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കുന്നതിൽ ഒന്നാമനാവുകയില്ല എന്ന നമ്മുടെ ഇപ്പോഴത്തെ പ്രതിജ്ഞ ലോകത്തിലെ ഒന്നൊഴിയാതെ എല്ലാ രാജ്യങ്ങളേയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ഒരു നൂക്ലിയർ യുദ്ധത്തിൽ വിജയിക്കാമെന്ന വ്യാമോഹം സോവിയററ് യൂണിയനില്ലെന്ന് ലേഖനം പറയുന്നു. അത്തരമൊരു സംഘട്ടനത്തിൽ മേൽക്കൈ നേടുക അസാദ്ധ്യമാണെന്ന ധാരണയും നൂക്ലിയർ ആയുധങ്ങളുടെ ആദ്യപ്രയോഗം ഉപേക്ഷിക്കുന്ന

തിന്ന് അനുകൂലമായ കെട്ടുറപ്പുള്ള ഒരു വാദമാണ്. ലിയനിദ് ബ്രെഷ്നേവ് നിരായുധീകരണത്തെ പുരസ്കരിച്ചു നടന്ന ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ രണ്ടാം പ്രത്യേക സമ്മേളനത്തിന്നയച്ച സന്ദേശം പറയുന്നതുപോലെ, "നുക്ലിയർ യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ മാനവനാഗരികതയുടെ വിനാശമെന്നോ ഒരുപക്ഷെ ഭൂമിയിലെ ജീവൻെറതന്നെ അന്ത്യമെന്നോ ആയിരിക്കും അതിന്നർത്ഥം."

അമേരിക്കയുടെ സൈനികസിദ്ധാന്തത്തെ, അമേരിക്കൻ സർക്കാറിൻെറ നേതാക്കൾ അതിപ്പോൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന രീതിയെ വിശകലനം ചെയ്തുകൊണ്ട് ദിമിത്രീ ഉസ്തിനോവ് അതിൽ താഴെപ്പറയുന്ന വശങ്ങൾ അടങ്ങിയിരിക്കുന്നതായി ഊന്നിക്കാട്ടുന്നു.

(1) അമേരിക്ക സൈനികമായി എല്ലാ സൂചികകളിലും ഒന്നാം നമ്പർ ശക്തിയായിരിക്കണം. അതേസമയംതന്നെ അമേരിക്കയ്ക്ക് യുക്തമെന്നു തോന്നുന്ന ലക്ഷ്യങ്ങളിൻമേലും സമയത്തും, അമേരിക്കയുടെ മേലുള്ള തിരിച്ചടി വ്യത്യസ്തമായ സാഹചര്യങ്ങളിലേതിനേക്കാൾ ശക്തി കുറഞ്ഞതായിരിക്കുമെന്ന പ്രതീക്ഷയിൽ, സോവിയററു യൂണിയൻെറമേൽ ഒരു പ്രഹാരമേൽപിക്കാനുള്ള കഴിവു സമ്പാദിക്കുന്നതിനെ മാത്രമാണ് മേൻമയായി ധരിച്ചിട്ടുള്ളത്.

(2) മേൻമ കൈവരിക്കുകയെന്നപേരിൽ തന്ത്രപ്രധാനമായ കടന്നാക്രമണസേനകൾ, നുക്ലിയർ ആയുധങ്ങൾ, പാരമ്പരികായുധങ്ങൾ എന്നിവ കെട്ടിപ്പടുക്കുന്നതിന്നും മൊത്തത്തിൽ അമേരിക്കയുടെയും *നാറെറാ*വിൻെറയും പട്ടാളക്കരുത്ത് വർദ്ധിപ്പിക്കുന്നതിന്നും പദ്ധതികൾ ക്രോഡീകരിച്ചിട്ടുണ്ട്. തങ്ങളുടെ പങ്കാളികൾ അവരുടെ സൈനികച്ചിലവുകൾ വർഷത്തിൽ മൂന്നു ശതമാനംകണ്ടല്ല 4.5 ശതമാനത്തിൽ കുറയാതെയെങ്കിലും വർദ്ധിപ്പിക്കണമെന്നാണ് അമേരിക്കർ ആവശ്യപ്പെടുന്നത്.

(3) അമേരിക്ക ലോകത്തിൻെറ വിവിധ പ്രദേശങ്ങളിൽപെട്ട രാജ്യങ്ങളെ സ്വന്തം സൈനികസന്നാഹങ്ങളുടെ വലയത്തിലേക്ക് പിടിച്ചുവലിക്കുകയും പട്ടാളകൂട്ടുകെട്ടുകൾ സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സോവിയററ് യൂണിയൻേറയും സോഷ്യലിസ്റ്റ് സമുച്ചയത്തിൽപെട്ട മററു രാജ്യങ്ങളുടേയും ചുററിനുമായി പുതിയ പട്ടാളത്താവളങ്ങൾ നിർമ്മിക്കുകയും നിലവിലുള്ളവ വിപുലപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ബഹിരാകാശത്തിലും ബഹിരാകാശത്തുനിന്നും സൈനികപ്രവർത്തനങ്ങൾ നടത്തുന്നതിന്നുള്ള ആയുധവിധാനങ്ങളുടെ വികസനം വർദ്ധമാനമായ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. മിസൈലുകളും ലേസർ ആയുധങ്ങളും വികസിപ്പിച്ച് ബഹിരാകാശത്തിൽ വിന്യസിക്കുന്നതിന്നുള്ള പദ്ധതികൾ നടപ്പാക്കപ്പെട്ടുവരുന്നു. സ്പെയ്സ് ഷട്ടിൽ വിധാനംപോലും ഇതിന്നുപയോഗിക്കുന്നുണ്ട്.

(4) രാഷ്ട്രീയവും സാമ്പത്തികവുമായ നീക്കങ്ങളെ സൈനികനടപടികളുമായി ഉററു ബന്ധപ്പെടുത്തിയിരിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കെതിരായ പ്രചാരവേലയും പ്രത്യേക നടപടികളും പുതിയ സിദ്ധാന്തത്തിന്നു യോജിക്കുന്നവിധത്തിൽ സമീകരിക്കപ്പെട്ടുവരുന്നു. തെല്ലുപോലും കൂസലില്ലാത്ത അമേരിക്ക സ്വന്തം ബന്ധുക്കളുടേയും തൻെറയും താൽപര്യങ്ങൾക്കുപോലും കോട്ടം തട്ടിച്ചുകൊണ്ട് സോഷ്യലിസ്റ്റ് സമുച്ചയത്തിന്നെതിരായി ഒരു വ്യാപാര-വായ്പാ-ശാസ്ത്രീയ-സാങ്കേതികയുദ്ധം നടത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് ലേഖനം പറയുന്നു.

മൊത്തത്തിൽ, ''ഒരു സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയായ സോഷ്യലിസത്തെ നശിപ്പിക്കാനുള്ള'' സമരത്തിന്നുവേണ്ട പൂർവ്വോപാധികൾ സൃഷ്ടിക്കുക

യാണ് അമേരിക്കൻ ഐക്യനാടുകൾ കൈക്കൊള്ളുന്ന നടപടികളുടെ ലക്ഷ്യമെന്ന് ലേഖനം പറയുന്നു.

''നേരിട്ടുള്ള അഭിമുഖീകരണ''മെന്ന പുതിയ തന്ത്രം മുൻ മിലിട്ടറിസ്റ്റ് സിദ്ധാന്തത്തിലെ ''യുദ്ധത്തിന്റെ വക്കത്തുനിന്നുള്ള ഞാണിൻമേൽ കളി'' എന്നതുപോലുള്ള സകല കടുംകൈകളും ഉൾക്കൊള്ളുക മാത്രമല്ല അവയെ രൂക്ഷതരമാക്കുകപോലും ചെയ്തിരിക്കുന്നു. പുതിയ തന്ത്രം ഏററവും അപരിഷ്ക്കൃതമായ യുദ്ധമുറകൾപോലും അനുവദിക്കുന്നുണ്ട്. ''എം എക്സ്'' ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ, ''ട്രൈഡൻറ്-1'' കയററിയ ബാലിസ്റ്റിക് മിസൈലുകൾ, ''ട്രൈഡൻറ്-2'' മുങ്ങിക്കപ്പലുകൾ, ''ബി-1 ബി'' ''സ്റ്റെൽത്ത്'' എന്നീ ബോംബറുകൾ, ദീർഘദൂരം പോകുന്ന ക്രൂയിസ് മിസൈലുകൾ, ബൈനറി രാസായുധങ്ങൾ, വികിരണായുധങ്ങൾ തുടങ്ങിയ, ഗുണപരമായി പുതിയ ആയുധവിധാനങ്ങൾ വികസിപ്പിക്കപ്പെട്ടുവരുന്നു.

പശ്ചിമയൂറോപ്പിലും സോവിയററു യൂണിയനിൽനിന്നും അതിന്റെ ബന്ധുക്കളിൽനിന്നും വളരെ അകലെയല്ലാത്ത മററു പ്രദേശങ്ങളിലും പുതിയ അമേരിക്കൻ മിസൈലുകൾ വിന്യസിച്ചുകൊണ്ട് സ്വന്തം തന്ത്രപ്രധാനമായ കടന്നാക്രമണശേഷി പടുത്തുയർത്തുകയാണ് അമേരിക്കയുടെ ഉദ്ദേശമെന്ന് ലേഖനം പറയുന്നു. ഒരു സംഘട്ടനമുണ്ടാവുന്നപക്ഷം അമേരിക്കയുടെ അതിജീവനക്ഷമത ഉയർത്തുവാൻ ഇതിന്നു കഴിയുമെന്നാണ് പെൻറഗണിൽനിന്നുള്ള സൈനികവിദഗ്ദ്ധർ കണക്കാക്കിയിരിക്കുന്നത്. അമേരിക്കയുടെ *നാറേറാ* ബന്ധുക്കൾ യഥാർത്ഥത്തിൽ അമേരിക്കൻ ആദ്യപ്രഹാരസിദ്ധാന്തത്തിന്റെ മുനയിലാണുള്ളത്. ആദ്യത്തെ പ്രതിപ്രഹാരത്തിന്നു ഇരയാവാനുള്ള സാധ്യത അവർക്കാണ്, അവരിൽ മിക്കവരുടേയും കാര്യത്തിൽ തീർച്ചയായും അതു അവസാനത്തേതുമായിരിക്കും. അമേരിക്ക സ്വന്തം ബന്ധുക്ക

ളെ പെൻറഗൻെറ നുക്ലിയർ തന്ത്രത്തിൻെറ ജാമ്യത്തട
വുകാരാക്കിക്കൊണ്ട് അവരുടെ കാര്യത്തിൽപോലും
തുല്യതയും തുല്യ സുരക്ഷിതത്വവുമെന്ന പ്രമാണ
ത്തെ തകിടംമറിക്കാൻ ശ്രമിക്കുകയാണ്.

അമേരിക്കൻ ഐക്യനാടുകളുടെ സാമ്രാജ്യത്വനട
പടികൾ ലോകത്തിലെ മററെല്ലാ രാജ്യങ്ങൾക്കും വിശേ
ഷിച്ച്, അസംസ്കൃതപദാർത്ഥങ്ങൾ ധാരാളമുള്ള,
അല്ലെങ്കിൽ തന്ത്രപരമായി പ്രധാനപ്പെട്ട സ്ഥാനങ്ങ
ളിൽ സ്ഥിതിചെയ്യുന്ന വികസ്വരരാജ്യങ്ങൾക്കും ഒരു
യഥാർത്ഥ ഭീഷണിയാണ്. അവിടങ്ങളിൽ അമേരി
ക്കയുടെ താൽപര്യങ്ങൾക്ക് വിപരീതമായ ആഭ്യന്തര
മാററങ്ങളെ വെച്ചുപൊറുപ്പിക്കുകയില്ലെന്നും മേലിൽ
വല്ല ഇറാനും നികരാരഗ്വയും ഉണ്ടാവുകയില്ലെന്നു ഉറ
പ്പുവരുത്തുമെന്നും വൈററ്ഹൗസ് പരസ്യമായി പറ
യുന്നു.

സാമ്രാജ്യത്വം ഉയർത്തിയ എല്ലാ മാർഗ്ഗതട
സ്സങ്ങളുമുണ്ടായിട്ടും സോവിയററ് യൂണിയൻ വി
വേകത്തിന്ന് ഒരു മാതൃകകാട്ടുകയാണെന്നു ദിമിത്രി
ഉസ്തിനോവ് ഊന്നിക്കാട്ടി. മാനവരാശിയുടെ മേൽ
കരിനിഴൽ വീഴ്ത്തിക്കൊണ്ടിരിക്കുന്ന നൂക്ലിയർ ഭീഷ
ണി ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ അത് ഉ
ത്തരവാദിത്വമുള്ള ഒരു കാൽവെപ്പ് നടത്തിയിരി
ക്കുന്നു.

നുക്ലിയർ ആയുധങ്ങൾ ഒന്നാമതായി ഉപയോഗി
ക്കുന്നത് ഉപേക്ഷിച്ച സോവിയററ് യൂണിയൻ ഒരു
നൂക്ലിയർ യുദ്ധത്തിൽ വിജയിക്കാമെന്ന പ്രതീക്ഷ
യിൽ നൂക്ലിയർ ആക്രമണത്തിന്നു ആലോചിച്ചുകൊ
ണ്ടിരിക്കുന്ന എല്ലാവർക്കും നൂക്ലിയർ ആയുധങ്ങളുടെ
ആദ്യോപയോഗം നിഷേധിക്കുന്നു. ഒരു നൂക്ലിയർ
യുദ്ധത്തിന്നു തയ്യാറെടുക്കുന്ന ഘട്ടത്തിലോ അത്തര
മൊരു യുദ്ധം ആരംഭിക്കുന്ന നിമിഷത്തിലോ സാമ്രാ
ജ്യത്വശക്തികൾക്ക് സൈനികമേധാവിത്വം നേടാൻ

സാധിക്കാത്ത ഒരു അവസ്ഥയിലാണ് പക്ഷങ്ങളുടെ സൈനികശേഷിസാധ്യതകളും സൈനിക-സാങ്കേതിക കഴിവുകളും ഉള്ളത്.

നിരായുധീകരണപ്രശ്നങ്ങൾ പാരസ്പര്യതയുടെ അടിസ്ഥാനത്തിലും ഇരുപക്ഷങ്ങളുടേയും സുരക്ഷിതത്വതാൽപര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും പരിഹരിക്കാൻ അമേരിക്കയ്ക്ക് എപ്പോഴും അവസരമുണ്ടായിരുന്നിട്ടുണ്ടെന്ന്, നിരായുധീകരണപ്രശ്നത്തെ പരാമർശിച്ചുകൊണ്ട്, സോവിയററ് യൂണിയൻെറ പ്രതിരോധമന്ത്രി ചൂണ്ടിക്കാട്ടി. എന്നാൽ, നിയമേന ഹ്രസ്വകാല പരിഗണനകളാണ് വാഷിങ്ടണെ സ്വാധീനിച്ചത്.

ഒന്നരക്കൊല്ലം അധികാരത്തിൽ ഇരുന്നശേഷം മാത്രമാണ് അമേരിക്കൻ സർക്കാർ തന്ത്രപ്രധാനായുധങ്ങളുടെ പരിമിതീകരണവും ലഘൂകരണവും സംബന്ധിച്ച ഇപ്പോഴത്തെ സംഭാഷണങ്ങൾക്കു സമ്മതിച്ചതെന്നു ദിമിത്രി ഉസ്തിനോവ് അനുസ്മരിക്കുന്നു. പശ്ചിമയൂറോപ്പിലേയും അമേരിക്കയിലേയും പ്രബലമായ യുദ്ധവിരുദ്ധ പ്രസ്ഥാനം ആ തീരുമാനത്തിൽ വലിയൊരു പങ്കാണ് വഹിച്ചിട്ടുള്ളത്.

തന്ത്രപ്രധാനായുധങ്ങൾ ഗണ്യമായി വെട്ടിക്കുറയ്ക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നതിനെ സോവിയററ് യൂണിയൻ അനുകൂലിച്ചിട്ടുണ്ടെന്നു മന്ത്രി ഊന്നിപ്പറയുന്നു. ഇപ്പോൾ സംഭാഷണങ്ങളിൽ പങ്കെടുക്കുന്ന സോവിയററ് പ്രതിനിധിസംഘത്തിന്ന് ഈ പ്രശ്നങ്ങൾ സംബന്ധിച്ച് തദനുസൃതമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, കരാറിലെത്തുവാൻ ഇരുപക്ഷങ്ങളും തുല്യതയും തുല്യസുരക്ഷിതത്വവുമെന്ന പ്രമാണത്തിന്നു നിരക്കുന്നവിധത്തിൽ ഇരുകൂട്ടരുടേയും ന്യായമായ താൽപര്യങ്ങളെ പരസ്പരം കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കുകയും മുമ്പ് *സാൽട്ടി*ൻെറ മണ്ഡലത്തിൽ എത്തിച്ചേർ

ന്ന വിധായകമായ എല്ലാററിനേയും കാത്തുസൂക്ഷി ക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. എന്നുമാത്രമല്ല, സംഭാഷണങ്ങൾ യഥാർത്ഥത്തിൽ തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നതായിരിക്കണം; അല്ലാതെ ആയുധങ്ങൾ കുന്നുകൂട്ടുന്നതിന്നും നിലവിലുള്ള സമാനതതകിടംമറിക്കുന്നതിന്നുമുള്ള ഒരു മറയായിരിക്കരുത്. തന്ത്രപ്രധാനായുധങ്ങളുടെ ഏതൊരു രൂപത്തിലുമുള്ള പന്തയത്തിൻെറ സകല കൈവഴികളും കൊട്ടിയടയ്ക്കണം.

നടുത്തരം നൂക്ലിയർ ആയുധങ്ങളുടെ പ്രശ്നം പ പരിഹരിക്കാൻ സോവിയററ് യൂണിയൻ കഴിവുള്ള തെല്ലാം ചെയ്യുന്നുണ്ടെന്നു ദിമിത്രി ഉസ്തിനോവ് ഊന്നിക്കാട്ടുന്നു. യൂറോപ്പിലെ ഉന്നങ്ങൾക്കു നേരെ തിരിച്ചുവെച്ചിട്ടുള്ള എല്ലാ നടുത്തരം ആയുധവിധാനങ്ങളുടേയും നിർമ്മൂലനത്തെ അനുകൂലിച്ച് സോവിയററ് യൂണിയൻ മുന്നോട്ടുവരികയും ഇരുപക്ഷങ്ങളുടെയും — സോവിയററ് യൂണിയൻെറയും *നാറേറാവി*ൻെറയും — പക്കലുള്ള അത്തരം ആയുധങ്ങൾ ഗണ്യമായി — നൂറുകണക്കിൽ യൂണിററുകൾകണ്ട് — വെട്ടിക്കുറയ്ക്കാൻ അത് സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തത് അദ്ദേഹം അനുസ്മരിക്കുന്നു. കാര്യങ്ങളെ മുന്നോട്ടുനീക്കാൻ സോവിയററു യൂണിയൻ അതിൻെറ യൂറോപ്യൻ ഭാഗത്ത് നടുത്തരം നൂക്ലിയർ ആയുധങ്ങൾ കൂടുതലായി വിന്യസിക്കുന്നത് ഏകപക്ഷീയമായി നിറുത്തലാക്കി. സോവിയററ് യൂണിയൻ പ്രഖ്യാപിത മൊറട്ടോറിയം ലംഘിക്കുന്നുവെന്ന് ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിലെ നിരുത്തരവാദികളായ ആളുകൾ കിംവദന്തികൾ പരത്തുന്നു. അത്തരം കിംവദന്തികളെ മനഃപൂർവ്വവും ദുഷ്ടവുമായ തെററിദ്ധരിപ്പിക്കലെന്ന് മന്ത്രി വിശേഷിപ്പിച്ചു. സോവിയററ് യൂണിയൻ അതിൻെറ വാക്കുപാലിക്കുന്നു. അത് രാജ്യത്തിൻെറ യൂറോപ്യൻ ഭാഗത്ത് നടുത്തരം



6

മിസൈലുകൾ വിന്യസിക്കുന്നില്ല; നേരെമറിച്ച് അവയിൽ കുറവുവരുത്തിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. പശ്ചിമയൂറോപ്പിൽ എത്തിച്ചേരാൻ കഴിയുന്ന തരത്തിലുള്ള പുതിയ ഒരൊററ നടുത്തരം മിസൈൽ പോലും അത് വിന്യസിക്കുന്നില്ല.

മധ്യയൂറോപ്പിൽ ഇരുപക്ഷങ്ങൾക്കുമുള്ള സായുധസേനകളുടേയും പടക്കോപ്പുകളുടേയും നിലവാരങ്ങൾ കുറയ്ക്കുന്നതു സംബന്ധിച്ച് വിയന്നയിൽ വെച്ച് ഒരു കരാർ ഒപ്പുവെക്കാൻ സോവിയററ് യൂണിയനും മററു വാഴ്സാ ഉടമ്പടി രാജ്യങ്ങളും ഏതു നിമിഷത്തിലും തയ്യാറാണെന്ന് ലേഖനം പറയുന്നു.

നടുത്തരം നൂക്ലിയർ ആയുധങ്ങൾ സംബന്ധിച്ച സംഭാഷണങ്ങളിൽ സോവിയററ് യൂണിയൻെറ മുൻകൈകൾക്ക് മറുപടിയായി അമേരിക്ക, സൃഷ്ട്യുൻമുഖമായ യാതൊരു കാൽവെപ്പുകളും നടത്താൻപോകുന്നില്ല എന്ന തോന്നലാണ് ഉണ്ടാകുന്നതെന്ന് ലേഖനം പറയുന്നു. അത് കുപ്രസിദ്ധമായ അതിൻെറ ശൂന്യവികൽപത്തിൽനിന്ന് ഒട്ടും മുന്നോട്ടുപോകുന്നില്ല. യഥാർത്ഥത്തിൽ പ്രശ്നം ഒന്നുകിൽ സോവിയററ് യൂണിയൻെറ ഏകപക്ഷീയമായ നിരായുധീകരണം അല്ലെങ്കിൽ സംഭാഷണങ്ങളെ അനിശ്ചിതമായി വൈകിക്കുക എന്ന ലക്ഷ്യത്തോടെ, സോവിയററ് യൂണിയന്ന് സൻമനസ്സില്ലെന്ന് ആരോപിച്ചുകൊണ്ട് സംഭാഷണങ്ങളെ ഒരു മുട്ടുവഴിയിലെത്തിക്കുകയും *നാറേറാ*വിൻെറ ആധുനികീകരണത്തിന്നു ആലോചിച്ചുവെച്ച പദ്ധതി നടപ്പാക്കുകയും ചെയ്യുക എന്നതാണ്.

ഇത്തരുണത്തിൽ, ദിമിത്രി ഉസ്തിനോവ് ഒരു കാര്യം വ്യക്തമാക്കുന്നു: സോവിയററ് യൂണിയൻ ഏകപക്ഷീയമായ നിരായുധീകരണത്തിന്നു സമ്മതിക്കുകയില്ല. അമേരിക്കയുടെ മുന്നിരയിലുള്ള നുക്ലിയർ ആയുധവിധാനങ്ങളേയും ഗ്രേററ്ബ്രിട്ടൻേറയും

ഫ്രാൻസിൻേറയും ആയുധവിധാനങ്ങളേയും സംഭാഷണങ്ങളുടെ ചട്ടക്കൂടിൽനിന്ന് ഒഴിച്ചുനിർത്തണമെന്ന് അമേരിക്കർ നിർബ്ബന്ധംപിടിക്കുകയാണെങ്കിൽ അത് സംഭാഷണങ്ങളിലെ പുരോഗതിയെ തടസ്സപ്പെടുത്തുന്നതായിരിക്കും. തങ്ങാക്കെന്താണ് വേണ്ടതെന്ന് അമേരിക്കൻ പ്രതിനിധികാം ഇനിയെങ്കിലും പറയണം. യൂറോപ്പിലെ നൂക്ലിയർ ആയുധങ്ങളുടെ ലഘൂകരണമാണോ? അതല്ല സ്വന്തം നൂക്ലിയർ വിധാനങ്ങാം അവിടെ അതേപടി നിലനിർത്തുകയും പെർഷിങ്ങുകളും ക്രൂയിസ് മിസൈലുകളും വിന്യസിച്ച് ആ വിധാനത്തെ കൂടുതൽ വർദ്ധിപ്പിക്കുകയും ചെയ്യുകയാണോ അവരുടെ മുഖ്യ ലക്ഷ്യം?

നൂക്ലിയർ ആയുധങ്ങാം പരസ്പരം ഗണ്യമായി കുറയ്ക്കുന്നതിന്ന് സമ്മതിക്കാൻ യഥാർത്ഥത്തിൽ അമേരിക്ക ആഗ്രഹിക്കുന്നുണ്ടെങ്കിൽ സോവിയററ് യൂണിയൻ എപ്പോഴും അതിന്ന് അനുകൂലമാണെന്ന് ലേഖനം പറയുന്നു. മാനവരാശിയെ കൂട്ടസംഹാരായുധങ്ങളിൽനിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സോവിയററ് യൂണിയൻ വിവേകവും സൻമനസ്സുമുള്ള അസാമാന്യമാംവിധം പ്രധാനപ്പെട്ട ഒരു കാൽവെപ്പ് നടത്തിയിരിക്കുന്നു. ഇനിയത്തെ ഊഴം വാഷിങ്ടൺേറതാണ്.

എന്നാൽ, നൂക്ലിയർ ആയുധങ്ങാം ഉപയോഗിക്കുന്നതിൽ ഒന്നാമനാവാതിരിക്കാനുള്ള സോവിയററ് യൂണിയൻേറ തീരുമാനത്തെ, അത് മുൻകൂട്ടി അറിയാൻ സാധിക്കുകയില്ലെന്ന കാരണത്താലാണത്രെ, ഒട്ടും വിലയില്ലാത്ത വെറും പ്രചാരവേലാനടപടിയായി തള്ളിക്കളയാൻ പാശ്ചാത്യരാജ്യങ്ങളിലെ ചില വ്യക്തികാം ശ്രമിക്കുന്നതായി റിപ്പോർട്ടുകാം വന്നുകൊണ്ടിരിക്കുന്നുവെന്ന് ദിമിത്രി ഉസ്തിനോവ് എഴുതുന്നു. വകതിരിവില്ലാത്ത അത്തരം സമീപനം ഒരു ഔദ്യോഗിക അഭിപ്രായമല്ലെന്നു വിചാരിക്കാം. എന്നാൽ, അമേരിക്കൻ ഗവർമ്മെണ്ടും മററു *നാറേറാ* രാജ്യങ്ങളുടെ ഗവർ

മ്മെണ്ടുകളും സമാധാനത്തെപ്പററി സൂചകങ്ങളായ പ്ര സ്താവനകളുടെ മറവിൽ ആയുധപ്പന്തയത്തിലേക്കും നൂക്ലിയർ അഭിമുഖീകരണത്തിലേക്കുമുള്ള ഒരു കർമ്മ സരണി തുടർന്നു അനുവർത്തിക്കുകയാണെങ്കിൽ ആപൽക്കരമായ ഭവിഷ്യത്തുക്കൾക്കുള്ള കനത്ത ഉത്തര വാദിത്വം അവർ ഏറെറടുക്കേണ്ടിവരും.

സോവിയററ് യൂണിയനും അതിൻെറ ബന്ധുക്ക ളും നൂക്ലിയർ യുദ്ധഭീഷണി നീക്കംചെയ്യാനും ആയു ധപ്പന്തയം അവസാനിപ്പിക്കാനും തങ്ങളാലാവുന്നതെ ല്ലാം ചെയ്യുന്നുണ്ട്. 1980-കളിലേക്കുള്ള സോവിയററ് യൂണിയൻെറ സമാധാനപരിപാടിയും ഈ പരിപാടി നടപ്പിൽവരുത്താൻ സി. പി. എസ്. യു. സെൻട്രൽ കമ്മിററിയും വ്യക്തിപരമായി ലിയനിദ് ബ്രെഷ്നേ വും നടത്തുന്ന അകഷീണ പരിശ്രമങ്ങളും ഈ ലക്ഷ്യ ങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. നമ്മുടെ പു തിയ മുൻകൈ, നൂക്ലിയർ ആയുധങ്ങൾ ഉപയോഗി ക്കുന്നതിൽ ഒന്നാമനാവുകയില്ലെന്ന ഏകപക്ഷീയമാ യ ബാദ്ധ്യത മാനവരാശിയുടെ താൽപര്യങ്ങളെ മുൻ നിറുത്തി മുഴുവൻ സോവിയററ് ജനങ്ങളും ചേർന്ന് എടുത്ത ഒരു തീരുമാനമാണെന്ന് ദിമിത്രി ഉസ്തി നോവ് ഊന്നിപ്പറയുന്നു. സോവിയററ് യൂണിയൻെറ സായുധസേന സോവിയററ് ജനങ്ങളുടെ സമാധാനപ രമായ സൃഷ്ട്യുൻമുഖ അദ്ധ്വാനത്തിൻെറ, സോഷ്യ ലിസത്തിൻേറയും സമാധാനത്തിൻേറയും മഹൽസി ദ്ധികളുടെ സംരക്ഷകരാണെന്ന്, മേലിലും അങ്ങി നെ ആയിരിക്കുമെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

## "പ്രാവ്ദ"യുടെ ചോദ്യങ്ങൾക്ക് ലിയനിദ് ബ്രെഷ്നേവിന്റെ മറുപടി

പ്രാവ്ദ പത്രത്തിന്റെ ചില ചോദ്യങ്ങൾക്ക് സി. പി. എസ്. യു. സെൻട്രൽക്കമ്മിററിയുടെ ജനറൽ സിക്രട്ടരിയും യു. എസ്. എസ്. ആർ. സുപ്രീം സോവിയററ് പ്രസീഡിയത്തിന്റെ പ്രസിഡണ്ടുമായ ലിയനിദ് ബ്രെഷ്നേവ് നൽകിയ മറുപടികൾ പ്രസ്തുത പത്രം അതിന്റെ ജൂലായി 21-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

*ചോദ്യം:* ഇപ്പോൾ ലെബനോണിലും ആ രാജ്യത്തെ ചുററിപ്പററിയും രൂപപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയെ താങ്കൾ എങ്ങിനെ വിലയിരുത്തുന്നു?

*ഉത്തരം:* ലെബനോണിൽനിന്നു നിത്യേന ഭയങ്കരമായ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അത് വെറുപ്പും കോപവുമുണ്ടാക്കുന്നു. ലെബനോണിന്റെ മണ്ണിൽ പാതകങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരോടുള്ള കോപം. ആയിരക്കണക്കിൽ ലെബനോൺകാരും പാലസ്തീനിയരും അധിനിവേശകരുടെ കയ്യാൽ മരണമടഞ്ഞിരിക്കുന്നു. എങ്കിലും, രക്തച്ചൊരിച്ചൽ അവസാനിച്ചിട്ടില്ല. ലെബനോണിന്റെ തലസ്ഥാനമായ ബൈറൂത്ത് നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വംശവിച്ഛേദനം എന്നു മാത്രമേ ഇസ്രായേലിന്റെ നടപടികളെ വിശേഷിപ്പിക്കാനാവൂ.

ഇസ്രായേൽ അതിന്റെ ഈ കൊള്ളയുദ്ധം തുടരുന്നതെന്തിനാണ്? ലെബനോണിൽനിന്ന് ആക്രമ

ണസേനകളെ ഉടനടിയായും നിരുപാധികമായും പിൻവലിക്കണമെന്നാവശ്യപ്പെടുന്ന ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ തീരുമാനങ്ങളെ അത് എന്തുകൊണ്ടാണ് അവഗണിക്കുന്നത്? ലോകപൊതുജനാഭിപ്രായത്തെ അവഗണിക്കാൻ അത് സ്വയം അനുവദിക്കുന്നതെന്തിന്? അതിന്നു ഒരു ശക്തിയുടെ പിന്തുണയുള്ളതുകൊണ്ടാണ് ഇതൊക്കെ നടക്കുന്നത്. ആ ശക്തിയുടെ മേൽവിലാസം സുവിദിതമാണ് — അമേരിക്ക.

പലസ്തീനിയരുടെ, ഇസ്രായേലി പട്ടാളത്തെ പതറാതെ ചെറുത്തുനിൽക്കുന്ന എല്ലാവരുടേയും, ധീരോദാത്തതയെ സോവിയററ് യൂണിയനിലുള്ള ഞങ്ങൾ അനുമോദിക്കുന്നു. പലസ്തീനിയൻ പ്രശ്നം എത്രതന്നെ സങ്കീർണ്ണമാണെങ്കിലും, പലസ്തീനിയൻ ജനതയ്ക്ക് എന്തുതന്നെ പ്രയാസങ്ങളിലൂടെ കടന്നുപോകേണ്ടിവന്നാലും ഒരു കാര്യം വ്യക്തമാണ്: പലസ്തീനിയൻ പ്രശ്നം ഒരു കുരുക്കല്ല, അതൊരു വാളുകൊണ്ട് മുറിച്ചുമാററാനാവില്ല. ശോചനീയമായ അത്തരം സാഹചര്യങ്ങളിൽപോലും പലസ്തീനിയർ പ്രദർശിപ്പിക്കുന്ന സ്ഥൈര്യം അവർ ജീവിക്കുന്ന ഒരു ജനതയുടെ ജീവത്തായ ലക്ഷ്യത്തെ കാത്തുരക്ഷിക്കുകയാണെന്നും അവരെ കീഴ്പെടുത്താനാവുകയില്ലെന്നും പുതിയ ഊക്കോടെ കാട്ടിത്തരികയാണ് ചെയ്യുന്നത്.

അതിനാൽ, സുനിശ്ചിതമായ ഒരു നിഗമനത്തിൽ എത്തിച്ചേരാവുന്നതാണ്: ഇസ്രായേലിൻെറ ആക്രമണം അതിന്ന് വമ്പിച്ചൊരു രാഷ്ട്രീയ-ധാർമ്മിക പരാജയമായി, സാർവ്വദേശീയരംഗത്ത് അധികാധികമായ ഒരു ഒററപ്പെടലായി മാറിക്കൊണ്ടിരിക്കുകയാണ്.

ഇസ്രായേലിൽതന്നെയും കൂടുതൽ കൂടുതൽ ആളുകൾ ഇത് മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നുവെന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. സോവി

യററ് യൂണിയൻ തുടരെത്തുടരെ പ്രസ്താവിച്ചിട്ടുള്ള തുപോലെ പലസ്തീൻ അറബ് ജനതയുടെ പ്രശ്നം പരിഹരിക്കാനുള്ള ഉത്തമവും യാഥാർത്ഥ്യോചിതവു മായ മാർഗ്ഗം ഒരു പലസ്തീൻ സ്റ്റേററ് സൃഷ്ടിക്കു കയാണെന്ന വ്യാപകമായ ഒരു ധാരണയും ലോകത്തി പ്പോഴുണ്ട്.

ലെബനോണിലെ സംഭവങ്ങൾ എപ്പോഴും സോ വിയററ് നേതൃത്വത്തിന്റെ ശ്രദ്ധാകേന്ദ്രത്തിലു ണ്ട്. സോവിയററ് യൂണിയന്റെ നിലപാട് വ്യക്ത മാണ്; യുദ്ധത്തിന്റെ ജ്വാലകൾ ഊതിക്കെടുത്തണം, ആക്രമണം അവസാനിപ്പിക്കണം, ഇസ്രായേലി സൈ ന്യം ലെബനോൺ വിട്ടു പോകണം.

ആക്രമണകാരിക്കു മുന്നിൽ തലകുനിക്കാത്തവർ ക്ക്, ആ മേഖലയിൽ ന്യായമായ ഒരു പരിഹാരത്തി ന്നും സമാധാനത്തിന്നും വേണ്ടി നിർബന്ധിച്ചു കൊണ്ടിരിക്കുന്നവർക്ക് നമ്മുടെ രാജ്യം സഹായവും പിന്തുണയും നൽകിയിട്ടുണ്ടെന്നും തുടർന്നു നൽകി ക്കൊണ്ടിരിക്കുന്നതാണെന്നുംകൂടി ഞാൻ പറഞ്ഞു കൊള്ളുന്നു.

*ചോദ്യം:* ആ ലക്ഷ്യത്തോടെ എന്തു അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് താങ്കളുടെ അഭി പ്രായം?

*ഉത്തരം:* ഒന്നാമതായി, ഇസ്രായേലും അമേരിക്ക യും പരമാധികാരരാഷ്ട്രമായ ലെബനോണിന്നെതി രായ ആക്രമണം അവസാനിപ്പിക്കുന്നതും ഇസ്രായേലി സൈന്യത്തെ ഉടനടി നിരുപാധികം പിൻവലിക്കുന്ന തും സംബന്ധിച്ച ഐക്യരാഷ്ട്രസമിതി തീരുമാനം അനുസരിക്കുകയാണ് വേണ്ടത്.

എന്നാൽ, ഏററവും അടിയന്തിരമായ പ്രശ്നത്തെ പററി പറയുകയാണെങ്കിൽ ഇസ്രായേലി സൈന്യം ബൈറൂത്തിന്റെ ഉപരോധം അവസാനിപ്പിക്കണം.

അതിലേക്കുള്ള ആദ്യനടപടിയെന്ന നിലയിൽ പടിഞ്ഞാറെ ബൈറൂത്തിനെ കാത്തുരക്ഷിക്കുന്ന സൈന്യത്തേയും ഇസ്രായേലി സൈന്യത്തേയും പിരിച്ചയക്കുന്നതിന്ന് നമ്മരം എതിരല്ല.

ഈ ലക്ഷ്യത്തോടെ, ഐക്യരാഷ്ട്രസൈന്യത്തെ ഉപയോഗപ്പെടുത്താവുന്നതാണ്—രക്ഷാസമിതിയുടെ തീരുമാനമനുസരിച്ച് ലെബനോണിൽ ഇപ്പോരംതന്നെ ഐക്യരാഷ്ട്ര താൽക്കാലികസേനയുടെ ദളങ്ങരം ഉണ്ടെന്നതിനാൽ പ്രത്യേകിച്ചും. എന്നാൽ അമേരിക്കൻ സൈന്യം ലെബനോണിൻെറ മണ്ണിൽ പ്രത്യക്ഷപ്പെടുന്നതിനെ നമ്മരം ഖണ്ഡിതമായും എതിർക്കുമെന്ന് തീർച്ചയാണ്. ഇതു സംബന്ധിച്ച ഒരു മുന്നറിയിപ്പ് നാം ഇതിനകംതന്നെ നൽകിയിട്ടുള്ളതാണ്.

ഇസ്രായേലിൻെറ സൈനിക ദുസ്സാഹസങ്ങളെ എതിർക്കുന്ന ശക്തികരം എത്രകണ്ട് ഊട്ടിയുറപ്പിക്കപ്പെടുകയും ആക്രമണത്തിന്നു കടിഞ്ഞാണിടണമെന്ന, ആവശ്യപ്പെടുന്ന സ്റ്റേററുകളുടെ വൃത്തം എത്രകണ്ടു വലുതാവുകയും ചെയ്യുന്നുവോ അത്രകണ്ടു വേഗത്തിലും വിശ്വസനീയമായും അതിന്നു അറുതി വരുമെന്ന് ഊന്നിക്കാട്ടാൻകൂടി ഞാനാഗ്രഹിക്കുന്നു. തുറന്നു പറഞ്ഞാൽ, ഇന്നത്തെ രൂക്ഷമായ സ്ഥിതിയിൽ അറബികളുടെ ഐക്യം മർമ്മപ്രധാനമായിത്തീർന്നിരിക്കുന്നു. അതിന്ന് തടസ്സമായിരിക്കുന്നതിനെ നിർണ്ണായകമായ ഈ സന്ദർഭത്തിൽ മാററി വെക്കേണ്ടതാണെന്ന് നമുക്ക് നല്ല ബോദ്ധ്യമുണ്ട്. ഇത്തരുണത്തിൽ പലസ്തീനിയർക്ക് ജീവിതത്തിന്നും സുരക്ഷിതത്വത്തിന്നും സ്വതന്ത്രമായ വികസനത്തിന്നും സ്വന്തമായ സ്റ്റേററ് രൂപീകരിക്കുന്നതിന്നുമുള്ള അവകാശങ്ങരംക്ക് ഉറപ്പുവരുത്താനാവശ്യമായ നടപടികരം അറബികരം കൂട്ടായി ആവിഷ്ക്കരിക്കേണ്ടതിൻെറ ആവശ്യം അധികാധികം അടിയന്തിരവും സ്പഷ്ടവുമായിത്തീർന്നുകൊണ്ടിരിക്കുകയാണ്.

അവസാനമായി, ലെബനോണിലെ സംഭവങ്ങഠം വീണ്ടും ഇങ്ങിനെ ചോദിക്കാൻ പ്രേരിപ്പിക്കുന്നു: നീതിയുക്തവും സമഗ്രവുമായ മധ്യപൂർവ്വദേശ ഒത്തു തീർപ്പെന്ന ലക്ഷ്യത്തെ അതിൻെറ സർവ്വ ഗൗരവത്തോടും ഉത്തരവാദിത്വത്തോടുംകൂടി പരിഗണിക്കേണ്ടതിൻെറ സമയം അതിക്രമിച്ചില്ലേ? ആക്രമണനടപടികളും സായുധസംഘട്ടനങ്ങളുംകൊണ്ട് നിറഞ്ഞ ദശാബ്ദങ്ങളുടെ ദുഃഖകരമായ അനുഭവം വെവ്വേറെയുള്ള ഇടപാടുകളെപ്പോലെ സായുധസംഘട്ടനത്തിൻെറ പാതയും മധ്യപൗരസ്ത്യദേശത്തിൻെറ പ്രശ്നങ്ങഠംക്ക് ഒരു പരിഹാരം ഉണ്ടാക്കിയിട്ടില്ലെന്ന്, അതുണ്ടാക്കാൻ അതിന്നു സാദ്ധ്യമല്ലെന്ന് കാട്ടിയിരിക്കുന്നു. പലസ്തീൻ ജനതയുടെ ഏക നിയമാനുസൃതപ്രതിനിധിയായ പി. എൽ. ഒ. അടക്കം, ബന്ധപ്പെട്ട എല്ലാ പക്ഷങ്ങളുടേയും കൂട്ടായ യത്നങ്ങളുടെ ഫലമായി മാത്രമേ അവ പരിഹരിക്കാനാവൂ. മുന്നോട്ടു നോക്കുമ്പോഠം, ഒരു സാർവ്വദേശീയസമ്മേളനം വിളിച്ചുകൂട്ടുന്നതു സംബന്ധിച്ച് നാം ഉന്നയിച്ച നിർദ്ദേശത്തിൻെറ വില കൃത്യമായും ആ കാഴ്ചപ്പാടിലാണ് നാം കാണുന്നത്. അത് എത്ര വേഗത്തിലാണോ അത്രയും നല്ലത്. മദ്ധ്യപൗരസ്ത്യദേശത്ത് സ്ഥായിയായ സമാധാനം സ്ഥാപിക്കുന്നതിന്ന് തങ്ങളുടേതായ സംഭാവന നൽകാൻ ആഗ്രഹിക്കുന്ന എല്ലാവരുമായി വിശ്വസ്തതയോടെ സഹകരിച്ചുകൊണ്ട് ആ ദിശയിൽ പ്രായോഗികമായി പ്രവർത്തിക്കാൻ സോവിയററ് യൂണിയൻ സന്നദ്ധമാണ്.

# ആയുധപ്പന്തയം അവസാനിപ്പിക്കുക

സോവിയററ് യൂണിയന്റെ പ്രധാനമന്ത്രി നിക്കോളായ് തിഖനോവിന്ന് യൂറോപ്യൻ സുരക്ഷിതത്വത്തിന്നും സഹകരണത്തിന്നുമുള്ള സാർവ്വദേശീയ കമ്മിററിയുടെ ചെയർമാനും പ്രമുഖ ബെൽജിയൻ പൊതുകാര്യപ്രസക്തനും സാർവ്വദേശീയ ലെനിൻ സമാധാനസമ്മാനവിജയിയുമായ റയ്മണ്ട്ഗൂർ അയച്ച ഒരു കത്തും പ്രസ്തുത കമ്മിററി ഹെൽസിങ്കി സമ്മേളനത്തിൽ ഭാഗഭാക്കുകളായ രാജ്യങ്ങളുടെ ഗവർമ്മേണ്ടുകാംക്കയച്ച അഭ്യർത്ഥനയും കിട്ടിയിരിക്കുന്നു.

നിക്കോളായ് തിഖനോവ് റയ്മണ്ട്ഗൂറിന്നയച്ച മറുപടിയിൽ പ്രത്യേകിച്ചിങ്ങിനെ പറയുന്നു:

ആയുധപ്പന്തയം അവസാനിപ്പിച്ച് യൂറോപ്പിനെ നൂക്ലിയർ യുദ്ധത്തിന്റെ വിപത്തിൽനിന്ന് രക്ഷിക്കാനും ഹെൽസിങ്കിയിൽ ആരംഭിച്ച പ്രക്രിയ തുടരാനുമുള്ള ആഹ്വാനം, അഭ്യർത്ഥനയിൽ ഉാംക്കൊണ്ട ആഹ്വാനം സോവിയററ് യൂണിയനിൽ അനുഭാവപൂർവ്വം സ്വീകരിക്കപ്പെട്ടിരിക്കുന്നു. സമാധാനം നിലനിർത്തുകയും യൂറോപ്പിലും ലോകത്തിലൊട്ടുക്കും നൂക്ലിയർ യുദ്ധം തടയുകയും ചെയ്യുന്നതിലുള്ള ശ്രദ്ധയാണ് ഞങ്ങളുടെ രാജ്യത്തിന്റെ നയത്തിൽ മുന്തിനിൽക്കുന്നത്. നിരായുധീകരണം സംബന്ധിച്ച ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ രണ്ടാം പ്രത്യേകസമ്മേളനത്തിന്ന് ലിയനിദ് ബ്രെഷ്നേവയച്ച സന്ദേശം ഇതിന്ന് അസന്ദിഗ്ദ്ധമായ ഒരു തെളിവാണ്. അതിൽ, നൂക്ലിയറായുധങ്ങാം ഉപയോഗിക്കുന്നതിൽ ഒന്നാമനാവുകയില്ലെന്ന ബാദ്ധ്യത സോവിയററ് യൂണിയൻ ഏറെറടുത്തിരിക്കുന്നു. ഈ നടപടിയുടെ

പ്രാധാന്യം എത്ര മതിച്ചാലും അധികമാവില്ല. മററു നൂക്ലിയർ കോയ്മകരം ഞങ്ങളുടെ മാതൃക പിന്തുടരു കയാണെങ്കിൽ യഥാർത്ഥത്തിൽ നൂക്ലിയർ യുദ്ധം പൊട്ടിപ്പുറപ്പെടുകയുണ്ടാവില്ല.

സോവിയററ് യൂണിയൻെറ ഏകപക്ഷീയമായ ഈ നടപടികളുടെ ഫലമായി, തീർച്ചയായും, സമാധാനത്തിന്നും ജനതകളുടെ സുരക്ഷിതത്വത്തിന്നും, വിശേഷിച്ചും യൂറോപ്പിൽ, ഗണ്യമായ ഒരു സംഭാവന നൽകപ്പെട്ടിരിക്കുന്നു. മററു നൂക്ലിയർ കോയ്മകളിൽ നിന്ന് ഇതിന്ന് അനുരൂപമായ നടപടികരം പ്രതീക്ഷിക്കാൻ ലോകത്തിലെ പൊതുജനങ്ങരംക്ക് അവകാശമുണ്ട്.

യൂറോപ്പിനെ നടുത്തരം ആയുധങ്ങളിൽനിന്നും അടവു സംബന്ധമായ ആയുധങ്ങളിൽനിന്നും പൂർണ്ണമായും മോചിപ്പിക്കണമെന്ന് സോവിയററ് യൂണിയൻ പ്രഖ്യാപിക്കുന്നു. അതേ സമയംതന്നെ, യൂറോപ്പിൽ ഇരുപക്ഷങ്ങളുടേയും — സോവിയററ് യൂണിയൻേറയും *നാറേറാ*വിൻേറയും — നടുത്തരം നൂക്ലിയർ ആയുധങ്ങരം ക്രമേണയെങ്കിലും ഗണ്യമായ അളവിൽ — നൂറുകണക്കിൽ യൂണിററുകരംകണ്ട് — വെട്ടിക്കുറയ്ക്കാനുള്ള സന്നദ്ധതയും ഞങ്ങരം പ്രകടിപ്പിക്കുന്നു.

തന്ത്രപ്രധാനായുധങ്ങളുടെ പരിമിതീകരണവും ലഘൂകരണവും സംബന്ധിച്ച കരാറിൽ എത്തിച്ചേരാനും ഞങ്ങരം യത്നിക്കുന്നുണ്ട്. സോവിയററ് യൂണിയൻേറയും അമേരിക്കയുടേയും തന്ത്രപ്രധാനായുധങ്ങരം ഇപ്പോരംതന്നെ മരവിപ്പിക്കണമെന്ന്, ഗണപരമായി മരവിപ്പിണമെന്ന്, അവയുടെ ആധുനികീകരണം പരമാവധിനിയന്ത്രിക്കണമെന്ന് ഞങ്ങരം നിർദ്ദേശിക്കുന്നു.

ഈ സ്പിരിട്ടിൽ, ജനീവയിൽ നടന്നുകൊണ്ടിരിക്കുന്ന സോവിയററ്-അമേരിക്കൻ സംഭാഷണങ്ങളിൽ നീതിയുക്തവും സത്യസന്ധവുമായ കരാറുകരം തേ

ടിക്കൊണ്ടിരിക്കുകയാണ് ഞങ്ങൾ. എന്നാൽ, സംഭാഷണങ്ങൾ തുടങ്ങിയതുകൊണ്ടുമാത്രമായില്ലെന്നും അവയിൽവെച്ച് വിധായകമായ ഫലങ്ങൾ കൈവരിക്കുകയാണ് അതിലും എത്രയോ പ്രധാനമായിട്ടുള്ള വസ്തുത അവഗണിക്കുക അസാദ്ധ്യമാണ്. സംഭാഷണങ്ങൾ ആയുധപ്പന്തയം തുടരുന്നതിന്ന് ഒരു മറയായി വർത്തിക്കാൻ പാടില്ല.

ഹെൽസിങ്കി അന്തിമരേഖയുടെ വ്യവസ്ഥകളും പ്രമാണങ്ങളും സുസ്ഥിരം നടപ്പാക്കമെന്നാണ് യൂറോപ്യൻജനതകളുടെ താൽപര്യങ്ങൾ ആവശ്യപ്പെടുന്നു. രാഷ്ട്രീയമോ വാണിജ്യപരമോ, സാമ്പത്തികമോ, സാംസ്കാരികമോ, മനുഷ്യസ്നേഹപരമോ ആയ ഏതു മണ്ഡലത്തിലായാലും യൂറോപ്യൻ സഹകരണ പ്രക്രിയയ്ക്ക് കോട്ടംതട്ടിക്കാനുള്ള ഏതൊരുദ്യമത്തേയും ദൃഢനിശ്ചയത്തോടെ തിരിച്ചടിക്കേണ്ടതാണ്. മാഡ്രിഡ് യോഗത്തിന്റെ വിജയകരമായ സമാപനം, വിശേഷിച്ചും യൂറോപ്പിലെ വിശ്വാസസംവർദ്ധകനടപടികളും നിരായുധീകരണവും സംബന്ധിച്ച ഒരു സമ്മേളനം വിളിച്ചുകൂട്ടാനുള്ള ഒരു തീരുമാനമെടുക്കുന്നത് ഹെൽസിങ്കി സ്പിരിററ് ഉറപ്പിക്കുന്നതിന്ന് പ്രധാനപ്പെട്ട ഒരു സംഭാവനയായിരിക്കും. സോവിയററ് യൂണിയൻ, മുമ്പെന്നപോലെ, മാഡ്രിഡ് യോഗത്തിൽ വിധായകമായ ഫലങ്ങളുളവാക്കാൻ പരമാവധി യത്നിച്ചുകൊണ്ടിരിക്കുന്നതാണ്.

# നൂക്ലിയർരഹിത യൂറോപ്പിന്ന്വേണ്ടി

പ്രാവ്ദാ മുഖപ്രസംഗം

കഴിഞ്ഞ 37 സംവൽസരങ്ങളായി യൂറോപ്പ് സമാധാനപരമായ അന്തരീക്ഷത്തിൽ ജീവിച്ചുപോരുന്നു. എന്നാൽ, അടുത്തകാലത്തായി യുദ്ധത്തിൻെറ വിപത്ത് വീണ്ടും തലപൊക്കിയിരിക്കുന്നു. പശ്ചിമയൂറോപ്യൻ രാജ്യങ്ങളെ പുതിയ അമേരിക്കൻ മിസൈലുകാംക്ക് ഒരു വിക്ഷേപണത്താവളമാക്കി മാററുവാൻ അമേരിക്കയിലേയും നാറേറാവിലേയും ആക്രമണവൃത്തങ്ങരം ആഗ്രഹിക്കുന്നു. ''ക്ലിപ്ത''മായ ഒരു നൂക്ലിയർ യുദ്ധമൊരുക്കുവാൻവേണ്ട നികൃഷ്ട പദ്ധതികാം പെൻറഗൺ തയ്യാറാക്കിയിരിക്കുന്നു. നൂറുകണക്കിൽ അമേരിക്കൻ പെർഷിങ്ങ്-2 മിസൈലുകളും ക്രൂയിസ് മിസൈലുകളും നാറേറാ രാജ്യങ്ങളിൽ വിന്യസിക്കപ്പെടുന്നപക്ഷം, അത് യൂറോപ്പിൽ അഭിമുഖമായി നിൽക്കുന്ന രണ്ട് സൈനികച്ചേരികളുടെ ഏകദേശശാക്തിക സമാനതയെ തകിടംമറിക്കുകയും ആ ഭൂഖണ്ഡ്ഡത്തിൽ സ്ഥിതിയെ അതീവ വഷളാക്കിത്തീർക്കുകയും ചെയ്യും. അത്തരം വികാസം തടയപ്പെടണമെന്ന് ജനതകളുടെ വിവേകവും മനഃനസാക്ഷിയും ആവശ്യപ്പെടുന്നു.

ഒരു തെർമ്മോനൂക്ലിയർ സംഘട്ടനം തടയുക, യൂറോപ്പിൽ സൈനികാഭിമുഖീകരണത്തിൻെറ നിലവാരം താഴ്ത്തുക, പൂർവ്വാധികം മാരകങ്ങളായ കൂട്ടസംഹാരായുധങ്ങരം ആ ഭൂഖണ്ഡ്ഡത്തിൽ സംഭരിച്ചുകൂട്ടുന്നത് അവസാനിപ്പിക്കുക—ഈ പ്രശ്നം ഇന്നു മുമ്പെന്നത്തേക്കാളേറെ രൂക്ഷമായിത്തീർന്നിരിക്കുന്നു. ജീ

വൽപ്രാധാന്യമുള്ള ഈ കടമ നിറവേററുവാൻ സോവിയററു യൂണിയന്നും മററു സോഷ്യലിസ്റ്റു രാജ്യങ്ങളും കൊണ്ടുപിടിച്ചുള്ള സജീവ ശ്രമങ്ങൾ നടത്തുന്നു.

ഒരു നൂക്ലിയർ മിസൈൽ യുദ്ധത്തിന്റെ ഭീഷണി തട്ടിമാററുവാൻ വേണ്ടതെല്ലാം ചെയ്ക, ആയുധപ്പന്തയം കടിഞ്ഞാണിട്ടു നിർത്തുക, സാർവ്വദേശീയ സുരക്ഷിതത്വം ഊട്ടിയുറപ്പിക്കുക എന്നിവയാണ് 1980-കളിലേക്ക് 26-ാം സി. പി. എസ്. യു. കോൺഗ്രസ്സ് മുൻവെച്ച സോവിയററു സമാധാനപരിപാടിയുടെ ലക്ഷ്യങ്ങൾ. ഈ പരിപാടി പ്രാവർത്തികമാക്കുന്നതിന്ന് വേണ്ടിയുള്ള കഠിന സമരത്തിന്നിടയിൽ ഞങ്ങളുടെ പാർട്ടിയുടെ സെൻട്രൽ കമ്മിററിയും സോവിയററു ഗവർമ്മെണ്ടും പുതുപുതു രചനാത്മക നിർദ്ദേശങ്ങൾ മുൻവെക്കുന്നു. യൂറോപ്പിൽ നൂക്ലിയറായുധങ്ങൾ വെട്ടിക്കുറയ്ക്കുക എന്ന പ്രശ്നം സംബന്ധിച്ച നിർദ്ദേശങ്ങളും അവയിലുണ്ട്.

"രാജ്യങ്ങൾ തമ്മിലോ രാജ്യവിഭാഗങ്ങൾ തമ്മിലോ ഉള്ള വൈരുദ്ധ്യങ്ങളോ, സാമൂഹ്യ വ്യവസ്ഥകളിലോ ജീവിതരീതികളിലോ പ്രത്യയശാസ്ത്രങ്ങളിലോ ഉള്ള അന്തരങ്ങളോ താൽക്കാലിക താൽപര്യങ്ങളോ എല്ലാ ജനതകൾക്കും പൊതുവായുള്ള മൗലികാവശ്യത്തെ—സമാധാനത്തെ കാത്തുരക്ഷിക്കുകയും നൂക്ലിയർ യുദ്ധത്തെ തട്ടിമാററുകയും ചെയ്ക എന്ന ആവശ്യത്തെ—നിഷ്പ്രഭമാക്കികൂട" എന്ന് സഖാവ് ബ്രെഷ്നേവ് അടിവരയിട്ടുകാട്ടി.

സോവിയററു നിർദ്ദേശങ്ങൾ അവയുടെ യഥാർത്ഥ യുക്തതയും രചനാത്മകത്വവും അയവ് സ്വഭാവവുംകൊണ്ടു ശ്രദ്ധേയങ്ങളാണ്. മീഡിയം റേഞ്ചിനത്തിൽ പെട്ടവയായാലും ടാക്ടിക്കൽ ഇനത്തിൽപെട്ടവയായാലും നൂക്ലിയറായുധങ്ങളിൽനിന്ന് യൂറോപ്പിനെ പരിപൂർണ്ണമായും വിമോചിപ്പിക്കുന്നതുസംബന്ധിച്ച് കരാറിലെത്തുവാൻ സോവിയററു യൂണിയൻ

സന്നദ്ധമാണ്. ഒരു യഥാർത്ഥ "സീറോ ഓപ്ഷ്യൻ" ആകുമിത്. ഇതുപ്രകാരം മുഴുവൻ ഭൂഖണ്ഡവും ഒരു നൂക്ലിയർ രഹിത മേഖലയായി മാറും. ഇത്തരമൊരു പോംവഴി പാശ്ചാത്യകോയ്മകൾക്ക് പിടിക്കുന്നില്ലെങ്കിൽ, ഭൂഖണ്ഡത്തിലെ ലക്ഷ്യങ്ങൾക്ക് കൊള്ളുമാറുള്ള എല്ലാ മീഡിയം റേഞ്ച് നൂക്ലിയറായുധങ്ങളും ഇരുപക്ഷങ്ങളും പൂർണ്ണമായി വർജ്ജിക്കുന്നത് സംബന്ധിച്ചു വ്യവസ്ഥകളിലെത്തുവാൻ ഞങ്ങളുടെ രാജ്യം തയ്യാറാണ്.

മീഡിയം റേഞ്ച് നൂക്ലിയർ വിധാനങ്ങൾ ക്രമേണയെങ്കിലും ഗണ്യമായ തോതിൽ—നൂറുകണക്കിൽ യൂണിററുകൾ കണ്ട്—വെട്ടിക്കുറയ്ക്കുക എന്നതിന്നും സോവിയററു യൂണിയൻ സന്നദ്ധമാണ്. പാരസ്പര്യത്തിൻെറ അടിസ്ഥാനത്തിൽ അന്യോന്യം സ്വീകാര്യമായ തോതുകൾ കണ്ടുപിടിക്കണമെന്ന് ഞങ്ങളുടെ രാജ്യം നിർദ്ദേശിക്കുന്നു.

യൂറോപ്പിൽ സ്ഥാപിക്കപ്പെടുന്ന നൂക്ലിയറായുധങ്ങളെപ്പററി ജനീവയിൽ നടക്കുന്ന സോവിയററു അമേരിക്കൻ സംഭാഷണത്തിൽ ന്യായയുക്തമായ യോജിപ്പിലെത്തുവാൻ സോവിയററു യൂണിയൻ സർവ്വവിധേനയും സഹായിക്കുന്നു. തങ്ങളുടെ രാജ്യത്തിൻെറ യൂറോപ്യൻഭാഗത്ത് മീഡിയം റേഞ്ച് നൂക്ലിയർവിധാനങ്ങൾ തുടർന്നു വിന്യസിക്കുന്നത് ഏകപക്ഷീയമായി നിർത്തിവെക്കുന്നതായി അറിയിക്കുവാൻ സോവിയററ് നേതൃത്വം തീരുമാനിച്ചു. അവിടെ വിന്യസിക്കപ്പെട്ടുകഴിഞ്ഞ അത്തരം വിധാനങ്ങൾ എണ്ണത്തിലും വണ്ണത്തിലും മരവിപ്പിക്കപ്പെടുന്നു. മിസൈൽ വിന്യാസങ്ങൾക്ക് വിക്ഷേപണത്താവളങ്ങൾ നിർമ്മിക്കുകയടക്കം അവ സംബന്ധിച്ച സജ്ജീകരണനടപടികൾ അവസാനിപ്പിക്കുന്നതിന്നും പ്രസ്തുത മൊറട്ടോറിയം വ്യവസ്ഥ ചെയ്യുന്നു.

സോവിയററു യൂണിയൻ സ്വമേധയാ അതിൻെറ മീഡിയം റേഞ്ച് മിസൈലുകളുടെ സംഖ്യയിൽ ഗണ്യ

മായ വെട്ടിക്കുറയ്ക്കൽ വരുത്തുന്നു; പശ്ചിമയൂറോപ്പിലെ ലക്ഷ്യങ്ങളിൽ കൊള്ളിക്കത്തക്കവിധമുള്ള പ്രദേശങ്ങളിൽ അത്തരം മിസൈലുകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നുമില്ല.

നുക്ലിയറായുധപ്രയോഗത്തിൽ മുൻകയ്യെടുക്കാതിരിക്കുവാനുള്ള സോവിയററു യൂണിയൻെറ തീരുമാനം സംഭാഷണത്തിൻെറ വിജയത്തിന്നു സാധകമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്ന വിജയത്തിൽ വമ്പിച്ച പ്രാധാന്യമുള്ളതാണ്. തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്ക എന്ന പ്രശ്നത്തിൽ സോവിയററു യൂണിയൻ എടുത്ത രചനാത്മകമായ നിലപാട്, യൂറോപ്പിൻെറ വടക്കും ബാൾക്കാൻ പ്രദേശത്തും മററു ഭാഗങ്ങളിലും നൂക്ലിയർ രഹിതമേഖലകൾ സൃഷ്ടിക്കുക എന്ന ആശയത്തിന്ന് സോവിയററ് യൂണിയൻ നൽകുന്ന പിന്തുണ, വിശ്വാസസംവർദ്ധകനടപടികൾ സംബന്ധിച്ച സോവിയററു നിർദ്ദേശങ്ങൾ എന്നിവയും തെർമ്മോ നുക്ലിയർ യുദ്ധത്തെ തട്ടിമാററുക എന്ന പ്രശ്നത്തിൽ സോവിയററു യൂണിയൻ അവലംബിക്കുന്ന കാര്യമാത്രവും ആത്മാർത്ഥവുമായ സമീപനത്തിന്ന് സാക്ഷ്യം വഹിക്കുന്നു.

ഈ സോവിയററു സമാധാനനീക്കങ്ങളെ അമേരിക്കൻ പക്ഷം എങ്ങിനെയാണ് സ്വീകരിക്കുന്നത്? പല മാസങ്ങളായി അമേരിക്കൻ ഡിപ്ലോമററുകൾ യൂറോപ്പിലെ നുക്ലിയറായുധങ്ങളുടെ പ്രശ്നം സംബന്ധിച്ച രചനാത്മകമായ ചർച്ചയിൽനിന്ന് സൂത്രത്തിൽ ഒഴിഞ്ഞുമാറുകയാണ്; നാറോ രാജ്യങ്ങളിൽ പെർഷിങ്ങ്-2 മിസൈലുകളും ക്രൂയിസ് മിസൈലുകളും വിന്യസിക്കുന്നതിന്ന് കളമൊരുക്കുവാൻ വേണ്ടിയാണ് അവരുടെ ഈ അമാന്തം. സോവിയററ് യൂണിയൻ ഏകപക്ഷീയമായി നിരായുധീകരണം കൈക്കൊള്ളണമെന്ന അസംബന്ധ ഡിമാണ്ട് കൊണ്ടു അവർ ഈ അമാന്തത്തെ മൂടിവെക്കുന്നു. സോവിയ

ററു യൂണിയൻെറ മാത്രം മീഡിയം റേഞ്ച് ആയുധങ്ങൾ വെട്ടിക്കുറയ്ക്കുക എന്നതാണ് വാഷിങ്ട്ടൻെറ കൊട്ടിഘോഷിക്കപ്പെട്ട "സീറോ ഓപ്ഷ്യ"ൻെറ സാരം. അങ്ങിനെയായാൽ, നാറേറാവിന്ന് മീഡിയം റേഞ്ച് നൂക്ലിയറായുധവാഹകങ്ങളുടെ സംഖ്യയിൽ 100 ശതമാനത്തിലധികവും നൂക്ലിയർ വാർഹെഡ്ഡുകളുടെ സംഖ്യയിൽ 3 : 1 എന്ന തോതിലും മെച്ചം ലഭിക്കും. ഉത്തര അത്ലാന്തിക് സഖ്യത്തിന്ന് ലോഷ്യലിസ്റ്റുസ്റ്റേററുകളുടെ മേൽ സൈനികമേൻമ ഉറപ്പുവരുത്തുവാനുള്ള നഗ്നമായ ഒരു ശ്രമമാണ് ഇത്. ഈ അമേരിക്കൻ നിലപാട് അങ്ങേയററം ദുർബ്ബലവും അന്വേയാഥാർത്ഥ്യവിരുദ്ധവുമാണെന്ന് പല വിദേശ വിദഗ്ദ്ധൻമാരും രാഷ്ട്രതന്ത്രജ്ഞൻമാരും പറയുന്നു.

തുല്യതയും തുല്യസുരക്ഷിതത്വവുമെന്ന മൗലികതത്വം കണിശമായി പാലിക്കപ്പെടുന്നതിൻെറ അടിസ്ഥാനത്തിൽ മാത്രമേ യൂറോപ്പിലെ നൂക്ലിയറായുധങ്ങളുടെ കാര്യത്തിലും തന്ത്രപ്രധാനായുധങ്ങളുടെ കാര്യത്തിലും ന്യായയുക്തമായ ഒരു കരാറിലെത്തുക സാദ്ധ്യമാകുകയുള്ളു. ഈ വിഷയം സംബന്ധിച്ചു ജനീവയിൽ നടക്കുന്ന സോവിയററു-അമേരിക്കൻ സംഭാഷണത്തിൽ തലപൊക്കുന്ന എല്ലാ പ്രശ്നങ്ങളുമുണ്ടെങ്കിലും അവിടെ പുരോഗതി ആർജ്ജിക്കുകയും പരസ്പരം സ്വീകാര്യമായ കരാറിലെത്തുകയും ചെയ്യേണ്ടതാവശ്യമാണെന്ന് സോവിയററ് യൂണിയൻ വിശ്വസിക്കുകതന്നെ ചെയ്യുന്നു; ഇതിന്നുവേണ്ടി എല്ലാം ചെയ്കയും ചെയ്യുന്നു.

സാർവ്വദേശീയ സുരക്ഷിതത്വമെന്ന നിർണ്ണായക പ്രശ്നത്തിൽ സോവിയററു യൂണിയൻ അനുവർത്തിക്കുന്ന അചഞ്ചലമായ സമാധാനനയത്തിന്ന് സോവിയററുജനങ്ങൾ ആവേശപൂർവ്വം പിന്തുണ നൽകുന്നു. ഭൂമുഖത്തെ പുരോഗമനശക്തികളിൽനിന്ന്, വിശേഷിച്ചു യുദ്ധവിരുദ്ധവും മിസൈൽ വിരുദ്ധവുമായ ബഹുജനപ്രസ്താനത്തിൽ പങ്കെടുക്കുന്ന ശ

ക്തികളിൽനിന്ന്, ഉത്തരോത്തരം വ്യാപകമായ സ്വീകരണം ഈ നയത്തിന്ന് സിദ്ധിച്ചുകൊണ്ടിരിക്കുന്നു.

യൂറോപ്പിലെ നൂക്ലിയറായുധസംഭരണത്തിന്റെ മാർഗ്ഗത്തിൽ ദുസ്തരമായ ഒരു ഭിത്തി ഉയർത്തണമെന്നും യൂറോപ്പിനെ ശാശ്വതമായ സുരക്ഷിതത്വത്തിന്റേയും സമാധാനപരമായ സഹകരണത്തിന്റേയും ഒരു ഭൂഖണ്ഡമാക്കി മാററണമെന്നുമുള്ളത് കാലത്തിന്റെ ആജ്ഞയും സൻമനസ്കരായ സമസ്ത ജനങ്ങളുടേയും ദൃഢസ്വരത്തിലുള്ള ആവശ്യവുമാണ്.

3781

PC Library & Research Center

# സമാധാന
# പോരാട്ടത്തിൽ
# സോവിയററ്
# യൂണിയൻ

947.083

Indic Digital Archive Foundation
gpura.org